കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മട്ടന്നൂർ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ/സി.16/1789/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർജില്ല,

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി. 22.01.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർ പേർസൺ(സെക്രട്ടറി മുഖാന്തിരം)

മട്ടന്നൂർ നഗരസഭ.

സർ,

വിഷയം: മട്ടന്നൂർ നഗരസഭ **2018-19-**സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മട്ടന്നൂർ നഗരസഭയുടെ **2018-19** സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 1-14,1-18,1-21,1-32,1-33,1-42,1-43,1-52 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(എയിംസിൽ)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4.റീജിനൽജോയിന്റ്ഡയറക്ടർ,നഗരകാര്യം,കോഴിക്കോട്
5.കാര്യാലയ പ്രതി

നം.കെ.എസ്.എ./കെ.എൻ.ആർ/സി.16/1789/2019 തീയ്യതി: 22.01.2020

# കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

## ആമുഖം

(*1994* ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് *295(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയുടെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.നഗരസഭ 01-04-2018 മുതൽ 31.03.2019

തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 56 എണ്ണം നൽകിയതിൽ 43 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത വുമുണ്ടായിരിക്കുന്നതല്ല.

**എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബി.സന്തോഷ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 11-11-2019 മുതൽ 29-11-2019 വരെ |

**(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | തസ്തിക |
|---|---|
| ശ്രീ.സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷഹീൻ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.വനജ.എം | ഓഡിറ്റർ |

**(സി)നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.അനിത വേണു. | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.സുരേശൻ.എം | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |

**2.നിർവ്വഹണഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | **പേര്** | **കാലയളവ്** |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രാഗേഷ് .സി. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മുനിസിപ്പൽ എഞ്ചിനിയർ | ശ്രീ. മനോജ് കുമാർ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.രാമ അറുമുഖം | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ(ജി.എൽ.പിഎസ്,മട്ടന്നൂർ) | ശ്രീ. നാരായണൻ .ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ(ജി.യു.പിഎസ്,മട്ടന്നൂർ) | ശ്രീ.എ.പി.അംബുജാക്ഷൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രുതി.ഇ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.സുഷമ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രൊജക്ട് ഓഫീസർ(യു.പി.എ) | ശ്രീ.കെ.പി .രമേഷ് ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ഷെർന.സി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ജി.എ.ഡി) | ഡോ.വീണ | 01.04.2018 മുതൽ 24.07.2018 വരെ |
| | | |

| | | |
|---|---|---|
| | ഡോ.വിദ്യോത് കുമാർ.പി.വി | 25.07.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി – ചുമതലകൾ നിറവേറ്റുന്നിൽ വീഴ്ച | 1-12 |
| 13 | രസീത് പുസ്തകങ്ങളുടെ ഉപയോഗം - അപാകങ്ങൾ | 1-13 |
| 14 | തനത് വരുമാനം- ഒന്നരക്കോടിയോളം രൂപ കുടിശ്ശിക | 1-14 |
| 15 | കെട്ടിട നിർമ്മാണ അനുമതി - രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നില്ല | 1-15 |
| 16 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നില്ല. | 1-16 |
| 17 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ മുറികളുടെ വാടക, ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീസ് – മുഴുവൻ തുകയും പിരിച്ചെടുക്കുന്നില്ല. | 1-17 |
| 18 | നഗരസഭ കോംപ്ലക്സിൽ വാടക നിശ്ചയിച്ചുകൊടുക്കാതെ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-18 |
| 19 | ഉരുവച്ചാൽ വനിത ഹോസ്റ്റൽ - നഗരസഭ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതും | 1-19 |

| | | |
|---|---|---|
| | ബൈലായ്ക്ക് അംഗീകാരം ലഭ്യമാക്കേണ്ടതുമാണ് | |
| 20 | നഗരസഭ ആംബുലൻസ് നടത്തിപ്പിലെ അപാകങ്ങൾ | 1-20 |
| 21 | പട്ടികജാതി വിഭാഗത്തിന് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ - അപാകങ്ങൾ - 2865344 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 22 | പഴശ്ശി ഇടവേലി റോഡ് പൈപ്പ്ലൈൻ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല- 2300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | വയോമിത്രം പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല | 1-23 |
| 24 | മട്ടന്നൂർ നഗരസഭ ലൈബ്രറിക്കും നഗരസഭയിലെ അംഗീകൃത വായനശാലകൾക്കും പുസ്തകങ്ങൾ ലഭ്യമാക്കൽ പദ്ധതി-അപാകങ്ങൾ-200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | നഗരസഭ ഓഫീസിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-അപാകങ്ങൾ | 1-25 |
| 26 | പി എം എ വൈ ലൈഫ് പദ്ധതി - പ്ലാൻ ഫണ്ട് വിഹിതത്തിന് മാത്രം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നു | 1-26 |
| 27 | സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചറും അനുബന്ധ സാമഗ്രികളും ലഭ്യമാക്കൽ-നടപടിക്രമത്തിൽ വീഴ്ച | 1-27 |
| 28 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. | 1-28 |
| 29 | പ്രത്യേക കന്നുകുട്ടിപരിപാലനം-കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 30 | വനിതാകാറ്ററിംഗ് യൂണിറ്റ് -സബ്സിഡി തുക നിഷ്ക്രിയമായി ബാങ്കിൽ - ₹2,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | ഭദ്രതാഭവനപദ്ധതി-പൂർത്തീകരിക്കാത്ത വീടുകൾ | 1-31 |
| 32 | ഭദ്രതാ ഭവനപദ്ധതി സബ്സിഡി തുക അധികം നൽകിയത് :₹ 20,000 തടസ്സപ്പെടുത്തുന്നു | 1-32 |
| 33 | ലൈഫ് - വീട്ടണി | 1-33 |

| | | |
|---|---|---|
| | പൂർത്തീകരിക്കാത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിന് ധനസഹായം;ചെലവ് രേഖകൾ ലഭ്യമാക്കിയില്ല, ₹ 8,61,139യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| 34 | ഫുഡ് പ്രൊഡക്ഷൻ കോഴ്സ്- കാറ്ററിംഗ് യൂണിറ്റ് രൂപീകരിച്ചില്ല-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-34 |
| 35 | വനിതാറിസോഴ്സ് സെന്റർ കോ-ഓർഡിനേറ്റർക്ക് വികസനഫണ്ടിൽ നിന്നും ഹോണറേറിയം-മാർഗ്ഗരേഖാവിരുദ്ധം - ₹ 1,20,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-35 |
| 36 | വയോജനപരിപാലനം - മാർഗ്ഗരേഖാനുസൃതപദ്ധതികൾ തയ്യാറാക്കേണ്ടതാണ്. | 1-36 |
| 37 | സബ്സിഡി വിതരണം -യഥാർത്ഥ അക്കൗണ്ടുകളിൽ കൃത്യമായി പണമെത്തുന്നെന്നുറപ്പുവരുത്തേണ്ടതാണ്. | 1-37 |
| 38 | ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല. | 1-38 |
| 39 | സി.എച്ച്.സി മട്ടന്നൂർ മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല. | 1-39 |
| 40 | വായനശാലകൾക്കും സ്കൂളുകൾക്കും ദിനപ്പത്രം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 26280രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-40 |
| 41 | നഗരസഭയിലെ മാലിന്യസംസ്കരണം | 1-41 |
| 42 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകി - തുക തിരിച്ച് പിടിക്കേണ്ടതാണ്. | 1-42 |
| 43 | ഇ.എം.എസ്.ഭവന പദ്ധതി - വായ്പാ തുക ഒടുക്കാൻ കാലതാമസം വന്നതിൽ സർക്കാറിന് ലക്ഷങ്ങളുടെ അധികബാദ്ധ്യത | 1-43 |
| 44 | തനത് വരുമാനത്തിൽ വരുന്ന തുകകൾ വ്യത്യസ്ത അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-44 |
| 45 | സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കിയില്ല | 1-45 |
| 46 | പൊതു മരാമത്ത് പ്രവൃത്തികൾ - | 1-46 |

| | | |
|---|---|---|
| | അവലോകനം | |
| 47 | ശമ്പള പരിഷ്കരണ കുടിശ്ശിക അപാകങ്ങൾ | 1-47 |
| 48 | യാത്രബത്ത പ്രതിമാസ പരിധി പാലിച്ചിട്ടില്ല. 10535 രൂപ അധികം നല്കി. | 1-48 |
| 49 | പെൻഷൻ- കമ്മ്യൂട്ടേഷൻ കുടിശ്ശിക തുക നല്കുമ്പോൾ കമ്മ്യൂട്ടേഷൻ വാല്യൂ ക്രമികരിച്ചിട്ടില്ല. | 1-49 |
| 50 | എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-50 |
| 51 | അപ്രന്റിസ് ട്രെയിനി തിരികെ ലഭിക്കാനുള്ള തുക സംബന്ധിച്ച് | 1-51 |
| 52 | വാഹനാപകടം നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല. നഗരസഭക്ക് 69419 രൂപ അധിക ചെലവ് | 1-52 |
| 53 | വെള്ളക്കരം സമയബന്ധിതമായി ഒടുക്കിയില്ല. 2497 രൂപ അധികം നല്കി | 1-53 |
| 54 | ഉരുവച്ചാൽ വനിതാ ഹോസ്റ്റൽ ഫർണിച്ചർ വാങ്ങൽ സർക്കാർ നിശ്ചയിച്ച നിരക്കിലും 14896 രൂപ അധികം നല്കി | 1-54 |
| 55 | സ്വകാര്യ വ്യക്തിയുടെ സ്ഥലത്തെ മരംമുറിച്ച് മാറ്റിയത് തുക ഈടാക്കിയിട്ടില്ല. | 1-55 |
| 56 | സ്ട്രീറ്റ് ലൈറ്റ് എ.എം.സി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-56 |
| 57 | വാഹന പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-57 |
| 58 | ടെണ്ടർ നടപടികൾ കൂടാതെ പ്രിന്റിംഗ് തുക നല്കിയത് | 1-58 |
| 59 | കമ്പ്യൂട്ടർ / യു.പി.എസ്. വാർഷിക പരിപാലനം തുക മുൻകൂർ നല്കി | 1-59 |
| 60 | ഉറവിട മാലിന്യ സംസ്കരണം പൊതുനന്മ ഫണ്ട് വകയിരുത്തി തനത് ഫണ്ട് വിനിയോഗിച്ചു | 1-60 |
| 61 | കുടിവെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല | 1-61 |
| 62 | ഉരുവച്ചാൽ ഡയാലിസിസ് സെന്റർ പ്രവർത്തനം | 1-62 |
| 63 | പത്രപരസ്യം ഡിസ്കൗണ്ട് ലഭിക്കാത്തത് സംബന്ധിച്ച് | 1-63 |
| 64 | കണ്ടിജന്റ് ജീവനക്കാരുടെ ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കേണ്ടതാണ് | 1-64 |

| | | |
|---|---|---|
| 65 | പെൻഷൻ ഫണ്ട് - അവലോകനം | 1-65 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 66 | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 67 | ഇല്ല | |
| | **ഭാഗം 4** | |
| | **ഉള്ളടക്കംപൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 68 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 69 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 70 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 71 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 72 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 73 | സ്ഥിര നിക്ഷേപം | 4-6 |
| 74 | ഓഡിറ്റ് റിക്കവറി | 4-7 |
| 75 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 76 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 77 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 78 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 79 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 80 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്,, | അനുബന്ധം-2-1 |
| 81 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 82 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.03.2018തീയതിയിൽ കൂടിയ നഗരസഭ കൗൺസിൽ ബജറ്റ് അംഗീകരിച്ചു. വിശദ വിവരം ചുവടെ കൊടുക്കുന്നു.പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് തീരുമാനം മിനിട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| മുന്നിരിപ്പ് | 13,66,17,692 |
| വരവ് | 60,05,48,900 |
| ആകെ | 73,71,66,592 |
| ചെലവ് | 59,60,18,772 |
| നീക്കിയിരിപ്പ് | 14,11,47,820 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.07.2019 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,06,18,437.51 |
| വരവ് | 28,09,54,416.00 |
| ആകെ | 32,15,72,853.51 |
| ചെലവ് | 24,96,48,639.00 |
| നീക്കിയിരിപ്പ് | 7,19,24,214.51 |

## 1-4 ഫണ്ട് വിനിയോഗം

| **ഫണ്ട് ഇനം** | **മുന്നിരിപ്പ്** | **വരവ്** | **ആകെ** | **ചെലവ്** ** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | 0 | 53292223 | 53292223 | 40278938 | 13013285 |
| വികസന ഫണ്ട്-എസ്.സി.പി * | 0 | 4008000 | 4008000 | 4006680 | 1320 |
| വികസന ഫണ്ട്-ടി.എസ്.പി * | 0 | 527000 | 527000 | 150000 | 377000 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് * | 0 | 11598000 | 11598000 | 11151214 | 446786 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 11344000 | 11344000 | 4993445 | 6350555 |

| | | | | | |
|---|---|---|---|---|---|
| * | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് * | 0 | 68458109 | 68458109 | 42172052 | 26286057 |
| സാക്ഷരത | 11334 | 402 | 11736 | 0 | 11736 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | |
| ഐ.ഡി.എസ്.എം.ടി | 215774 | 2363 | 218137 | 218137 | 0 |
| എൻ.യു.എൽ.എം | 531547 | 1356268.84 | 1887815.84 | 1552269.84 | 335546 |
| ഐ.എച്ച.എസ്.ഡി.പി 1 | 569126 | 20182 | 589308 | 0 | 589308 |
| ഐ.എച്ച.എസ്.ഡി.പി 2 | 1078947 | 121201 | 1200148 | 30000 | 1170148 |
| പി.എം.എ.വൈ | 7776709 | 71762744 | 79539453 | 54872574 | 24666879 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 3366655 | 4076295 | 7442950 | 3947364 | 3495586 |
| ശുചിത്വ മിഷൻ | 597669 | 4896167 | 5493836 | 4863497 | 630339 |

* ACR (പ്രകാരം)

തനത് ഫണ്ട് അക്കൌണ്ടിൽ മറ്റ് തുകകൾ നിക്ഷേപിക്കുന്നതിനാലും തനത് ഫണ്ടുകൾ മറ്റ് അക്കൌണ്ടുകളിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ തനത് ഫണ്ടിന്റെ കൃത്യമായ കണക്കുകൾ ലഭ്യമല്ല.ആയതിനാൽ തനത് ഫണ്ടിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ബിഫണ്ട് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.രസീപ്റ്റ് ആന്റ് പോയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തേണ്ട ബിഫണ്ട് തുകകൾ അക്കൗണ്ടിൽ ഉൾപ്പെടാത്തതിനാൽ ഇതിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2018-19 വർഷം 1,77,70,889/-രൂപ ലഭിച്ചിട്ടുണ്ട്.ഫണ്ട് വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ,അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല .

**എ)** നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 18 | 14 | 19057553 | 16880653 | 88.58 |
| കൃഷി ഓഫീസർ | 08 | 07 | 5163970 | 3723028 | 72.10 |
| വെറ്റിനറി സർജൻ | 05 | 05 | 3252250 | 1778765 | 54.69 |
| മുനിസിപ്പൽ എഞ്ചിനിയർ | 146 | 74 | 161319741 | 62687759 | 38.86 |
| ഐ.സി.ഡി.എസ് | 10 | 07 | 14034450 | 12221377 | 87.08 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 02 | 02 | 1300000 | 1259725 | 96.90 |
| മെഡിക്കൽ ഓഫീസർ, (ജി.എ.ഡി) | 02 | 02 | 950000 | 950000 | 100 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 01 | 01 | 250000 | 250000 | 100 |
| പ്രൊജക്ട് ഓഫീസർ | 16 | 09 | 14655405 | 4441957 | 30.31 |
| ഹെഡ് മാസ്റ്റർ(ജി.എൽ.പി.എസ്) | 03 | 03 | 639000 | 477779 | 74.77 |
| ഹെഡ് മാസ്റ്റർ(ജി.യു.പി.എസ്) | 06 | 05 | 4376059 | 3728534 | 85.20 |
| ആകെ | 217 | 129 | 224998428 | 108399577 | 48.18 |

**ബി**). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ജനറൽ | 57804846 | 40278938 | 69.68 |
| എസ്.സി.പി | 6870000 | 4006680 | 58.32 |
| ടി.എസ്.പി | 527000 | 150000 | 28.46 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 80243405 | 42172052 | 52.56 |
| ലോകബാങ്ക് ധനസഹായം | 192621 | 0 | 0 |
| സ്പെഷ്യൽ ഗ്രാന്റ് | 9500000 | 0 | 0 |
| കേന്ദ്രാവിഷ്കൃതം | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃതം | 0 | 0 | 0 |
| തനത് ഫണ്ട് | 12566417 | 3553997 | 28.28 |
| സംരക്ഷണഗ്രാന്റ് റോഡ് | 16013148 | 11151214 | 69.64 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 13697083 | 4993445 | 36.46 |
| മറ്റുള്ളവ | 27583908 | 2093251 | 7.59 |
| ആകെ | 224998428 | 108399577 | 48.18 |

നഗരസഭക്ക് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ ബാക്കിയായതിനാൽ പാഴായത് 4 കോടി 65 ലക്ഷം രൂപയാണ്. ഇതിൽ 3 കോടി 36 ലക്ഷം രൂപ മാർച്ച് അവസാന വാരം ട്രഷറിയിൽ ബില്ല് സമർപ്പിച്ച ക്യൂബില്ലിൽ ഉൾപ്പെട്ട തുകയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ക്യൂബില്ലിൽ ഉൾപ്പെട്ട തുക | ചെലവാകാത്ത തുക | ലാപ്സായ മൊത്തം തുക |
|---|---|---|---|
| വികസനഫണ്ട് | 5352741 | 7660514 | 13013255 |
| എസ്.സി.പി | 0 | 1320 | 1320 |
| ടി.എസ്.പി | 265988 | 111012 | 377000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 22022522 | 4263535 | 26286057 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5517181 | 833374 | 6350555 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 446786 | 0 | 446786 |
| **ആകെ** | **3,36,05,218** | **1,28,69,755** | **4,64,74,973** |

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായുണ്ട്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്.ആയതിനാൽ നിലവിലുണ്ടായ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ പാഴാക്കാതെ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 224998428 | 129 | 108399577 | 98 | 88 | 24.03 |

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ 2018-19 വർഷം നഗരസഭക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് കണക്കുകളിൽ നിന്നും വ്യക്തമാകുന്നു.ആകെ അംഗീകാരം ലഭിച്ച 217 പ്രൊജക്ടുകളിൽ 129 എണ്ണമാണ് 2018-19 വർഷം നടപ്പിലാക്കിയത്.

മുനിസിപ്പൽ എഞ്ചിനിയർ ഏറ്റെടുത്ത 71 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 34 എണ്ണത്തിന് തുക ഒന്നും തന്നെ ചെലവഴിക്കാനായില്ല. പ്രോജക്ട് ഓഫീസർ (യു.പി.എ) തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകൾക്ക് പരിമിതമായ തുകമാത്രമേ ചെലവഴിക്കാനായുള്ളൂ.വ്യക്തിഗതാനുകൂല്യം നൽകുവാൻ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാതെ വന്നത്

നിർവ്വഹണത്തിലെ പോരായ്മയാണ്.പൊതുവെ പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

1994-ലെ മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 42എ(5) പ്രകാരം വാർഡ് സഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ പത്ത് ശതമാനം ആയിരിക്കുന്നതാണ്. മട്ടന്നൂർ നഗരസഭയിൽ ആകെ 35 വാർഡുകളാണുള്ളത്. 2018-19വർഷം 4തവണ വാർഡുസഭകൾ ചേർന്നിട്ടുണ്ട്. ഏതാനും വാർഡു സഭകളുടെ യോഗ മിനിട്ട്സ് പരിശോധിച്ചപ്പോൾ ചില വാർഡുകളിൽ നിയമാനുസൃത ക്വാറം ഇല്ലാതെ യോഗം കൂടിയതായും തീരുമാനങ്ങൾ എടുത്തതായും കാണുന്നു.(ഉദാ:വാർഡ് നം.15-19.04.2018, വാർഡ് നം.16-19.05.2018, വാർഡ് നം.9-18.05.2018, വാർഡ് നം.27-25.05.2018,26.01.2019, വാർഡ് നം.26-21.05.2018 -കാണുക) വാർഡു സഭകൾ നിയമപരമായി ചേരുന്ന കാര്യത്തിൽ വന്ന വീഴ്ച ഗൗരവമായികണ്ട് പരിഹാരനടപടികൾ കൈക്കൊള്ളേണ്ടതായുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെയും ആസൂത്രണ സമിതിയുടെയും പ്രവർത്തനം കാര്യക്ഷമമല്ല എന്ന് യോഗ മിനിട്ടുകളിൽ നിന്നും വ്യക്തമാകുന്നു. കുറ്റമറ്റരീതിയിലുള്ള പദ്ധതി മോണിറ്ററിംഗ് സംവിധാനം നഗരസഭയിൽ ഇല്ലെന്ന് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ കാണാനായി. പരിഹാര നടപടികൾക്കായി ഈ വിഷയങ്ങൾ നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | - | - | 422220 | 3485539 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 3366655 | 4076295 | 7442950 | 3535191 | |

റിമാർക്സ്– ഭരണ ചെലവുകൾ, കൂലി എന്നിവയ്ക്കായി പ്രത്യേകം അലോട്ട്മെന്റുകൾ ലഭിക്കുന്നില്ല. കൂലി ഇനത്തിൽ നല്കിയ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭ ലഭ്യമാക്കിയ വിവരമാണ് മേൽ കാണിച്ചിട്ടുള്ളത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 295920 | 147 |
| കർഷകതൊഴിലാളി പെൻഷൻ | 14678800 | 1236 |
| വിധവാപെൻഷൻ | 24177800 | 2071 |
| വാർദ്ധക്യകാലപെൻഷൻ | 26428800 | 2433 |
| വികലാംഗപെൻഷൻ | 5101500 | 435 |
| 50 വയസ് തികഞ്ഞ | 2570400 | 217 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 83649/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. 2018-19 കാലയളവിൽ ഒരു തവണപോലും സ്റ്റാഫ് മീറ്റിംഗ് ചേർന്നതായി യോഗമിനിട്സിൽ കാണുന്നില്ല. ഉദ്യോഗസ്ഥരുടെ ജോലി പുരോഗതി, നഗരസഭയുടെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ കാര്യമായി വിലയിരുത്തപ്പെടുന്നില്ല. ജീവനക്കാരുടെ ജോലി വിഭജനം സംബന്ധിച്ച് സമഗ്രമായ ഓഫീസ് ഉത്തരവ് തയ്യാറാക്കിയിട്ടില്ല. ഉദ്യോഗസ്ഥർക്ക് ചുമതലകൾ ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ജീവനക്കാരുടെ കാഷ്വൽ ലീവ് രജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല. വിവിധ റജിസ്റ്ററുകളുടെയും അക്കൌണ്ടുകളുടെയും സൂക്ഷിപ്പ് കുറേക്കൂടി കാര്യക്ഷമമാകേണ്ടതുണ്ട്. വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റിൽ വൻതുക ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റുകളായും മുൻകൂർ ഇനത്തിൽ വലിയ തുക ക്രമീകരിക്കുവാനുള്ളതായും കാണിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പ വിവരങ്ങൾ രേഖപ്പെടുത്തിയ ഒറ്റ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വ്യത്യസ്ത രജിസ്റ്ററുകൾ ഇതിനായി സൂക്ഷിച്ചുവരുന്നത് അഭികാമ്യമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/05/2015-28.05.2015 | 2012 -13മുതൽ 2014-15 വരെ | 25.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/07/2018 മുതൽ 24/07/2018 വരെ | 2015-16 മുതൽ | 11/09/2018 |

| | | | |
|---|---|---|---|
| | | 2017-18 വരെ | |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

(1) തൻ വർഷത്തേതിനും കുടിശികയ്ക്കുമുള്ള സർവീസ് സെസ്സ് വസ്തു നികുതിയുടെ കൂടെ അക്രൂവലായി

ഡിമാന്റ് ചെയ്തിരിക്കുന്നു.

(2) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള Rent from other civic aminities ന്റെ തൻവർഷത്തേതും, കുടിശ്ശികയുടെയും ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

(3) B-1 ഷെഡ്യൂൾ പ്രകാരമുള്ള ജനറൽ ഫണ്ടിന്റെ മുന്നിരിപ്പ് മുൻ വർഷത്തെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ട്രയൽ ബാലൻസ് പ്രകാരം തൻവർഷം ₹5610436 ഡെബിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

(4)തൊഴിൽ നികുതി രജിസ്റ്റർ, D&O രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല. വാർഷിക സംക്ഷിപ്തം എഴുതി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(5) Traders-ന്റെയും Employees-ന്റെയും തൊഴിൽ നികുതി വേർതിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല.

(6). വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

(7). B-18 ഷെഡ്യൂളിലെ തുകയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല. മുൻകൂർ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(8) മൂന്ന് മാസത്തിലധികമായി പണമാക്കാത്ത ചെക്കുകൾ liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

(9).യൂണിയൻ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് ബുക്കും പാസ്സ് ബുക്കും വാർഷിക അനുരഞ്ജനം നടത്തുമ്പോൾ ₹86363 ന്റെ വ്യത്യാസവും കോളാരി സർവീസ് ബേങ്കിന്റെ (ദുരിതാശ്വാസ നിധി) ബാങ്ക് ബുക്കും പാസ്സ് ബുക്കും വാർഷിക അനുരഞ്ജനം നടത്തുമ്പോൾ ₹100വ്യത്യാസവുമുണ്ട്. എന്നാൽ ഇവയുടെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

(10). മുൻസിപ്പൽ ഫണ്ടിൽ (തനത് ഫണ്ട് പി.ഡി.അക്കൗണ്ട്) ബാങ്ക് ബുക്ക് പ്രകാരം ₹3044735 നീക്കിയിരിപ്പുണ്ട്. എന്നാൽ പാസ്സ് ബുക്ക് ലഭ്യമാക്കിയിട്ടില്ല.

(11). B4 ഷെഡ്യൂളിലെ തുക സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കിയിട്ടില്ല. ഇതിലെ തുകയ്ക്ക് പ്രത്യേക എ.സി.ആർ സൂക്ഷിക്കുന്നില്ല.

(12). വാർഷിക ധനകാര്യപത്രികയിലെ ദുരിതാശ്വാസ നിധിയുടെ മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

(13). ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല.

(14).B-11ഷെഡ്യൂളിൽ നൽകിയിരിക്കുന്ന ആസ്തി വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ

ആസ്തി രജിസ്റ്റർ കാലികമാക്കിയത് ലഭ്യമാക്കിയിട്ടില്ല.

(15) ബേങ്ക് അക്കൗണ്ടുകളുടെ മാസാന്ത്യ അനുരഞ്ജനം നടത്തുന്നില്ല.

(16)കേഷ് ബുക്കിന്റെ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-12 ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി - ചുമതലകൾ നിറവേറ്റുന്നതിൽ വീഴ്ച

ഓഡിറ്റ് കാലയളവിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ സ്റ്റാന്റിംഗ് കമ്മിറ്റി അതിന്റെ ചട്ടപ്രകാരമുള്ള ചുമതലകൾ നിറവേറ്റിയിട്ടില്ല എന്നു കാണുന്നു. പ്രധാന അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. നഗരസഭയ്ക്ക് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നില്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

2. പ്രതിമാസ മീറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവുകൾ കൃത്യമായി അംഗീകരിക്കുകയോ ഫ്രണ്ട് ഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്യുന്നില്ല.

3. വിവിധ നികുതികളുടെയും ഫീസിനങ്ങളുടേയും പിരിവിനത്തിൽ ഒന്നരക്കോടിയോളം രൂപയുടെ കുടിശ്ശികയുണ്ടെങ്കിലും ആയത് പിരിച്ചെടുക്കുന്നതിനാവശ്യമായ ക്രിയാത്മകമായ പ്രവർത്തനങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുന്നില്ല.

4. നഗരസഭയ്ക്ക് കീഴിൽ വിവിധ സ്ഥാപനങ്ങളും സംരംഭങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയോ മുനിസിപ്പൽ ഫണ്ടിലേക്ക് ഇവയിൽ നിന്നുള്ള വരവ് പരിശോധിക്കുകയോ മോണിറ്ററിംഗ് ചെയ്യുകയോ ചെയ്യുന്നില്ല.

നഗരസഭയുടെ ധനപരമായ മുഴുവൻ പ്രവർത്തനങ്ങളും പരിശോധിക്കേണ്ടതിലേക്കും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതിലേക്കും മറ്റു ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 രസീത് പുസ്തകങ്ങളുടെ ഉപയോഗം - അപാകങ്ങൾ

2018-19 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് രശീത് പരിശോധന നടത്തിയതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ക്യാൻസൽ ചെയ്യുന്ന രശീതുകളിൽ കാരണം രേഖപ്പെടുത്തുന്നില്ല. നഗരസഭയിലെ ബിൽ കളക്ടർമാർ ഉപയോഗിക്കുന്ന രശീത് ബുക്കുകളിലെ രശീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തുകയോ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ ഇത് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബുക്ക് നമ്പർ 147, രശീത് നമ്പർ 14676,14696

2. ബുക്ക് നമ്പർ 149, രശീത് നമ്പർ 14820,14837, 14878

3. ബുക്ക് നമ്പർ 168, രശീത് നമ്പർ 16799

4. ബുക്ക് നമ്പർ 203, രശീത് നമ്പർ 20279

രശീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ മതിയായ കാരണം രേഖപ്പെടുത്തേണ്ടതും ആയത് മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി എന്നുറപ്പു വരുത്തേണ്ടതുമാണ്.

2. ലൈബ്രറിയിൽ പണം സ്വീകരിക്കുന്നതിനായി ഓഡിറ്റ് കാലയളവിൽ 920, 85 നമ്പർ രശീത് പുസ്തകങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ആകെ ₹5,171 വരവുണ്ടെങ്കിലും ഏതിനങ്ങളിലാണ്

തുക ഈടാക്കിയതെന്ന് രശീതുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇനവിവരം രേഖപ്പെടുത്താതെയാണ് ഗുണഭോക്താക്കൾക്ക് രശീത് നൽകിയിട്ടുള്ളത്. രജിസ്ററർ ബുക്കിൽ ഇനവിവരം രേഖപ്പെടുത്തു ന്നുണ്ട് എന്നാണ് ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 8/18-19, 13-11-19) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് നൽകുന്ന രശീതിൽ ഇനവിവരം രേഖപ്പെടുത്തുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 തനത് വരുമാനം- ഒന്നരക്കോടിയോളം രൂപ കുടിശ്ശിക

മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വലിയ തുക നികുതിയിനത്തിലും ഫീസിനത്തിലും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

a. 2018-19വർഷത്തെ വരവിനങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തുനികുതി | 44,02,652 |
| 2 | തൊഴിൽ നികുതി (വ്യാപാരികൾ) | 80,985 |
| 3 | ലൈസൻസ് ഫീ | 5,13,265 |
| 4 | വാടക (from civic amenities) | 14,03,421 |
| 5 | വാടക (from lease on lands) | 5,30,190 |
| 6 | മറ്റിനങ്ങൾ** | 8,63,816 |
| ആകെ | | 77,94,329 |

b. മുൻവർഷങ്ങളിലെ കുടിശ്ശിക

| ക്രമ നമ്പർ | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തുനികുതി | 63,640 |
| 2 | തൊഴിൽ നികുതി(വ്യാപാരികൾ) | 4,58,086 |
| 3 | ലൈസൻസ് ഫീ | 2,95,803 |
| 4 | വാടക(from lease on lands) | 13,43,769 |
| 5 | വാടക(from civic amenities) | 19,10,157 |
| 6 | മറ്റിനങ്ങൾ** | 26,37,900 |
| ആകെ | | 67,09,355 |

2018-19 വർഷാവസാനം ആകെ ₹ 2,31,369ലൈബ്രറി സെസ്സ് പിരിവിനത്തിൽ ഒടുക്കാൻ ബാക്കിയുണ്ട്.

മേല്പറഞ്ഞ വരവിനങ്ങളിലൊന്നും തന്നെ തൻവർഷ വരവുകളുടേയും കുടിശ്ശികകളുടെയും ഡിമാന്റ് - കളക്ഷൻ - ബാലൻസ് തയ്യാറാക്കി സൂക്ഷിച്ചിട്ടിട്ടില്ല. അതുകൊണ്ടുതന്നെ ധനകാര്യ പത്രികയിൽ ചേർത്ത ഡിമാന്റുകളുടേയും

വരവുകളുടേയും കുടിശ്ശികകളുടേയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2018 സെപ്തംബറിൽ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെയായി തൻവർഷ വരവിന്റെയും കുടിശ്ശികയുടെയും ഡിമാന്റ് - കളക്ഷൻ - ബാലൻസ് പത്രിക തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും (തൻവർഷം) സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സിന്റെ തൊഴിൽനികുതി രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 249, 250 പ്രകാരം സെക്രട്ടറി നോട്ടീസ് അയക്കുകയോ ആയതുപ്രകാരം മുനിസിപ്പൽ പ്രദേശത്ത് തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമഗ്ര ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. മറ്റു വരവിനങ്ങളായ ലൈസൻസ് ഫീസ്, വാടക, ലേലം, ഉരുവച്ചാൽ ഡയാലിസിസ് സെന്റർ, വാതക ശ്മശാനം, ഉരുവച്ചാൽ വനിത ഹോസ്റ്റൽ, വള നിർമ്മാണം, ആംബുലൻസ്, ലൈബ്രറി, പഴശ്ശി സ്മൃതി മന്ദിരം എന്നിവയുടെയൊന്നും കൃത്യമായ ഡിസിബി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. (പഴശ്ശി സ്മൃതി മന്ദിരത്തിന്റെ വരവ് വിവരം പരിശോധിക്കുന്ന തിനാവശ്യമായ രേഖകളൊന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല).

2. നഗരസഭ കുടിശ്ശിക നിവാരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക മുഴുവനായി പിരിച്ചെടുത്തതിന്റെ വിവരങ്ങളും ലൈബ്രറി സെസ്സ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 54 /18-19, തീയ്യതി : 27-11-2019) മറുപടി നൽകിയിട്ടില്ല. മുഴുവൻ വരവിനങ്ങളുടെയും ഡിസിബി കൃത്യതയോടെ തയ്യാറാക്കുന്നതിനും ആയത് പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ കൗൺസിലിന്റെയും ശ്രദ്ധയിൽപെടുത്തുന്നു.

## 1-15 കെട്ടിട നിർമ്മാണ അനുമതി - രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കുന്നില്ല

കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2018-19 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട അവശ്യവിവരങ്ങൾ - തറവിസ്തീർണ്ണാനുപാതം, പെർമിറ്റ്/ഡവലപ്പ്മെന്റ് ഫീ, അധികരിച്ച തറവിസ്തീർണ്ണാനുപാതത്തിനുള്ള അധിക ഫീ, സെക്ഷൻ ക്ലാർക്ക് ഫയലിൽ നടപടി സ്വീകരിച്ച തീയ്യതി, ഫയൽ ആർക്ക് കൈമാറി എന്നത്, ഫയൽ തിരികെ ലഭിച്ച തീയ്യതി, അപാകങ്ങൾ അറിയിച്ച് അപേക്ഷകന് അറിയിപ്പ് നൽകിയ തീയ്യതി പെർമിറ്റ് അനുവദിച്ചോ, നിരസിച്ചോ എന്ന രേഖപ്പെടുത്തൽ - രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP- 4 ഷെഡ്യൂൾ പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് ഫീയിനത്തിൽ ₹18,67,876 രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ ഈയിനത്തിലുള്ള വരവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 26/18-19, തീയ്യതി : 19-11-19

അപാകങ്ങൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 വളർത്തു നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നില്ല.

2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-4 ഷെഡ്യൂൾ പ്രകാരം കാറ്റിൽ പൌണ്ട്

ചാർജ് ഇനത്തിൽ 500 രൂപ വരവുണ്ട്. ഇതുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽ 500 രൂപ ഈടാക്കിയത് നായകൾക്കുള്ള ലൈസൻസിനത്തിലാണെന്ന് കാണുന്നു.

തൻവർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ 8/19 നമ്പർ പ്രോജക്ട് പേവിഷനിയന്ത്രണത്തിന്റെ ഭാഗമായി വളർത്തുനായകൾക്ക് കുത്തിവെപ്പ് എടുക്കുന്നതിനാണ്. വികസന ഫണ്ടിൽ നിന്നും ₹ 22,955 ചെലവഴിച്ചു നടത്തിയ ഈ പ്രോജക്ടിൽ 667 വളർത്തുനായകൾക്ക് കുത്തിവെപ്പ് എടുത്തിട്ടുണ്ട്. നഗരസഭയിൽ ഇത്രയും നായകൾ ഉണ്ടായിരിക്കെ ഇവയ്ക്ക് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും കേരള മുനിസിപ്പാലിറ്റി ആക്ട് 437-ാം വകുപ്പ് പ്രകാരമുള്ള ലൈസൻസ് അനുവദിക്കാത്തതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്( നം.34 /18-19, തീയ്യതി : 25-11-2019) ഇനി മുതൽ ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. വർഷം തോറും നഗരസഭയ്ക്ക് ലൈസൻസ് ഇനത്തിൽ ലക്ഷങ്ങളുടെ നഷ്ടം സംഭവിക്കുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. നഗരസഭാ പരിധിയിലെ മുഴുവൻ നായകൾക്കും ലൈസൻസ് ഏർപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ മുറികളുടെ വാടക, ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീസ് – മുഴുവൻ തുകയും പിരിച്ചെടുക്കുന്നില്ല.

1).മട്ടന്നൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളുടെ വാടക, കംഫർട്ട് സ്റ്റേഷൻ, ബസ് സ്ററാന്റ് എന്നിവയുടെ ഫീസ് പിരിവ് എന്നിവയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 വർഷത്തെ മുഴുവൻ തുകയും പിരിച്ചെടുത്തിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | ഇന വിവരം | ലേലം കൊണ്ട വ്യക്തി | ലേല തുക/ മാസ വാടക | ഒടുക്കിയ തുക | ബാക്കി |
|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് | ശ്രീ. ബൈജു കെ | 3,80,000 | 3,31,667 | 48,333 |
| 2 | കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | ശ്രീ. പ്രേമരാജൻ | 2,71,000 | 1,80,000 | 91,000 |
| 3 | സ്റ്റാൾ | കെ പി അഷ്റഫ് 7/867-C | 3,316 | 36476 (3316 x 11) | 3316 മാർച്ച് 2019 |
| 4 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | ബോബി ജോസ് 7/927 | 725 | 7975 725x 11 | 725 മാർച്ച് 2019 |
| | | ടി പി | 4170 | 45870 (4170x11) | 4170 മാർച്ച് 2019 |

| | | | | | |
|---|---|---|---|---|---|
| | | നിസാർ 7/941 | | | |
| | | സെക്രട്ടറി, പട്ടിക ജാതി സഹകരണ സംഘം, മട്ടന്നൂർ 7/947 | 1900 | 13300 (7x1900) | 9500 (നവംബർ 18 മുതൽ മാർച്ച് 2019 വരെ) |
| 5 | ബസ് സ്റ്റാന്റ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് | കെ പി നൂറുദ്ദീൻ ഹാജി 7/962 -X(B4) | 4961 | 54571 (4961x11) | 4961 മാർച്ച് 2019 |
| | | ഷാക്കിബ് വി 7/962 -A15 | 2250 | 15750 (7x2250) | 11250 (നവംബർ 18 മുതൽ മാർച്ച് 2019 വരെ) |
| 6 | പഴയ ഓഫീസ് കോംപ്ലക്സ്, അമ്പലം റോഡ് | മട്ടന്നൂർ പബ്ലിക് ലൈബ്രറി 7/1375 | 3000 | 33000 | 3000 മാർച്ച് 2019 |
| 7. | അമ്പലം റോഡ് ഷോപ്പിംഗ് കോംപ്ലക്സ് | രാജീവൻ പി പി, സുജീഷ് കെ 7/1376 -B3 | 2839 | 31229 (2839x11) | 2839 2019 മാർച്ച് |
| | | വി കെ മുസ്തഫ 7/967 B XXIX/1129-B | 6,000 | 60000 (6000x10) | 12000 (2019 ഫെബ്രുവരി, മാർച്ച്) |
| 8 | മിനി സ്റ്റേഡിയം കോംപ്ലക്സ് | ലീഗൽ മെട്രോളജി വകുപ്പ് 4/67 Q,R,S | വാടക നിശ്ചയിച്ചിട്ടില്ല | - | 15-10-18 മുതൽ |
| | | സപ്ലൈകോ 4/67 D to I | " | - | 24-11-18 മുതൽ |
| | | മൻസൂർ എം കെ | 3000 | - | 36000 (01-04-18 |

| | | | | | |
|---|---|---|---|---|---|
| | | 4/67 J | | | മുതൽ 31-03-19 വരെ) |
| | | സെക്രട്ടറി, കേരള ഗസറ്റഡ് ഓഫീ സേഴ്സ് അസോസിയേഷൻ മട്ടന്നൂർ ഏരിയ കമ്മിറ്റി ഓഫീസ് 4/67 P | 276 | | 3312 (01-04-18 മുതൽ 31-03-19 വരെ) |
| | | സെന്റർ മേധാവി, NAPT Dharana Livelyhood Project Pvt. Ltd. 4/67 A8,A9 | 12,600 | 138600 | 12600 (2019 മാർച്ച്) |

മേൽപ്പറഞ്ഞ കൈവശക്കാരിൽ നിന്നും കുടിശ്ശിക വാടക പിഴയടക്കം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലാകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 24/18-19, തീയ്യതി : 22-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ ബൈലാകൾക്കും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മുറികൾ ലേലംകൊണ്ട എല്ലാ കൈവശക്കാരുമായും നഗരസഭ കരാറിൽ ഏർപ്പെടുന്നില്ല. മേൽപറഞ്ഞ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**2).** ബസ് സ്റ്റാന്റ് ന്യൂ ഷോപ്പിംഗ് കോംപ്ലക്സിലെ ആകെയുള്ള 65 മുറികളിൽ 59 എണ്ണം രജിസ്റ്റർ പ്രകാരം ലേലം ചെയ്ത് കൊടുത്തിട്ടുണ്ട്. ഇതിൽ 28 മുറികൾ ലേലം കൊണ്ടവർ ഡെപ്പോസിറ്റ് തുകയും (ഭാഗികം) വാടകയും ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ, ഡോർ നമ്പർ | ലേലം കൊണ്ട വ്യക്തി | നിശ്ചയിച്ച വാടക/ ഡെപ്പോസിറ്റ് | | ഒടുക്കിയ വാടക / ഡെപ്പോസിറ്റ് | | ബാക്കി | |
|---|---|---|---|---|---|---|---|---|
| | | | ഡെപ്പോസിറ്റ് | വാടക | ഡെപ്പോസിറ്റ് | വാടക | ഡെപ്പോസിറ്റ് | വാടക |
| 1 | 5, 29/1158 D | ഇസ്മയിൽ എം പി | 3260000 | 16500 | 1640000 | - | 1620000 | 16500 |
| 2 | 11, | മുഹമ്മദ് | 2600000 | 11000 | 1310000 | - | 1290000 | 11000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 29/1158-1C | ഹനീഫ് | | | | | | |
| 3 | 14, 29/1158 N | സക്കറിയ സി | 1000000 | 8000 | 200000 | - | 800000 | 8000 |
| 4 | 15, 29/1158 P | പി വി അബ്ദുൾ ഖാദർ | 11,00,000 | 10,000 | 7,00,000 | - | 4,00,000 | 10000 |
| 5 | 16, 29/1158 A1 | അബ്ദുൾ അസീസ് എം പി | 5,50,000 | 6,000 | 3,00,000 | - | 2,50,000 | 6000 |
| 6 | 16 A, 29/1158 U | പി കെ കൃഷ്ണൻ | 5,50,000 | 6,000 | 3,00,000 | - | 250000 | 6000 |
| 7 | 17, 29/1158 Z | അഷ്റഫ് | 5,00,000 | 6,000 | 5,00,000 | - | - | 6000 |
| 8 | 18, 29/1158 Y | ഫൌസിയ പി | 3,50,000 | 3,750 | 3,50,000 | - | - | 3750 |
| 9 | 19, 29/1158 X | “ | 3,50,000 | 3,750 | 3,50,000 | - | - | 3750 |
| 10 | 23, 29/1158 A16 | ജംഷീർ എൻ പി | 7,10,000 | 7,300 | 7,10,000 | - | - | 7300 |
| 11 | 24, 29/1158 A15 | അബ്ദുൾ അസീസ് പി വി | 7,00,000 | 5,000 | 7,00,000 | - | - | 5000 |
| 12 | 30, 29/1158 A13 | നസീർ കെ കെ | 8,03,000 | 7,000 | 3,61,500 | - | 441500 | 7000 |
| 13 | 32, 29/1158 A13 | പ്രദീപ് എൻ | 7,00,000 | 6,000 | 7,00,000 | - | - | 6000 |
| 14 | 37, 29/1158 A11 | സക്കറിയ സി | 6,00,000 | 6,000 | 2,00,000 | - | 400000 | 6000 |
| 15 | 39, 29/1158 B6 | “ | 4,00,000 | 4,000 | 2,00,000 | - | 200000 | 4000 |
| 16 | 41, 29/1158 B4 | സുനിൽരാജ് പാനോളി | 3,50,000 | 3,500 | 2,75,000 | - | 75000 | 3500 |
| 17 | 43, 29/1158 B3 | റീജിയണൽ മാനേജർ, കേരള സ്റ്റേറ്റ് | 5,75,000 | 10,000 | 5,65,360 | - | 9640 | 10000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ഹാന്റ് ലൂം ഡവ. കോർപ്പറേഷൻ | | | | | | |
| 18 | 44, 29/1158 B22 | സെക്രട്ടറി, പ്രസ്സ് ഫോറം | 25,000 | 2000 | 25,000 | - | - | 2000 |
| 19 | 32, 29/1158 B21 | സുജിത്ത് കുമാർ പാനോളി | 2,75,000 | 3,000 | 2,75,000 | - | - | 3000 |
| 20 | 46, 29/1158 B20 | ഷിനാദ് പി പി | 2,00,000 | 2,500 | 2,00,000 | - | - | 2500 |
| 21 | 47, 29/1158 B19 | മുഹമ്മദ് റാഷിദ് | 2,25,000 | 2,500 | 2,25,000 | - | - | 2500 |
| 22 | 48, 29/1158 B8 | അഹ്ദുൾ റഹ്മാൻ കെ പി | 2,75,000 | 2,750 | 2,75,000 | - | - | 2750 |
| 23 | 50, 29/1158 B11 | ആയിഷ പി | 3,03,000 | 3,000 | 3,03,000 | - | - | 3000 |
| 24 | 51, 29/1158 B10 | അതുൽ പി വി | 3,01,000 | 3,000 | 3,01,000 | - | - | 3000 |
| 25 | 51, 29/1158 B10 | ഷാജി വി | 2,50,000 | 2,250 | 2,50,000 | - | - | 2250 |
| 26 | 56, 29/1158 B1 | " | 3,00,000 | 2,750 | 3,00,000 | - | - | 2750 |
| 27 | 57, 29/1158 B15 | റെജികുമാർ ഒ കെ | 2,00,000 | 3,000 | 1,10,000 | - | 90000 | 3000 |
| 28 | GF, 29/1158 C(1) | അഷ്റഫ് കെ | 14,00,000 | 11,000 | 14,00,000 | - | - | 11000 |
| | | | | | ആകെ | | 5826140 | 157550 |

മേല്പറഞ്ഞ കൈവശക്കാർ 01-04 18 മുതലുള്ള വാടകയും ബാക്കിയുള്ള ഡെപ്പോസിറ്റ് തുകയും ഒടുക്കിയതിന്റെയും ഒഴിഞ്ഞുകിടക്കുന്ന മുറികൾ പുനർലേലം ചെയ്തതിന്റെയും മുറികൾ ലേലംകൊണ്ട കൈവശക്കാരുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/18-19, തീയ്യതി : 22-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികക്കാരിൽ നിന്നും മുഴുവൻ തുകയും പിഴപ്പലിശ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 നഗരസഭ കോംപ്ലക്സിൽ വാടക നിശ്ചയിച്ചുകൊടുക്കാതെ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

നഗരസഭയുടെ മിനിസ്റ്റേഡിയം ഷോപ്പിംഗ് കോംപ്ലക്സിൽ വാടക നിശ്ചയിക്കാതെ നിലവിൽ നാലു സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ട്രഷറി, ലീഗൽ മെട്രോളജി വകുപ്പ്, എക്സൈസ് ഓഫീസ്, ഫുഡ് ആന്റ് സേഫ്റ്റി ഓഫീസ് എന്നിവ. ഇതിൽ ലീഗൽ മെട്രോളജി വകുപ്പ് ഓഡിറ്റ് കാലയളവിൽ പ്രവർത്തനം തുടങ്ങിയതാണ്. ഇതുകൂടാതെ നഗരസഭയുടെ നേരെ മുൻവശത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വാടക ഒടുക്കുന്നുണ്ടോ എന്ന വിവരം രജിസ്റ്ററിൽ ലഭ്യമല്ല. വാടക നിശ്ചയിക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ മുഴുവൻ സ്ഥാപനങ്ങൾക്കും അടിയന്തിരമായി വാടകസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. വാടക നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കുന്നതാണ് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.24, 23-11-19 ) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നഗരസഭയ്ക്ക് കിട്ടേണ്ട മൂന്ന് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ തുകയ്ക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം വ്യവസ്ഥയില്ല എന്നിരിക്കെ എത്രയും പെട്ടെന്ന് മുഴുവൻ സ്ഥാപനങ്ങളുടേയും വാടക നിശ്ചയിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 ഉരുവച്ചാൽ വനിത ഹോസ്റ്റൽ - നഗരസഭ കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതും ബൈലായ്ക്ക് അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

മട്ടന്നൂർ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് താമസിക്കുന്നതിനായി ഉരുവച്ചാലിൽ 2017 നവംബറിൽ പ്രവർത്തനം ആരംഭിച്ച വനിത ഹോസ്റ്റൽ നടത്തിപ്പ് ചുമതല ലഭിച്ച ഉരുവച്ചാൽ ക്ഷീര സഹകരണ സംഘം പ്രതിദിനം ഒരു കിടക്കയ്ക്ക് ₹50 + GST എന്ന നിരക്കിൽ നഗരസഭയ്ക്ക് ചാർജ് ഒടുക്കുവാനാണ് വ്യവസ്ഥ വെച്ചിട്ടുള്ളത്. നിലവിൽ ഉരുവച്ചാൽ ക്ഷീര സഹകരണ സംഘം ഒരു താമസക്കാരിയിൽ നിന്നും പ്രതിമാസം 6000 രൂപയാണ് ഈടാക്കി വരുന്നതെങ്കിലും നഗരസഭയിൽ ഒരു കിടക്കയ്ക്ക് ₹50 + GST എന്ന നിരക്കിൽ മാത്രമാണ് തുക ഒടുക്കുന്നത്. നഗരസഭയ്ക്ക് ലഭിക്കേണ്ട വിഹിതത്തിൽ കാലികമായ വർദ്ധനവ് വരുത്താവുന്നതാണ്. ബൈലാ പ്രകാരം പ്രതിമാസ വരവ് തുക എല്ലാ മാസവും 5-ാം തീയ്യതിക്ക് മുമ്പായി നഗരസഭയിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം 3% പിഴപലിശ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉരുവച്ചാൽ ക്ഷീര സഹകരണ സംഘം പ്രവർത്തനം തുടങ്ങി, 2018 ആഗസ്റ്റ് മാസം വരെ യാതൊരു വരവും നഗരസഭയിൽ ഒടുക്കിയിരുന്നില്ല എന്നിരിക്കേ പ്രസ്തുത സംഘത്തിൽ നിന്നും മുഴവൻ തുകയും കാലതാമസത്തിന് മേൽപ്പറഞ്ഞ പ്രകാരം പിഴ പലിശയടക്കം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

വനിതാ ഹോസ്റ്റലിന്റെ പ്രതിമാസ വരവു ചെലവ് കണക്കും സ്ഥാപനത്തിന്റെ പ്രവർത്തനറിപ്പോർട്ടും നഗരസഭയ്ക്ക് സമർപ്പിക്കുന്നില്ല. നഗരസഭയിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ/രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. നാളിതുവരെയായി കരാർ വയ്ക്കുകയോ ഡെപ്പോസിറ്റ്, വാടക കുടിശ്ശിക എന്നിവ നഗരസഭയിൽ അടവാക്കുകയോ

ചെയ്യാത്തതിനാൽ നഗരസഭ സെക്രട്ടറി ഉരുവച്ചാൽ ക്ഷീര സഹകരണ സംഘത്തിന് 09-07 18 ന് അയച്ച കത്തിൽ വനിതാ ഹോസ്റ്റലിലെ താമസക്കാരുടെ അഡ്മിഷൻ ഇനി മുതൽ നഗരസഭ നേരിട്ട് നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഇപ്രകാരമല്ല അഡ്മിഷൻ നടത്തുന്നത്. വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനങ്ങളും പ്രതിമാസ കണക്കുകളും നഗരസഭ മാസന്തോറും മോണിററിംഗ് ചെയ്യേണ്ടതാണ്. വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലായ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/18-19, തീയ്യതി : 19-11-19) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-20 നഗരസഭ ആംബുലൻസ് നടത്തിപ്പിലെ അപാകങ്ങൾ

ധനകാര്യ നോഡൽ സെന്റർ- ബി വകുപ്പിന്റെ സ.ഉ.(സാധാ) നം. 7336/15/ധന, തീയ്യതി 11-08-15 ഉത്തരവ് , മട്ടന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ 23-11-15 ലെ 284/14 നമ്പർ ഉത്തരവ് എന്നിവ പ്രകാരം മട്ടന്നൂർ സി എച്ച് സി യുടെ ഉടമസ്ഥതയിലുള്ള KL 58J 2980 നമ്പർ ആംബുലൻസ് നഗരസഭയ്ക്ക് വിട്ടുകിട്ടിയിട്ടുണ്ട്. ആംബുലൻസ് കൈകാര്യം ചെയ്യുന്നതിലും ഇതിന്റെ വാടകയിനത്തിലുള്ള വരവ് ഒടുക്കുന്നതിലുമുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വാഹനത്തിന്റെ ചുമതല ഹെൽത്ത് ഇൻസ്പെക്ടർക്ക് നൽകുന്നതിനും വാഹനവാടക ഈടാക്കുന്നത് സംബന്ധിച്ചും മറ്റ് നിയന്ത്രണങ്ങൾ സംബന്ധിച്ചും ഒരു ബൈലാ തയ്യാറാക്കാൻ ഹെൽത്ത് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നതിനും വാഹന വാടക ഈടാക്കാൻ രശീത്ബുക്ക് അച്ചടിക്കുന്നതിനും 04-01-16 ന് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം രശീത് ബുക്ക് അച്ചടിച്ചതിന്റെ വിവരങ്ങളും ആയതിന്റെ സ്റ്റോക്ക് രജിസ്റ്ററും ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലോയും ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 06-02-16 ന് ചെയർമാന്റെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത യോഗത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, ഡ്രൈവർ എന്നിവർ പങ്കെടുത്തിട്ടുണ്ട്. ഈ യോഗത്തിൽ കിലോമീറ്ററിന് 30 രൂപ നിരക്കിൽ വാടകയും വെയിറ്റിംഗ് ചാർജിനത്തിൽ 70 രൂപയും മിനിമം ചാർജ്ജായി 500 രൂപയും ഈടാക്കുന്നതിനും ശ്രീ. സുശാന്ത് പി-യെ 08-02-16 മുതൽ ഡ്രൈവറായി നിയമിച്ചുകൊണ്ടും തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനങ്ങൾ കൗൺസിൽ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഈയിനങ്ങളിൽ ഈടാക്കുന്ന നിരക്ക് അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48/18-19, തീയ്യതി : 26-11-2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

3. 2017 സെപ്തംബറിനുശേഷം നാളിതുവരെയായി വാടക ഒടുക്കാത്തതിന് നഗരസഭയിൽ നിന്നും 05-09-18, 03-10-18, 10–11-18 തീയ്യതികളിൽ ആംബുലൻസ് ഡ്രൈവർക്ക് നോട്ടീസ് നൽകുകയും ടിയാൻ പ്രസ്തുത തീയ്യതികളിൽ തന്നെ ഇവ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ടിയാൻ കുടിശ്ശിക ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയട്ടില്ല. വാടക ഒടുക്കുന്നതിൽ ശ്രീ. സുശാന്ത് പി ഗുരുതരമായ വീഴ്ച വരുത്തി ഒരു വർഷം പിന്നിട്ടിട്ടും ബന്ധപ്പെട്ട ഫയലിൽ ഇതിനെതിരെ ഒരുവിധത്തിലുള്ള നടപടിയും സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഈ കാലയളവിൽ വാടക ഒടുക്കാതിരുന്നിട്ടും ടിയാന് എല്ലാ മാസവും നഗരസഭ വേതനം അനുവദിച്ചിട്ടുമുണ്ട്. ആംബുലൻസിന്റെ ഡ്രൈവറായി നിയമിച്ച ശ്രീ. സുശാന്ത് ഒരു വർഷത്തിലധികം (2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 17(1),(2) പ്രകാരം) മുനിസിപ്പൽ ഫണ്ടിൽ വരവ്

ഒടുക്കാതിരുന്നിട്ടും ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, സെക്രട്ടറി എന്നിവർ യഥാസമയം യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നത് ഗൗരവതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

4. കളക്ഷൻ രജിസ്റ്റർ പ്രകാരം 03-01-17 വരെ ₹2,79,340, 19-03-19 വരെ ₹ 4,92,250 വാടകയിനത്തിൽ വരവു ചേർത്തിട്ടുണ്ട്. 19-03-19 ന് ₹ 20280 ചേർത്തിട്ടുണ്ടെങ്കിലും തുക 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതിനു ശേഷം 438 മുതൽ 443 വരെയുള്ള രശീതുകളിലെ വരവായ ₹4,975 26-10-19 ന് 105894/12-11-19 നമ്പർ രശീതു പ്രകാരം നഗരസഭ ഫണ്ടിൽ വരവുചേർത്തിട്ടുണ്ട്. 26-10-19 ലെ വരവ് 12-11-19 ന് ഒടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. കളക്ഷൻ രജിസ്റ്റർ പ്രകാരം 443 രശീതുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും വാടക ഈടാക്കാൻ ഉപയോഗിക്കുന്ന രശീത് പുസ്തകങ്ങൾ, ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. ലോഗ് ബുക്ക് / രശീത് ബുക്ക് ഒരോ ദിവസവും പരിശോധിച്ച് നഗരസഭ ഫണ്ടിൽ കൃത്യമായ തുകയാണോ ഒടുക്കുന്നതെന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഉറപ്പുവരുത്തുന്നില്ല.

7. ലോഗ് ബുക്ക് പ്രകാരം 11-04-17 മുതൽ 10/18 വരെ 24476 കി.മീ. വാഹനം സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ നിശ്ചയിച്ച വാടക പ്രകാരമുള്ള കളക്ഷൻ ഈ കാലയളവിൽ രജിസ്റ്ററിൽ വരവുവെക്കാത്തത് വിശദീകരിക്കപ്പെട്ടിട്ടില്ല.

8. കളക്ഷൻ രജിസ്റ്റർ പ്രകാരം 10-02-16 മുതൽ വരവുണ്ടെങ്കിലും KL 58J 2980 നമ്പർ ആംബുലൻസിന്റെ 11-04-17 മുതലുള്ള ലോഗ് ബുക്ക് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ലോഗ്ബുക്കിൽ ആവശ്യമായ വിവരങ്ങൾ – യാത്രകളിൽ എത്ര സമയം തങ്ങി എന്നത്, എടുത്ത ലൂബ്രിക്കേഷൻ സാധനങ്ങൾ ബിൽ/ഇൻവോയ്സ് നമ്പർ, അളവ്, മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങൾ, കസ്റ്റോഡിയൻ ഓഫീസറുടെ അഭിപ്രായക്കുറിപ്പും ചുരുക്കൊപ്പും എന്നിവ – ചേർക്കാത്തത് വിശദീകരിക്കപ്പെട്ടില്ല. 10-02-16 ന് പ്രവർത്തനം തുടങ്ങി നാളിതുവരെയായി ലോഗ്ബുക്കിൽ യാത്രകൾക്കിടയിൽ തങ്ങിയ സമയം രേഖപ്പെടുത്തുകയോ ഇതിനനുസൃതമായി ₹ 70 നിരക്കിൽ വെയിറ്റിംഗ് ചാർജ് ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് വിശദമായി പരിശോധിക്കപ്പെടേണ്ടതും ഈയിനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. വിശദമായ പരിശോധനയ്ക്കും മറ്റു നടപടികൾക്കും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നു.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 48/18-19, തീയ്യതി : 26-11-2019) മറുപടി നൽകിയിട്ടില്ല. ആംബുലൻസ് നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗരേഖ / ബൈലാ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതും ഇതിൽ നിന്നുള്ള വരവ് കൃത്യമായി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കുന്നുണ്ട് എന്നുറപ്പു വരുത്തി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-21 പട്ടികജാതി വിഭാഗത്തിന് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ - അപാകങ്ങൾ - 2865344 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നം. 149/18-19 | പ്രോജക്ട് നം. 179 /18-19 (സ്പിൽ ഓവർ ) | തനത് ഫണ്ട് ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| പട്ടികജാതി വിഭാഗത്തിന് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ<br><br>നിർവ്വഹണം- നഗരസഭ സെക്രട്ടറി<br><br>അടങ്കൽ-₹1090315 ചെലവ്- 1. ബിൽ നം. 27 /18-19 തീയതി, 15-01-2019 ₹ 1050780 ( ഭൂമി വില ഭൂവുടമക്ക് നൽകിയത് )<br><br>Transfer credited to Federal Bank Beneficiary Account No FDRL0001634//16340100021940 on 15-01-2019 | പട്ടികജാതി വിഭാഗത്തിന് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ<br><br>നിർവ്വഹണം- നഗരസഭ സെക്രട്ടറി<br><br>അടങ്കൽ-₹1728900 ചെലവ്- 1. ബിൽ നം. 7 /18-19 തീയതി, 20-07-2018 ₹ 1336000 (ഭൂമി വില ഭൂവുടമക്ക് നൽകിയത് )<br><br>Transfer credited to Federal Bank Beneficiary Account No FDRL0001634/16340100021940 on 20-07-2018<br><br>2. ബിൽ നം. 22/18-19 തീയതി, 16-10-18- ₹ 3,92,900 ( ഭൂമി വില ഭൂവുടമക്ക് നൽകിയത്)<br><br>Transfer credited to Federal Bank Beneficiary Account No FDRL0001634//16340100021940 on 16-10-2018 | സ്ഥലം രജി. ചാർജ്ജസ് ഇനത്തിൽ ചെലവഴിക്കാൻ റവന്യൂ ഇൻസ്പെക്ടർക്ക് അഡ്വാൻസ് നൽകിയ തുക - 500000<br><br>ചെലവഴിച്ച തുക – 308040<br><br>Vr. No.1249-03/17-18 //27-03-2018<br><br>തിരിച്ചടച്ച / ക്രമീകരിച്ച തുക , രസീത് നം / തീയതി - 191960//Rt. No. 161319//16-05-2018 |

ശ്രീ റഫീക്ക് ചൂരിയോടിന്റെ കുടുംബത്തിന് അവകാശപ്പെട്ട 1 ഏക്കർ 30 സെന്റ് ഭൂമി വിൽക്കാൻ ടിയാന് താൽപ്പര്യം ആണെന്നതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 05-01-2018 തീയതിൽ സമർപ്പിച്ച താത്പര്യപത്രം, മേൽ അപേക്ഷകരുടെ ഭൂമി പർച്ചേസ് ചെയ്യുന്നതിന് നഗരസഭ കൗൺസിലിന്റെ 08 -02 -2018 ലെ 8 / 2017-18 നമ്പർ പ്രകാരം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സ്ഥലത്തിന്റെ ന്യായ വില നിശ്ചയിച്ചുകിട്ടുന്നതിന് കണ്ണൂർ ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന് സെന്റൊന്നിന് ₹ 35637 രൂപ വിലനിശ്ചയിച്ച് കലക്ടർ ഉത്തരവായി (റഫ്. സി.1 -DCKNR /1783 /2018 dt 24-03-2018 ). ന്യയവിലയുടെമേൽ ഭൂവുടമകളുമായി നഗരസഭ അധികൃതർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഭൂവുടമകൾ തങ്ങളുടെ കൈവശത്തിലുള്ള സ്ഥലം സെന്റൊന്നിന് ₹ 46328 രൂപയ്ക്ക് വിൽക്കാൻ തയ്യാറാവുകയും അതിന്റെ അടിസ്ഥാനത്തിൽ 31-03-2018 ന് മട്ടന്നൂർ സബ് റജിസ്ട്രാർ ഓഫീസിലെ ആധാരം നമ്പർ 851/2018 തീയതി, 31-03-2018 പ്രകാരം സി റഫീഖ് , സി പാത്തുമ്മ , സി അബ്ദുൾ റഷീദ് , സി സഹീർ , സി ഷമീർ , സി റുബീന , സി മുഹമ്മദ് ബഷീർ , സി ഷമീർ എന്നിവരുടെ പേരിലുള്ള 1.30 ഏക്കർ സ്ഥലത്തിൽ ഉൾപ്പെട്ട 60 സെന്റ് സ്ഥലം മുനിസിപ്പാലിറ്റി രജിസ്റ്റർ ചെയ്തുവാങ്ങുകയും ഇതിന്റെ പ്രതിഫലമായി മുകളിൽ കാണിച്ച ബില്ലുകൾ പ്രകാരം രജിസ്റ്റർ ചെയ്തു വാങ്ങിയ 60 സെന്റ് ഭൂമിയുടെ വില 2779680 രൂപ സി റഫീഖ് - ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുമുണ്ട്.

ഭൂമി വാങ്ങിക്കലുമായി ബന്ധപ്പെട്ട ഫയൽ 250/2018 പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 2000- ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 3 ൽ 3 എ പ്രകാരം വാങ്ങുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് ,നഗരസഭയുടെ സംഗതിയിൽ, മുനിസിപ്പൽ ഹെൽത്ത് ഓഫീസറുടെ , അല്ലെങ്കിൽ ടിയാൻ്റെ അഭാവത്തിൽ ആരോഗ്യ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഭുമി പർച്ചേസ് നടത്തിയിട്ടുള്ളത്.

2) 2000- ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 3 ൽ 3 ബി പ്രകാരം വാങ്ങുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് നഗരസഭയുടെ സംഗതിയിൽ മുനിസിപ്പൽ എൻജിനീയറുടെ സാക്ഷ്യപത്രവും ലഭിച്ചിരിക്കേണ്ടതാണ് . എന്നാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഭുമി പർച്ചേസ് നടത്തിയിട്ടുള്ളത്.

3) വസ്തു ആർജ്ജിക്കലുമായി ബന്ധപ്പെട്ട് 2000- ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിൻ്റെ ഉടമസ്ഥാവകാശം ജില്ലാ ഗവൺമെൻ്റ് പ്ലീഡറെ കൊണ്ട് പരിശോധിപ്പിച്ച് ഉടമസ്ഥന് നിർദ്ദിഷ്ട വസ്തുവിന്മേൽ ശരിയായ ഉടമസ്ഥാ-കയ്യൊഴിക്കൽ അവകാശം ഉണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ഭുമി പർച്ചേസ് നടത്തിയിട്ടുള്ളത്.

4) ജില്ലാ കളക്ടർ നിശ്ചയിച്ച ഭൂമി വിലക്ക് ഭൂവുടമ ഭൂമി വിൽക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, ജില്ലാ കളക്ടർ നിശ്ചയിച്ച ഭൂമി വിലയുടെ ശതമാനം 30 % തുക സെലെഷ്യം ആയി അധികം നൽകി ഭൂമി വാങ്ങിക്കാവുന്നതാണ് എന്ന് ജി ഒ (പി) 18/98 ത ഭ വ തീയതി 12-02-1998നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് . ജില്ലാ കളക്ടർ നിശ്ചയിച്ച ഭൂമി വിലയുടെ ശതമാനം 30 % തുക സെലെഷ്യം ആയി അധികം നൽകിയാണ് ( 35637 x 30 % = 46328 ) നഗരസഭ ഇവിടെ ഭൂമി വാങ്ങിച്ചത് എന്ന് മനസ്സിലാവുന്നു. എന്നാൽ ഇത്തരത്തിൽ ഭൂമി വാങ്ങുന്നതിനു മുനിസിപ്പൽ കൗൺസിലിൻ്റെ ഐകകണ്ഠമായ തീരുമാനം വേണം.എന്നാൽ ഇത് സംബന്ധിച്ച വിശദശാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

5) മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും 13ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നം. സ. ഉ (കൈ) 17/2018 ത സ്വ ഭ വ തീയതി 02-02-2018 മാർഗ്ഗരേഖയിലെ ഖണ്ഡിക 7-2-9 എ (iii) പ്രകാരം നൂറിൽ കൂടുതൽ ഭൂരഹിത ഭവനരഹിതർ ഉള്ള നഗരസഭകൾക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് വേണ്ട ഭൂമി വിലക്ക് വാങ്ങാവുന്നതാണ് എന്ന് പ്രദിപാദിച്ചിട്ടുണ്ട്. എന്നാൽ മട്ടന്നൂർ നഗരസഭയിൽ 2018-19 വർഷം പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതർ ആരും തന്നെ ഇല്ലായിരുന്നു .ഇക്കാര്യം മട്ടന്നൂർ നഗരസഭയുടെ 2018-19വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് , പദ്ധതി രേഖ എന്നിവയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട് .കൂടാതെ നഗരസഭ സെക്രട്ടറിയുടെ, ഇരിട്ടി പട്ടികജാതി വികസന ഓഫീസർക്ക് ഉള്ള കത്തിൽ ( എ2/36665 തീയതി 29-06-2019) ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ പട്ടികജാതി ഭവന നിർമ്മാണ പദ്ധതികളിലേക്ക് മട്ടന്നൂർ നഗരസഭയിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾ ആരും ഇല്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.നഗരസഭ സെക്രട്ടറിയുടെ, കണ്ണൂർ ജില്ലാ ലൈഫ് മിഷൻ ( LIFE Mission) കോർഡിനേറ്റർക്ക് ഉള്ള കത്തിൽ ( എ2/36665 തീയതി 21 -02 -2019) മട്ടന്നൂർ നഗരസഭയിൽ ലൈഫ് മിഷൻ മൂന്നാം ഘട്ടം ഗുണഭോക്തൃ പട്ടികയിൽ ആകെ 52 ജനറൽ വിഭാഗത്തിൽ പെട്ട ഭൂരഹിത ഭവനരഹിതർ ആണ് ഉള്ളതെന്നും പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾ ആരും ഇല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശ്രയ

പദ്ധതി പ്രൊജക്റ്റ് പ്രകാരവും ( 2018-2021) പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾ ആരും ഇല്ല.ആശ്രയ പദ്ധതി പ്രൊജക്റ്റ് പ്രകാരം, ജനറൽ വിഭാഗത്തിൽപെട്ട ഗുണഭോക്താക്കൾ 43 പേരും, പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട 4 പേരും ചേർത്ത് ആകെ 47 ഗുണഭോക്താക്കൾ ആണുള്ളത് . ഇതിൽ ഭൂരഹിത ഭവനരഹിത വിഭാഗത്തിൽ ഉൾപ്പെട്ട ഒരു ആൾ ( ജനറൽ ) മാത്രം ആണുള്ളത് .ലൈഫ് മിഷൻ പദ്ധതി പ്രകാരവും ആശ്രയ പദ്ധതി പ്രൊജക്റ്റ് പ്രകാരവും നഗരസഭയിൽ പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾ ആരും ഇല്ല എന്നിരിക്കെ മേൽ പ്രകാരം തുക ചെലവഴിച്ച് ഭൂമി വാങ്ങിച്ചതിന്റെ യുക്തി എന്താണെന്നു വ്യക്തമാവുന്നില്ല.

6) ലൈഫ് മിഷൻ പദ്ധതി പ്രകാരവും ആശ്രയ പദ്ധതി പ്രൊജക്റ്റ് പ്രകാരവും നഗരസഭയിൽ ആകെ 53 (LIFE = 52 + Ashraya = 1 = 53) ജനറൽ വിഭാഗത്തിൽപെട്ട ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾ ഉണ്ടായിരുന്നിട്ടും ഇക്കാര്യം കണക്കിലെടുത്തു ഭവനസമുച്ചയം നിർമ്മിച്ച് നല്കാൻ മേൽപ്പറഞ്ഞ സ്ഥലം വികസന ഫണ്ട് ജനറൽ ഉപയോഗിച്ച് വാങ്ങിയിരുന്നുവെങ്കിൽ ജനറൽ വിഭാഗം ഗുണഭോക്താക്കൾക്ക് അത് ഉപയുക്തമാകുമായിരുന്നു എന്നുള്ള വിവരം നഗരസഭ പരിഗണിച്ചതായി കാണുന്നില്ല.മാത്രവുമല്ല സംസ്ഥാന സർക്കാരിൽ നിന്നും നഗരസഭക്ക് 2018 -19 വർഷം ലഭ്യമായ വികസന ഫണ്ട് (ജനറൽ) അകെ തുക 53292223രൂപയായിരുന്നു. ഇതിൽ ചെലവഴിച്ച തുക 40278938രൂപയാണ് .ആവശ്യമായ പദ്ധതികൾ യഥാസമയം ആവിഷ്കരിച്ചു വികസന പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാതിരുന്നത് വഴി 13013285 രൂപ നഗരസഭക്ക് 2018 -19 വർഷം നഷ്ടപ്പെട്ടു പോയിട്ടുമുണ്ട് .

7) നഗരസഭ വാങ്ങിച്ച സ്ഥലം രജിസ്റ്റർ ചെയ്യുന്നതിന് രജി.ചാർജ്ജസ് ഇനത്തിൽ ചെലവഴിക്കാൻ റവന്യു ഇൻസ്പെക്ടർക്ക് അഡ്വാൻസ് നൽകിയ തുക 500000 രൂപയിൽ നിന്നും ചെലവഴിച്ച 308040രൂപ കിഴിച്ചു ബാക്കി തുക 191960രൂപ രസീത് 161319//16-05-2018പ്രകാരം റവന്യു ഇൻസ്പെക്ടർ നഗര സഭ ഫണ്ടിൽ തിരിച്ചു അടച്ചിട്ടുണ്ട്. രജിസ്ട്രേഷൻ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ചതായി കാണുന്ന തുക 222376 രൂപയാണ് . ബാക്കി തുക 85664 രൂപയുടെ ചെലവ് വിശദാംശങ്ങൾ, വൗച്ചറുകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

8) നഗരസഭയുടെ 2018-19 വർഷത്തെ അന്തിമ പദ്ധതി രേഖ പ്രകാരം നഗരസഭയുടെ അധീനതയിൽ ഉണ്ടായിരുന്ന വിവിധ സ്ഥലങ്ങൾ , വിവിധ വർഷങ്ങളിൽ എസ് സി ലക്ഷം വീട് പദ്ധതി , വിവിധ എസ് സി ഭവന നിർമ്മാണ പദ്ധതികൾ എന്നിവക്കായി നൽകിയിട്ടുള്ളത് വീട് വയ്ക്കാതെ സ്ഥലം ഉപയോഗശൂന്യമായി കിടക്കുകയാണെന്നും ഇത്തരത്തിൽ തരിശായി കിടക്കുന്ന ഭൂമി കണ്ടെത്തി അത് അവരിൽ നിന്നും തിരികെ വാങ്ങിച്ചു വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്ന കാര്യം നഗരസഭ ഗൗരവപൂർവ്വം പരിഗണിക്കണമെന്നും പറഞ്ഞിരുന്നു. എന്നാൽ ഇത് സംബന്ധിച്ച ചർച്ചകളോ ആലോചന യോഗങ്ങളോ ഒന്നും നടന്നതായി രേഖകളിൽ കാണുന്നില്ല. മാത്രവുമല്ല മുൻകാലങ്ങളിൽ നഗരസഭ ഇത്തരത്തിൽ കൈമാറിയ പ്ലോട്ടുകളിൽ ഭവന നിർമ്മാണം നടത്താതെ സ്ഥലം ഉപയോഗശൂന്യമായി ഇടുന്ന പ്രവണത കണ്ടു വരുന്നുമുണ്ട്. എന്നാൽ ഇക്കാര്യങ്ങൾ ഒന്നും യഥാവിധി മുഖവിലക്കെടുക്കാതെ പദ്ധതി കാലയളവ് അവസാനിക്കുന്ന മാത്രയിൽ തിടുക്കപ്പെട്ട് വികസന ഫണ്ട് ( പദ്ധതി പണം ലാപ്സ് ആവുന്നത് ഒഴിവാക്കാൻ) ചെലവഴിക്കുന്ന രീതിയാണ് നഗരസഭ സ്വീകരിച്ചു വരുന്നത് എന്നാണ് മനസ്സിലാവുന്നത്. ഇത്തരത്തിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് . ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി കണ്ടെത്തി അത് അവരിൽ നിന്നും തിരികെ വാങ്ങിച്ചു വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട

ഗുണഭോക്താക്കൾക്ക് കൈമാറുന്ന കാര്യം, ഈ വിധത്തിൽ നഗരസഭക്ക് കണ്ടെത്താൻ കഴിയുന്ന ഭൂമിയുടെ അളവ് എന്നിവ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് .

9) ഭൂമി വിൽപ്പന നടത്തിയ ആൾ ശ്രീ റഫീക്ക് ചൂരിയോടുമായി നഗരസഭ 21-03-2018 തീയതിക്ക് നടത്തിയ നെഗോഷിയേഷൻ മീറ്റിംഗ് പ്രകാരം 1 ഏക്കർ 30 സെന്റ് സ്ഥലം 47000രൂപ / സെന്ററിന് നഗരസഭ ഏറ്റെടുക്കാം എന്ന് തീരുമാനിച്ചതായി ഫയലിൽ കാണുന്നുണ്ട്. ഇത് പ്രകാരം ആകെ ഭൂമിയുടെ വില 6110000രൂപ. എന്നാൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി ആശ്വാസകരമല്ലാത്തതിനാൽ സ്ഥലം രണ്ടു ഘട്ടം ആയി വാങ്ങിക്കുവാനാണ് ധാരണ ആയിട്ടുള്ളത് . ആയതു പ്രകാരം 2017 -18 വർഷത്തെ പദ്ധതിയിൽ നിന്നും 60 സെന്റ് സ്ഥലവും , 2018 ജൂൺ 30 ന് അകം 2018 -19 വർഷത്തെ പദ്ധതിയിൽ നിന്നും ബാക്കി 70 സെന്റ് സ്ഥലവും വാങ്ങിക്കുവാൻ ധാരണ ആയിട്ടുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് നഗരസഭയും ഭൂമി വിൽപ്പന നടത്തിയ ആൾ ശ്രീ റഫീക്ക് ചൂരിയോടുമായി ഏതെങ്കിലും വിധത്തിലുള്ള കരാർ ചമച്ചതായോ, ധാരണ പത്രം ഒപ്പുവച്ചതായോ ഉള്ള വിവരങ്ങൾ ഒന്നും ലഭ്യമല്ല .ഫയലിൽ പറഞ്ഞ പ്രകാരം മുഴുവൻ ഭൂമിയും 2018 ജൂൺ 30 ന് അകം നഗരസഭ ശ്രീ റഫീക്ക് ചൂരിയോട് എന്ന വ്യക്തിയിൽ നിന്നും വാങ്ങിക്കേണ്ടതായിരുന്നു. എന്നാൽ മുഴുവൻ ഭൂമിയും നഗരസഭ ഏറ്റെടുത്തതായുള്ള / വാങ്ങിച്ചതായുള്ള വിവരം ഫയലിൽ ലഭ്യമല്ല .യഥാവിധി കരാർ ചമച്ചിട്ടില്ല എങ്കിൽ ബാക്കി സ്ഥലം നഗരസഭയ്ക്ക് തുടർന്ന് ലഭ്യമാക്കുമോ എന്ന വിഷയത്തിൽ വ്യക്തത ഇല്ല . കരാർ വ്യവസ്ഥകളുടെ ലംഘനം നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ എന്നും ആയതിൽമേൽ നഗരസഭക്ക് / ഫണ്ടിന് ഭാവിയിൽ ബാധ്യത വരുമോ എന്നുള്ള കാര്യവും വ്യക്തമല്ല.

10) ആധാരത്തിൽ വിവരിച്ച പ്രകാരം ഭൂമിയുടെ തരം സ്ഥിരപുഞ്ച ആണ് . നിലവിൽ വസ്തു നീർത്തട ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എങ്കിലും വസ്തുവിൽ കെട്ടിട നിർമ്മാണം സാധ്യമാണോ എന്നുള്ള വിവരം ലഭ്യമല്ല.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 22-11-2019 ന് നൽകിയ 23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യമായ രേഖകൾ / വിശദീകരണം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക ( 2779680 + 85664 = 2865344) തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ / വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-22 പഴശ്ശി ഇടവേലി റോഡ് പൈപ്പ്ലൈൻ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല- 2300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | S.O. 260/19പഴശ്ശി ഇടവേലി റോഡ് പൈപ്പ്ലൈൻ സ്ഥാപിക്കൽ |
| അടങ്കൽ | രൂ. 2300000/-(വികസന ഫണ്ട്) |
| ചെലവ് രൂ. /ബിൽ നം | (1) ബിൽ നം.42/18-19/20-03-2019 രൂ. 2300000/- |

| | |
|---|---|
| | Amount Transfer credited to A/C No. 67153474559-20-03-2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| പ്രവൃത്തിയുടെ പേര് | പഴശ്ശി ഇടവേലി റോഡ് പൈപ്പ്ലൈൻ സ്ഥാപിക്കൽ |
| മുൻകൂർ നൽകിയ തുക, നിർവഹണ ഏജൻസി | 2300000, കേരള വാട്ടർ അതോറിറ്റി. |

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.260/19 -ൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കേരള വാട്ടർ അതോറിറ്റി, എക്സി.എഞ്ചിനീയർക്ക്( ഡബ്ല്യൂ എസ് ഡിവിഷൻ കണ്ണൂർ ) ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക മുൻകൂർ നൽകിയെങ്കിലും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റേയും ബാക്കി തുകയുണ്ടെങ്കിൽ തിരികെ ഈടാക്കിയതിന്റേയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. 29.1.2018-ലെ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. നം. പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ മുൻകൂർ തുക നൽകുന്നതിന് മുൻപ് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ ഇതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 26-11-2019 നൽകിയ 37 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് മറുപടിലഭ്യമാക്കിയില്ല. ആവശ്യമായ ചെലവ് രേഖകളുടെ അഭാവത്തിൽ 2300000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ / വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-23 വയോമിത്രം പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല

നഗരസഭാ സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യ പത്രങ്ങൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ് .

| | |
|---|---|
| പ്രൊജക്ട് നം.,പേര് | വയോമിത്രം പദ്ദതിക്ക് നഗരസഭ വിഹിതം കൈമാറൽ (4/19) |
| അടങ്കൽ | 1000000-വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് രൂ. /ബിൽ നം. | 1000000-6/18-19//03-07-2018<br>സാമൂഹ്യ സുരക്ഷാ ഡയറക്ടർ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മട്ടന്നൂർ നഗരസഭ |

സാമൂഹ്യ സുരക്ഷാ ഡയറക്ടർക്ക് കൈമാറിയ മേൽ പറഞ്ഞ തുകയുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യ പത്രം പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 26-11-2019 ന് നൽകിയ 38 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ സാമൂഹ്യ സുരക്ഷാ ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ് .

## 1-24 മട്ടന്നൂർ നഗരസഭ ലൈബ്രറിക്കും നഗരസഭയിലെ

## അംഗീകൃത വായനശാലകൾക്കും പുസ്തകങ്ങൾ ലഭ്യമാക്കൽ പദ്ധതി-അപാകങ്ങൾ-200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നം.,പേര് | S.O. 248/19മട്ടന്നൂർ നഗരസഭ ലൈബ്രറിക്കും നഗരസഭയിലെ അംഗീകൃത വായനശാലകൾക്കും പുസ്തകങ്ങൾ ലഭ്യമാക്കൽ പദ്ധതി |
| അടങ്കൽ | രൂ. 300000/-(വികസന ഫണ്ട്) |
| ചെലവ് രൂ. 200000/- | (1) ബിൽ നം.3/18-19/18.05.18 രൂ. 200000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മട്ടന്നൂർ നഗരസഭ |
| ഇൻവോയ്സ് നമ്പർ / തീയതി | 350/18-03-2018, കറന്റ് ബുക്സ് തലശ്ശേരി ( 129997/- രൂപ) |

മട്ടന്നൂർ നഗരസഭ ലൈബ്രറിക്കും നഗരസഭയിലെ അംഗീകൃത വായനശാലകൾക്കും പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭ സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണിത്.പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1. ബിൽ നം.3/18-19/18.05.18 പ്രകാരം പിൻ വലിച്ച അകെ തുക 200000/- രൂപയിൽ നിന്നും 129997/- രൂപ മട്ടന്നൂർ നഗരസഭ ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങിക്കുന്നതിനായി കറന്റ് ബുക്സ് തലശ്ശേരിക്ക് കൈമാറുവാനായി ചെലവഴിച്ചിട്ടുണ്ട് . എന്നാൽ, പണം നൽകിയതിന്റെ വിവരങ്ങൾ ( Transfer Credit) , തുകയുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

2. നഗരസഭയിലെ തെരഞ്ഞെടുത്ത 14 അംഗീകൃത വായനശാലകൾക്കും പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ബാക്കി തുക ( രൂ. 70003/-) ചെലവഴിച്ചത്. എന്നാൽ മേൽ പറഞ്ഞ തുകയുടെ ചെലവിന് ആധാരമായ ഇൻവോയ്സ് , പണം നൽകിയതിന്റെ വിവരങ്ങൾ , തുകയുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല.

3. നഗരസഭയിലെ തെരഞ്ഞെടുത്ത 14 അംഗീകൃത വായനശാലകൾക്കും പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് എന്നാൽ മേൽപറഞ്ഞ പ്രകാരം 14 അംഗീകൃത വായനശാലകളുടെ ലൈബ്രറി കൌൺസിൽ അംഗീകാരം സംബന്ധിച്ച രേഖകൾ, വായനശാലകളുടെ അപേക്ഷ ഇവയും ഫയലിൽ ലഭ്യമല്ല. അപേക്ഷ / വായനശാലയുടെ റിക്വിസിഷൻ പോലും ലഭ്യമാകാതെ അവർക്ക് എങ്ങിനെ പുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്തു എന്ന് വ്യക്തമല്ല . പുസ്തകങ്ങൾ യഥാർത്ഥത്തിൽ വായനശാലകൾക്ക് ആവശ്യമായിരുന്നോ എന്നുള്ള വിവരങ്ങൾ ഒന്നും കണക്കിലെടുത്തതായി കാണുന്നില്ല .ഇത് സംബന്ധിച്ച പർച്ചേസിങ്ങ് കമ്മിറ്റി തീരുമാനം മറ്റു വിവരങ്ങൾ എന്നിവ ഒന്നും ഫയലിൽ ലഭ്യമല്ല . ഇത് സംബന്ധിച്ച് 25 -11-2019 ന് നൽകിയ 31 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം 14 വായനശാലകൾ പുസ്തകം കൈപ്പറ്റിയതായിട്ടുള്ള മറുപടിയും മിനുട്സിന്റെ കോപ്പിയും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി വായനശാലയുടെ ഒറിജിനൽ/പകർപ്പ് ഇൻവോയ്സ് മറ്റു സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കുകയുണ്ടായില്ല. ആവശ്യമായ ചെലവ് രേഖകളുടെ

അഭാവത്തിൽ 200000രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. പണം നൽകിയതിന്റെ വിവരങ്ങൾ ( Transfer Credit) ,ഇൻവോയ്സ് തുകയുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-25 നഗരസഭ ഓഫീസിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ട് നം.,പേര് | S.O. 174/19നഗരസഭ ഓഫീസിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | രൂ. 859000/-(വികസന ഫണ്ട്) |
| ചെലവ് രൂ. 671196/- | (1) ബിൽ നം.2/18-19/18.05.18 രൂ. 671196/-<br>Amount Trnsfer credited to Ms. ELSOL POWER SOLUTIONS A/C No. CBIN0284210//3659815550-27-03-2018 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മട്ടന്നൂർ നഗരസഭ |
| ഇൻവോയ്സ് നമ്പർ / തീയതി | 82/27-03-2018, എൽസോൾ പവർ സൊലൂഷൻസ് , മട്ടന്നൂർ |

നഗരസഭ ഓഫീസിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിന് നഗരസഭ സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണിത്.പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

(1) സംസ്ഥാന സർക്കാർ 18.11.2017 ലെ സ.ഉ(എം.എസ്)നം.24/2017/ITD ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ www.cprcs.kerala.gov.inഎന്ന ഓൺലൈൻ സർക്കാർ പോർട്ടൽ സംവിധാനത്തിലൂടെയല്ലാതെ ഐ. ടി. ഉപകരണങ്ങൾ വാങ്ങുവാൻ പാടില്ല എന്ന കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഈ നിർദ്ദേശം പാലിക്കാതെ ടെണ്ടർ ക്ഷണിച്ചാണ് എൽസോൾ പവർ സൊലൂഷൻസ് , മട്ടന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തിയിട്ടുള്ളത്.

(2) നഗരസഭക്ക് ആവശ്യമായ 2 ലാപ് ടോപ്, 12 ഡെസ്ക്ടോപ് കംപ്യൂട്ടറുകൾ 1 ഫോട്ടോകോപ്പിയർ എന്നിവ മുകളിൽ പറഞ്ഞ സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ ക്യാഷ് ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ /തീയതി 82/27-03-2018, എൽസോൾ പവർ സൊലൂഷൻസ് , മട്ടന്നൂർ). ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ സർക്കുലർ നമ്പർ 86/ 2010 ഫിൻ. തീ. 24 - 9 2010 പ്രകാരം സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർ ഹാർഡ്വെയർ,സോഫ്റ്റ്വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കമ്പ്യൂട്ടർ - കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരങ്ങൾ, വിതരണ വിവരങ്ങൾ,ലൊക്കേഷൻ, വാങ്ങൽ വിശദാംശങ്ങൾ,എ.എം.സി വിശദാംശങ്ങൾ തുടങ്ങിയുള്ള എല്ലാ വിവരങ്ങളും സ്റ്റോക്ക് അക്കൗണ്ടിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്. നിലവിൽ ഉപയോഗിച്ചുവരുന്ന ഉപകരണങ്ങളെ സംബന്ധിച്ച് സ്റ്റോക്ക് ലഭ്യമാക്കിയെങ്കിലും ഉപയോഗക്ഷമമല്ലാത്ത നിലയിലുള്ള ഉപകരണങ്ങൾ സംബന്ധിച്ചുള്ള കൃത്യത

ഉറപ്പാക്കിക്കാണുന്നില്ല. നിഷ്ക്രിയമായ അവസ്ഥയിൽ ഉള്ള എല്ലാ ഉപകരണങ്ങളുടെയും സ്റ്റോക്ക് രേഖപ്പെടുത്തുകയും ആധികാരികമാക്കി സൂക്ഷിക്കേണ്ടതും അനിവാര്യമാണ്.

3. വാങ്ങിച്ച ഉപകരണങ്ങൾ നൽകിയ സ്പെസിഫിക്കേഷൻ മുഖാന്തിരം ഉള്ളതാണെന്ന് ഐ കെ എം, കെൽട്രോൺ , പി ഡബ്ല്യു ഡി ഇലക്ട്രോണിക്സ് വിഭാഗം തുടങ്ങിയ ഏതെങ്കിലും സാങ്കേതിക വിഭാഗം ഏജൻസിയെക്കൊണ്ട് വെരിഫിക്കേഷൻ നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് 25-11-2019 ന് നൽകിയ 30 നമ്പർ ഓഡിറ്റ് എന്ക്വയറിക്ക് നഗരസഭ ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിട്ടില്ല . അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-26 പി എം എ വൈ ലൈഫ് പദ്ധതി - പ്ലാൻ ഫണ്ട് വിഹിതത്തിന് മാത്രം പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ്/ബിൽ നം. |
|---|---|---|
| 72/19 പി എം എ വൈ ലൈഫ് പദ്ധതി | 10000000(വികസനഫണ്ട്ജനറൽ) | ബിൽ നം.8/2019//20.07.18 = 2910000<br>ബിൽ നം.11/2019//01.08.18 = 2160000<br>ബിൽ നം.12/2019//01.08.18 = 2190000<br>ബിൽ നം.13/2019//13.08.18 = 2110000<br>ബിൽ നം.15/2019//13.09.18 = 630000<br>..........................................................................<br>10000000<br>.......................................................................... |

പി എം എ വൈ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2018-19 വർഷം പ്രൊജക്ടിലുൾപ്പെടുത്താതെ മറ്റ് സ്രോതസ്സുകളിൽ നിന്നും നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട് . 29.01.2018-ലെ സ.ഉ.(കൈ)11/2018/തസ്വഭവ നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരം ഒരു പദ്ധതിക്ക് ലഭ്യമായ മുഴുവൻ വിഭവശ്രോതസ്സ് പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തി വേണം പദ്ധതി നടപ്പിലാക്കുവാൻ. ഈ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു. ഇത് സംബന്ധിച്ച് 23-11-2019 ന് നൽകിയ 27 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നഗരസഭ ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. .

## 1-27 സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചറും അനുബന്ധ സാമഗ്രികളും ലഭ്യമാക്കൽ-നടപടിക്രമത്തിൽ വീഴ്ച

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ.ജി.യു,പി.എസ് ,മട്ടന്നൂർ |
| പ്രോജക്ടിന്റെ പേര് | സർക്കാർ സ്കൂളുകൾക്ക് |

| | |
|---|---|
| | ഫർണിച്ചറും അനുബന്ധ സാമഗ്രികളും ലഭ്യമാക്കൽ |
| പ്രോജക്ട് നം | 139/2019 |
| അടങ്കൽ | 9,82,816/- (മെയിന്റനൻസ് ഫണ്ട് -നോൺറോഡ്) |
| ചെലവ് | 9,60,684/- |
| ബിൽനം | 3/18- 19 . തീയ്യതി.22.1.2019 / 8,18,960/-<br>5/18- 19 . തീയ്യതി.20.3.2019 / 1,41,724/- |

മട്ടന്നൂർ ഗവ.യു.പിസ്കൂളിന് ആവശ്യമായ ഫർണിച്ചറുകളും ടെലിവിഷനും വാങ്ങുന്നതിനാണ് പ്രോജക്ട്. സ്മാർട്ട് ക്ലാസ്സ് റൂം ആക്കുന്നതിന്റെ ഭാഗമായി എൽ.പി ക്ലാസ്സുകളിൽ ടെലിവിഷനും സ്ഥാപിക്കുന്നു. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചില അപാകതകൾ കാണുകയുണ്ടായി.വിശദാംശങ്ങൾ താഴെ പറയുന്നു.

പ്രോജക്ടിന്റെ ഭാഗമായി താഴെ പറയുന്ന സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട്.

| **സാധനത്തിന്റെ പേര്** | **സ്ഥാപനം** | **തുക** |
|---|---|---|
| ടെലിവിഷൻ (15 എണ്ണം) | നിക്ഷാൻ ഇലകട്രോണിക്സ്,കണ്ണൂർ | 397500 |
| വീഡിയോ ക്യാമറ - 1 | നിക്ഷാൻ ഇലകട്രോണിക്സ്,കണ്ണൂർ | 30500 |
| സ്റ്റീൽ കസേര – 200 എണ്ണം | നിക്ഷാൻ ഇലകട്രോണിക്സ്,കണ്ണൂർ | 220000 |
| ജഫേഷ്സൻ ചെയർ-40 എണ്ണം | റബ്കോ,കണ്ണൂർ | 170960 |
| സ്റ്റീൽ അലമാര ,22 എണ്ണം | FIDCO,ഒളവണ്ണ | 141724 |
| ആകെ | | 9,60,684/- |

തദ്ദേശ ഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/10തസ്വഭവ തീ.08.11.2010പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 1,00,000/-രൂപക്ക് മേൽ അടങ്കൽ തുകയുള്ള വാങ്ങലുകൾ നടത്തുമ്പോൾ ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിക്കണം.അതുപോലെ വ്യാപക പ്രചാരത്തിമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാള ദിനപത്രത്തിലും പരസ്യം ചെയ്യുകയും വേണം.എന്നാൽ 07.11.2018തീയ്യതിയിൽ ടെണ്ടർ പരസ്യം ചെയ്തപ്പോൾ ടെണ്ടർ സമർപ്പണത്തിന് അനുവദിച്ച അവസാന ദിവസം 17.11.2018 തീയ്യതിയാണ്.പത്രപരസ്യം ഇംഗ്ലീഷ് ദിനപത്രത്തിൽ നൽകിയില്ല.

ടെണ്ടർ ക്ഷണിച്ച് സ്റ്റീൽ അലമാര വാങ്ങിച്ചത് FIDCO,ഒളവണ്ണ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നുമാണ്.സ്ഥാപനം കോട്ട് ചെയ്ത നിരക്ക് താഴെ പറയും പ്രകാരമാണ്.

| ഇനം | ഗേജ് അളവ് | നിരക്ക് |
|---|---|---|
| സ്റ്റീൽ അലമാര ഗ്ലാസ്സ് ഡോർ ഉള്ളത് (5.5x2.5x1) | 18 | 7448 |
| സ്റ്റീൽ അലമാര ഗ്ലാസ്സ് ഡോർ ഉള്ളത് (5.5x2.5x1) | 20 | 6924 |
| സ്റ്റീൽ അലമാര ഗ്ലാസ്സ് ഡോർ ഉള്ളത് (5.5x2.5x1) | 22 | 6442 |

ഹെഡ് മാസ്റ്റർ 18.12.2018 തീയ്യതിയിൽ FIDCO വിന് നൽകിയ സപ്ലൈ ഓർഡറിൽ വിതരണം ചെയ്യുവാൻ ആവശ്യപ്പെട്ടത് 18 ഗേജ് ഉള്ള 7448/-രൂപയുടെ സ്റ്റീൽ അലമാരയാണ്.ൽ സാധനം ലഭ്യമായപ്പോൾ ഗുണ നിലവാര പരിശോധനയും അലമാരക്ക് ഉപയോഗിച്ചിരിക്കുന്ന സ്റ്റീലിന്റെ ഗേജും പരിശോധിക്കുന്നതിന് 26.02.2019 തീയ്യതിയിൽ മട്ടന്നൂർ ഗവ.പോളി ടെക്നിക്കിന് കത്ത് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്ത അലമാര 22 ഗേജുള്ളതാണെന്ന് റിപ്പോർട്ട് നൽകി. ഇതിനെ തുടർന്ന് സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ 22 ഗേജുള്ള സാധനത്തിന്റെ വില (141724/-) നൽകുകയാണുണ്ടായത്. അതേ സമയം FIDCO നൽകിയ കാഷ് ബില്ലിൽ 18 ഗേജുള്ള അലമാര എന്ന് രേഖപ്പെടുത്തി അതിന്റെ വില (163856/-)നൽകുവാനുമാണ് ആവശ്യപ്പെട്ടത്.

സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ട സാധനങ്ങൾ നൽകാതെ ഗുണ നിലവാരം കുറഞ്ഞസാധനങ്ങൾ വിതരണം ചെയ്തപ്പോൾ ഇക്കാര്യം FIDCO യെ അറിയിക്കുകയുണ്ടായില്ല.സ്ഥാപനത്തിന്റെ സ്വന്തം ചെലവിൽ വിതരണം ചെയ്ത സാധനങ്ങൾ തിരിച്ചെടുത്ത് പകരം ആവശ്യപ്പെട്ട സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതിന് പകരം ആവശ്യപ്പെടാത്ത സാധനങ്ങൾ സ്വീകരിക്കുകയാണുണ്ടായത്. ഈ നടപടിക്രമം ശരിയല്ല. ഗുണ നിലവാരം കുറഞ്ഞ 22ഗേജിന്റെ സാധനം FIDCO സപ്ലൈ ചെയ്യുകയും ബില്ലൽ 18 ഗേജിന്റെ സാധനം നൽകുന്നതായും അതിന് ഉയർന്ന വിലയും ആവശ്യപ്പെടുന്നത് സ്ഥാപനത്തെ വഞ്ചിക്കലാണ്. ഈ വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ മുനിസിപ്പാലിറ്റിയെ അറിയിക്കുകയുമുണ്ടായില്ല.കരാർ വ്യവസ്ഥക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന് സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിലിനോട് ശുപാർശ ചെയ്തില്ല.ഈ വിഷയത്തിൽ നഗരസഭാ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടലുമുണ്ടായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി സപ്ലൈ ചെയ്ത അലമാരകൾ ക്ലാസ്സ് റൂം ഉപയോഗത്തിന് യോജിച്ചതാണെന്നും ഇത് വാങ്ങുകവഴി നഗരസഭക്ക് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല എന്നുമാണ്.ഈ മറുപടി ശരിയല്ല.കുറഞ്ഞവിലക്ക് ഗുണനിലവാരമുള്ള സാധനങ്ങൾ ലഭിക്കുമായിരുന്നുവെങ്കിൽ അത് നേരത്തെ ഓർഡർ ചെയ്യാമായിരുന്നു.ഇത് വഴി പദ്ധതി പണം സേവ് ചെയ്ത് മറ്റ് പ്രവൃത്തികൾക്ക് ഉപയോഗിക്കാമായിരുന്നു. നടപടിക്രമത്തിൽ വന്ന വീഴ്ചകളും നിർവ്വഹണത്തിൽ വന്ന മറ്റ് അപാകങ്ങളും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

മേൽ പ്രൊജക്ടിന് താഴെ പറയും പ്രകാരം എസ്.എസ്.എ പ്രോജക്ട് ഓഫീസർക്ക് തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| പ്രോജക്ട് നം | 15/2019 |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട്) |
| ചെലവ് | 15,00,000/- 86,98,150/- |
| ബിൽനം | 2/18- 19 . തീയ്യതി.22.1.2019 |

മേൽ പ്രോജക്ടിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടിപരിപാലനം-കൈപ്പറ്റ് രശീതിയും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടിപരിപാലനം

പ്രോജക്ട് നം : 7/2019

അടങ്കൽ :₹ 6,25,000വികസനഫണ്ട്

₹ 6,25,000 ഗുണഭോക്തൃവിഹിതം

ചെലവ് :₹ 6,25,000

ബിൽ നമ്പർ&തീയ്യതി 1/18-19/01-12-2018

നിർവ്വഹണം : വെറ്റിനറിസർജൻ

പ്രത്യേക കന്നുകുട്ടിപരിപാലനം എന്ന മേൽ പ്രോജക്ട് പ്രകാരം മരുതായി ക്ഷീരോത്പാദനസഹകരണസംഘത്തിന് കീഴിൽ 50 കന്നുകുട്ടികളെ പദ്ധതിയിലുൾപ്പെടുത്തി ഇൻഷുർ ഉൾപ്പെടെ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള വികസനഫണ്ട് വിഹിതമായി ₹ 6,25,000 SLBP ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി പറയുന്നുണ്ടണ്ടെങ്കിലും ഈ തുകയുടെ കൈപ്പറ്റുരശീതി ഫയലിൽ ലഭ്യമല്ല. തുക കൈമാറിയതിന്റെ കൈപ്പറ്റ് രശീതിയും പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി പ്രകാരം കാലിത്തീറ്റ വിതരണം നടത്തിയത് മരുതായി ക്ഷീരസഹകരണ സംഘം മുഖേനയാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണസംഘം സൂക്ഷിച്ചിട്ടുള്ള കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത അപാകങ്ങളുള്ളതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നമ്പർ | പരാമർശം |
|---|---|---|

| | | |
|---|---|---|
| വിക്രമൻ സി കെ | 96 | 2/19 മുതൽ 5/19 വരെ മാത്രമെ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ |
| ആമിന കെ | 28 | 2/19 മുതൽ 6/19 വരെ മാത്രമെ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ |
| സീനത്ത് പി | 29 | 2/19 മുതൽ 6/19 വരെ മാത്രമെ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ |
| പുരുഷോത്തമൻ പി | 21 | നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല |
| ശാരദ കെ.കെ | 34 | നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല |
| രതീശൻ കെ | 121 | നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല |

8/2019 മുതൽ ആർക്കും കാലിത്തീറ്റ വിതരണം ചെയ്തതായി കാണുന്നില്ല.വിതരണരജിസ്റ്ററിൽ ആവശ്യപ്പെട്ട വ്യക്തിഗത വിവരങ്ങൾ പൂർണ്ണമായും പൂരിപ്പിക്കുന്നില്ല. മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ടുപോയതാണോ എന്ന് പരിശോധിക്കേണ്ടതാണ്. വിട്ടുപോകുന്ന ഗുണഭോക്താക്കൾക്കായി അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി പുരോഗതി നിരന്തരമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്.

## 1-30 വനിതാകാറ്ററിംഗ് യൂണിറ്റ് -സബ്സിഡി തുക നിഷ്ക്രിയമായി ബാങ്കിൽ - ₹2,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ (നഗരദാരിദ്ര്യ നിർമാർജനസെൽ),

പ്രോജക്ട് നമ്പറും പേരും : 165/19 വനിതാകാറ്ററിംഗ് യൂണിറ്റ്

അടങ്കൽ : ₹2,00,000 വികസന ഫണ്ട്

ചെലവ് : ₹2,00,000

ബിൽനമ്പർ&തീയ്യതി : 2/18-19/30-05-2018

മട്ടന്നൂർ നഗരസഭയുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ പൊതുസേവന പ്രോജക്ടിൽ ഉൾപ്പെടുത്തി ₹2,00,000 വകയിരുത്തി അംഗീകാരം നേടിയ 197/18 നമ്പർ പദ്ധതി 2018-19 വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി (പ്രോജക്ട് നമ്പർ 165/19) നടപ്പാക്കുകയാണുണ്ടായത്. 05-01-2018 ന് നടന്ന ഗ്രൂപ്പ് സംരംഭകരുടെ യോഗത്തിൽ ,യൂണിയൻ ബാങ്കിൽ നിന്നും സെക്രട്ടറി,പ്രസിഡണ്ട് എന്നിവരുടെ പേരിൽ ബാങ്ക് വായ്പ എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.കേറ്ററിംഗ് യൂണിറ്റ് ഉരുവച്ചാലിലുള്ള വാടകക്കെട്ടിടത്തിൽ തുടങ്ങാനും മേൽ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. 28-02-18 ന് യൂണിയൻ

ബാങ്കിന്റെ മട്ടന്നൂർ ശാഖയിൽ അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്. എന്നാൽ സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഗ്രൂപ്പിന് യൂണിയൻ ബാങ്ക് വായ്പ അനുവദിക്കുകയോ തദ്ദേശസ്വയംഭരണസ്ഥാപനവുമായി കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

ഗ്രൂപ്പ് രൂപീകരിച്ച് ആറ് മാസം കഴിഞ്ഞ ശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പിനാണ് സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് (സ.ഉ (കൈ) നമ്പർ 22/2018 ത.സ്വ.ഭ.വ ,14-02-2018 ) പ്രകാരം സബ്സിഡി അനുവദിക്കാവുന്നത് .വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം .ഇവിടെ ഈ വിധത്തിലുള്ള ഗ്രേഡിംഗ് നടത്തിയതായി കാണുന്നില്ല.

കാറ്ററിംഗ് യൂണിറ്റ് തുടങ്ങുവാനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയായതിന്റെയോ യൂണിറ്റിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങിയതിന്റെയോ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ഇതൊന്നുമില്ലാതെയാണ് ₹2,00,000 ബിൽനമ്പർ&തീയ്യതി 2/18-19/30-05-2018 പ്രകാരം പിൻവലിച്ചിട്ടുള്ളത്. ഈ തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായതിന്റെ രേഖകളില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടിയും രേഖകളും ആവശ്യപ്പെട്ട് നൽകിയ **ഓഡിറ്റ് അന്വേഷണം - നം.32** തീ.25-11-2019 ക്ക് ഭാഗികമായി കാറ്ററിംഗ് യൂണിറ്റിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങി പ്രവർത്തിച്ച് വരികയാണെന്നും സാധനസാമഗ്രികൾ വാങ്ങിച്ചത് സംബന്ധിച്ച ബിൽ ഹാജരാക്കാത്തതിനാൽ കാറ്ററിംഗ് യൂണിറ്റ് ബാങ്കിൽ നിന്നും പണം പിൻവലിച്ചിട്ടില്ലെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

ബാങ്ക് വായ്പ അനുവദിക്കുന്നതിന് മുമ്പ് തന്നെ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയത് മാർഗ്ഗരേഖാവിരുദ്ധമാണ്. 30-05-2018 ന് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയ തുക ഇതുവരെയായും പിൻവലിക്കാതെ ബാങ്കിൽ നിഷ്ക്രിയമായി കിടക്കുകയാണെന്നാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. വികസനകാര്യ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് നടന്നതായും കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച ₹2,00,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 ഭദ്രതാഭവനപദ്ധതി-പൂർത്തീകരിക്കാത്ത വീടുകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ(നഗരദാരിദ്ര്യനിർമാർജനസെൽ)

പ്രോജക്ട് നമ്പർ : 128/19

പ്രോജക്ടിന്റെ പേര് : ഭദ്രതാഭവനപദ്ധതി

അടങ്കൽ : 20,00,000 വികസനഫണ്ട്

ചെലവ് : ₹ 17,60,000

മട്ടന്നൂർ നഗരസഭയിലെ വീട് നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾക്ക് അനുവദിക്കാൻ ബാക്കിയുള്ള തുക അനുവദിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. മുൻവർഷങ്ങളിൽ ഭദ്രതാഭവനപദ്ധതി പ്രകാരം വീട് പണിയാരംഭിച്ച 19 ഗുണഭോക്താക്കൾ 2018-19 സാമ്പത്തികവർഷാവസാനവും വീട് പണി പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | ആദ്യഗഡു അനുവദിച്ച തീയ്യതി | അവസാന ഗഡു അനുവദിച്ച തീയ്യതി | അനുവദിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | സുശീല പി | 26 | 03-08-15 | 09-08-18 | 20,000 |

| | | | | | |
|---|---|---|---|---|---|
| 2 | പി.പി.സുരേശൻ | 8 | 09-11-15 | 09-08-18 | 20,000 |
| 3 | കല്ലേരിക്കരമ്മൽ കുഞ്ഞിക്കണ്ണൻ | 22 | 20-10-16 | 09-08-18 | 20,000 |
| 4 | ഉത്തമൻ കെ | 24 | 20-10-16 | 09-08-18 | 20,000 |
| 5 | പി.കെ മീനാക്ഷി | 1 | 11-12-15 | 31-01-18 | 20,000 |
| 6 | പൈതൽ ചാപ്പാടി | 2 | 04-08-15 | 20-10-16 | 60,000 |
| 7 | പി.വി.കാർത്ത്യായിനി | 4 | 14-03-16 | 31-01-18 | 20,000 |
| 8 | നെല്ലിക്ക കാർത്ത്യായിനി | 13 | 14-03-16 | 28-06-18 | 60,000 |
| 9 | കെ.കെ.ലത | 15 | 07-04-15 | ലഭ്യമല്ല | 20,000 |
| 10 | പുലിക്കോടൻ ദേവി | 15 | 06-11-15 | 31-01-18 | 20,000 |
| 11 | സദാനന്ദൻ ഒ.കെ | 18 | 15-03-16 | 25-06-18 | 60,000 |
| 12 | മധു.കെ&സുമതി | 20 | 14-03-16 | 06-08-19 | 20,000 |
| 13 | എടവന പുതിയവീട്ടിൽ രാജൻ | 22 | 03-08-15 | തീയ്യതിയില്ല | 20,000 |
| 14 | കുഞ്ഞിരാമൻ കെ | 24 | തീയ്യതി ലഭ്യമല്ല | 31-01-18 | 20,000 |
| 15 | കെ.കെ.വിശ്വമണി&പ്രമീള | 28 | 07-04-15 | 31-01-18 | 20,000 |
| 16 | എം.നാണി | 29 | 07-04-15 | 25-06-18 | 20,000 |
| 17 | സിന്ധു വി.കെ | 29 | 06-11-15 | 31-01-18 | 60,000 |
| 18 | കല്യാണി പുതിയപുരയിൽ | 33 | 06-11-15 | 07-09-18 | 20,000 |
| 19 | കെ.നാരായണി | 34 | 14-03-16 | 25-06-18 | 20,000 |

2018-19 വർഷം മേൽ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ അപേക്ഷകളും മറ്റ് വിവരങ്ങളും അടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ വീട് പണി ഏത് ഘട്ടം വരെ പൂർത്തീകരിച്ചപ്പോഴാണ് തുക നൽകിയതെന്ന വിവരം ലഭ്യമല്ല. സ്റ്റേജ് സർട്ടിഫിക്കറ്റ് ,വീടിന്റെ ഫോട്ടോ ,മോണിട്ടറിംഗ് റിപ്പോർട്ട് ഇവയൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വീട് പണി പൂർത്തിയാക്കാനുള്ളവർ എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-32 ഭദ്രതാ ഭവനപദ്ധതി സബ്സിഡി തുക അധികം നൽകിയത് :₹ 20,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ (നഗരദാരിദ്ര്യനിർമാർജനസെൽ)

പ്രോജക്ടിന്റെ നമ്പറും പേരും : 128/19, ഭദ്രതാ ഭവനപദ്ധതി

അടങ്കൽ : 20,00,000 വികസനഫണ്ട്

ചെലവ് : 17,60,000

മട്ടന്നൂർ നഗരസഭയിൽ നേരത്തെ വീട് നിർമ്മാണം ആരംഭിച്ച ഗുണഭോക്താക്കൾക്ക് അവശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള പ്രോജക്ടാണിത്. ഇത് പ്രകാരം ഒരാൾക്ക് അനുവദിക്കുന്ന സബ്സിഡി ₹2,00,000 ആണ്. ഭദ്രത ഭവനപദ്ധതി രജിസ്റ്റർ പ്രകാരം പദ്ധതി ഗുണഭോക്താവായ ശ്രീ. പി.പി.സുരേശൻ എന്നയാൾക്ക് നാല് ഗഡുക്കളായി ₹1,80,000 നൽകിയിട്ടുണ്ട്. ₹20,000(09-11-15), ₹60,000(20-10-16), ₹60,000(തീയ്യതിയില്ല),₹ 40,000(09-08-18) എന്നിങ്ങനെ നാല് ഗഡുക്കളായാണ് തുക നൽകിയത്. ₹20,000 നൽകുവാൻ ബാക്കിയുള്ളതായാണ് കാണുന്നത്.

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം 2018-19 വർഷത്തിൽ മേൽ ഗുണഭോക്താവിന് 25-06-18,09-08-18,08-10-18 എന്നീ തീയ്യതികളിലായി യഥാക്രമം ₹60,000, ₹ 40,000,₹ 40,000 എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഇതുവരെയായി ₹ 2,20,000 ആകെ അനുവദിച്ചിട്ടുണ്ട്. ₹20,000 അധികം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 55/2019 തീയ്യതി :27-11-2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഗുണഭോക്താവിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്. 20,000/- രൂപ തടസ്സത്തിൽപ്പെടുത്തുന്നു.

## 1-33 ലൈഫ് - വീട്ടുപണി പൂർത്തീകരിക്കാത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിന് ധനസഹായം;ചെലവ് രേഖകൾ ലഭ്യമാക്കിയില്ല, ₹ 8,61,139യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ : പ്രോജക്ട് ഓഫീസർ (നഗരദാരിദ്ര്യനിർമാർജനസെൽ)

പ്രോജക്ടിന്റെ നമ്പറും പേരും : 159/19, ലൈഫ് - വീട് പണി പൂർത്തീകരിക്കാത്തവർക്ക്

വീട് പൂർത്തീകരിക്കുന്നതിന് ധനസഹായം

അടങ്കൽ : 19,78,156 വികസനഫണ്ട് ,2,583(MG(NR))

ചെലവ് : 8,61,139 വികസനഫണ്ട്

ലൈഫ് - വീട് പണി പൂർത്തീകരിക്കാത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിന് ധനസഹായം എന്ന മേൽ പദ്ധതിക്കായി 2018-19 വർഷം ₹8,61,139 വികസനഫണ്ട് താഴെ കൊടുത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ&തീയ്യതി | തുക |
|---|---|---|
| 1 | 1/18-19/03-05-18 | 3,09,985 |
| 2 | 8/18-19/05-10-18 | 90,000 |
| 3 | 11/18-19/17-10-18 | 90,000 |
| 4 | 12/18-19/22-11-18 | 70,000 |
| 5 | 17/18-19/05-01-19 | 1,40,000 |
| 6 | 18/18-19/05-02-19 | 1,61,154 |
| ആകെ | | 8,61,139 |

എന്നാൽ ചെലവ് സംബന്ധിച്ച വിശദാംശങ്ങളും ചെലവ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നം. 56/2019 തീയ്യതി :27-11-2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹ 8,61,139യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ഫുഡ് പ്രൊഡക്ഷൻ കോഴ്സ്- കാറ്ററിംഗ് യൂണിറ്റ് രൂപീകരിച്ചില്ല-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

നിർവ്വഹണഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ നമ്പറും പേരും : 127/19, വനിതാറിസോഴ്സ് സെന്റർ പ്രവർത്തനം

അടങ്കൽ : 8,00,000 വികസനഫണ്ട്,

ചെലവ് : 7,59,827 (വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ചത്)

മട്ടന്നൂർ നഗരസഭയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന വനിതാറിസോഴ്സ് സെന്ററിന്റെ തുടർപ്രവർത്തനം എന്ന നിലയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനാണ് പ്രോജക്ട് രൂപം കൊടുത്തിട്ടുള്ളത്. പ്രോജക്ടിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളും വകയിരുത്തിയ തുകയും താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | വകയിരുത്തിയ തുക |
|---|---|---|
| 1 | വനിതാറിസോഴ്സ് സെന്ററിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് കോ ഓർഡിനേറ്ററെ നിശ്ചയിക്കൽ | 1,20,000 |
| 2 | വനിതാറിസോഴ്സ് സെന്ററിലേക്ക് പത്രമാസികകളും ആനുകാലിക പ്രസിദ്ധീകരണങ്ങളും | 15,000 |
| 3 | വാർഡ് തല ജാഗ്രതാസമിതി ശക്തിപ്പെടുത്തൽ | 20,000 |
| 4 | വിവിധ ബോധവത്കരണക്ലാസുകൾ | 15,000 |
| 5 | കാറ്ററിംഗ് യൂണിറ്റ് രൂപീകരിക്കൽ | 3,00,000 |
| 6 | ഓട്ടോ ലഭ്യമാക്കൽ | 80,000 |
| 7 | അപ്പാരൽ പാർക്ക് | 1,75,000 |
| 8 | കരാട്ടേ പരിശീലനം | 75,000 |
| ആകെ | | 8,00,000 |

മേൽ പ്രോജക്ടിന്റെ ഭാഗമായി കാറ്ററിംഗ് യൂണിറ്റ് രൂപീകരിക്കൽ എന്ന പ്രവർത്തനത്തിനായി 10 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 6 മാസം ദൈർഘ്യമുള്ള ഫുഡ് പ്രൊഡക്ഷൻ കോഴ്സ് സൗജന്യമായി നൽകിയിട്ടുണ്ട്. കണ്ണൂരിലെ ഫുഡ് ക്രാഫ്റ്റ്

ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനമാണ് പരിശീലനം നൽകിയത്. ഒരാൾക്ക് മുപ്പതിനായിരം രൂപ വീതം 10 പേർക്കുള്ള കോഴ്സ് ഫീയായി ₹3,00,000 ബിൽ നമ്പർ 29/18-19/25-10-18 പ്രകാരം പിൻവലിച്ച് പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മുഴുവൻ ഗുണഭോക്താക്കളും കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

അന്താരാഷ്ട്ര വിമാനത്താവളമടക്കമുള്ള മട്ടന്നൂർ നഗരത്തിൽ പാചകമേഖലയിൽ വൈദഗ്ദ്ധ്യം നേടിയ പത്ത് യുവതികളെ ഉപയോഗിച്ച് സ്വദേശികൾക്കും വിദേശികൾക്കും ആവശ്യമായതും നിലവാരമുള്ളതുമായ ഒരു കഫേയൂണിറ്റ് കുടുംബശ്രീ പങ്കാളിത്തത്തോടെ ആവിഷ്ക്കരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.കോഴ്സ് പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി ഇത്തരത്തിൽ കഫേയൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ എവിടെ വരെയായി എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (**ഓഡിറ്റ് അന്വേഷണം നം.28 /2019** തീയ്യതി :23-11-2019) ഭീമമായ വാടക കാരണം എയർപോർട്ടിൽ സംരംഭം ആരംഭിക്കാൻ പറ്റിയില്ലെന്നും മട്ടന്നൂർ നഗരത്തിൽ കഫേശ്രീ ആരംഭിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചെന്നുമാണ് മറുപടി നൽകിയത്. ₹3,00,000 വികസനഫണ്ട് ചെലവഴിച്ച് സൗജന്യമായി നൽകിയ പരിശീലനം ഉത്പാദനപരമായി പൂർണ്ണവിജയത്തിലെത്തിക്കാനുള്ള നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി ഇതുവരെ ആരംഭിക്കാത്തതിനാൽ ചെലവ് തുകയായ 3 ലക്ഷടം രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-35 വനിതാറിസോഴ്സ് സെന്റർ കോ- ഓർഡിനേറ്റർക്ക് വികസനഫണ്ടിൽ നിന്നും ഹോണറേറിയം- മാർഗ്ഗരേഖാവിരുദ്ധം - ₹ 1,20,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റിന്റെ നമ്പറും പേരും : 127/19, വനിതാ റിസോഴ്സ് സെന്റർ പ്രവർത്തനം

അടങ്കൽ : 8,00,000 വികസനഫണ്ട്,

ചെലവ് : 7,59,827 (വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ചത്)

മട്ടന്നൂർ നഗരസഭയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന വനിതാ റിസോഴ്സ് സെന്ററിന്റെ തുടർപ്രവർത്തനം എന്ന നിലയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനാണ് പ്രോജക്ട് രൂപം കൊടുത്തിട്ടുള്ളത്. ഈ പ്രോജക്ട് പ്രകാരം വകയിരുത്തിയ 8,00,000 രൂപയിൽ ₹ 1,20,000 രൂപ ചെലവഴിച്ചിരിക്കുന്നത് വനിതാ റിസോഴ്സ് സെന്ററിന്റെ കോ-ഓർഡിനേറ്റർക്ക് പ്രതിമാസം ₹ 10,000 വീതം ഹോണറേറിയം നൽകുന്നതിനാണ്. സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള ഇനങ്ങൾക്കല്ലാതെ വികസനഫണ്ടിൽ നിന്നും ഹോണറേറിയം നൽകാൻ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. /2019 തീയ്യതി :23-11-2019 ന് കോ- ഓർഡിനേറ്ററുടെ സേവനം റിസോഴ്സ് സെന്ററിന് വർഷം മുഴുവൻ നിർബന്ധമായതിനാലാണ് ഭരണസമിതി തീരുമാനപ്രകാരം ഹോണറേറിയം നൽകിയതെന്നും ഇത് സംബന്ധിച്ച് സർക്കാർ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയത്. മാർഗ്ഗരേഖാവിരുദ്ധമായി വികസനഫണ്ടിൽ നിന്നും ഹോണറേറിയം അനുവദിച്ചത് വഴി ചെലവായ ₹ 1,20,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 വയോജനപരിപാലനം - മാർഗ്ഗരേഖാനുസൃതപദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

നിർവ്വഹണഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ നമ്പറും പേരും : 131/19, വയോജനപരിപാലനപദ്ധതി

അടങ്കൽ : 2,50,000 വികസനഫണ്ട്,

ചെലവ് : 2,50,000 (വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ചത്)

വയോമിത്രം പദ്ധതിയുടെ ഭാഗമായി മട്ടന്നൂർ നഗരസഭയിലെ 26 കേന്ദ്രങ്ങളിൽ മെഡിക്കൽ പരിശോധന നടത്തി വരുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ പരിശോധനക്കായി എത്തിച്ചേരുന്ന 300 വയോജനങ്ങൾക്ക് ചായയും ലഘുഭക്ഷണവും 12 മാസക്കാലയളവിൽ നൽകുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത് . ഇതിനായി 2,50,000 രൂപ വികസനഫണ്ട് വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. ലഘുഭക്ഷണവിതരണത്തിന് മാത്രമായി ഇത്രയധികം തുക വികസനഫണ്ട് ചെലവഴിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതി രൂപീകരണസമയത്ത് ഇത്തരം കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-37 സബ്സിഡി വിതരണം -യഥാർത്ഥ അക്കൗണ്ടുകളിൽ കൃത്യമായി പണമെത്തുന്നെന്നുറപ്പുവരുത്തേണ്ടതാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന സബ്സിഡി വിതരണപദ്ധതികളുടെ സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇത്തരം സംഗതികളിൽ സബ്സിഡിതുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടു എന്നുറപ്പുവരുത്തുന്നതിനായി യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാകുന്നില്ല. ആയതിനാൽ സബ്സിഡി തുക ക്രഡിറ്റ് ചെയ്യപ്പെട്ട ബാങ്ക് പാസ്ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പോ കൈപ്പറ്റ് രശീതിയോ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-38 ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മരുതായി ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 122/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹോമിയോ ഡോക്ടർ |

| | |
|---|---|
| അടങ്കൽ | ₹ 2,50,000 റോഡിതര സംരക്ഷണഗ്രാന്റ് |

| | |
|---|---|
| ബിൽ നമ്പർ | 1/18-19 |
| ബിൽ തീയതി | 29-10-2018 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ ഹോംകോ ആലപ്പുഴയിൽ നിന്ന് ₹ 2,50,000 യുടെ ഹോമിയോ മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. ഇതനുസരിച്ച് 29-10-2018ന് ബിൽ നമ്പർ 1/18-19 പ്രകാരം ₹ 2,50,000 റോഡിതര സംരക്ഷണഗ്രാന്റ് പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാലിതുവരെയായി ₹ 1,57,450 ന്റെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ₹ 92,550 ന്റെ മരുന്നുകൾ കിട്ടുവാൻ ബാക്കിയുണ്ട്. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭിച്ചുവെന്ന് ഉറപ്പു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-39 സി.എച്ച്.സി മട്ടന്നൂർ മരുന്ന് വാങ്ങൽ- മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) |
| പ്രോജക്ട് നമ്പർ | 11/19 |
| പ്രോജക്ടിന്റ പേര് | സി.എച്ച്.സി മട്ടന്നൂർ മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹800000വികസനഫണ്ട് |
| ചെലവ് | ₹5,70,400 ബിൽ നമ്പർ/തീയതി : 04/2018-19/29-12-2018 |

മട്ടന്നൂർ സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി₹800000 പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ₹744867 നുള്ള മരുന്നുകൾ മാത്രമേ നാളിതുവരെയായി ലഭ്യമായിട്ടുള്ളൂ. ₹55133 നുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. മുഴുവൻ തുകയ്ക്കുള്ളവ മരുന്നുകളും ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ലഭിച്ചുവെന്നുറപ്പു വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-40 വായനശാലകൾക്കും സ്കൂളുകൾക്കും ദിനപ്പത്രം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 26280രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം.,പേര് | S.O. 183/19വായനശാലകൾക്കും സ്കൂളുകൾക്കും ദിനപ്പത്രം |
| അടങ്കൽ | രൂ. 100000/-(വികസന ഫണ്ട്) |
| ചെലവ് രൂ. 72830/- | (1) ബിൽ നം.42/18-19/23.03.2019 രൂ. 72830/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മട്ടന്നൂർ നഗരസഭ |

മട്ടന്നൂർ നഗരസഭയിലെ വായനശാലകൾക്കും സ്കൂളുകൾക്കും ദിനപ്പത്രം ലഭ്യമാക്കുന്നതിന് നഗരസഭ സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണിത്.പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

1. ബിൽ നം.42/18-19/23.03.2019 പ്രകാരം പിൻ വലിച്ച അകെ തുക 72830/- രൂപ വിവിധ വായനശാലകൾക്കും സ്കൂളുകൾക്കും ദിനപ്പത്രം വാങ്ങിക്കുന്നതിന്റെ ചിലവായി വിവിധ ദിനപത്രങ്ങളുടെ ഏജന്റുമാർക്ക് വരിസംഖ്യ ഇനത്തിൽ കൈമാറുവാനായി ചെലവഴിച്ചിട്ടുണ്ട് . എന്നാൽ, പദ്ധതി പ്രകാരം ബാക്കി തുക 26280 രൂപ ചെലവ് ചെയ്തതിന്റെ /പണം നൽകിയതിന്റെ വിവരങ്ങൾ ( Transfer Credit) , ചെലവിന് ആധാരമായ ഇൻവോയ്സ്, തുകയുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണ്.സുലേഖ സോഫ്റ്റ്വെയർ പ്രകാരം ചെലവ് തുക 99110 രൂപയാണ്. ആവശ്യമായ ചെലവ് രേഖകളുടെ അഭാവത്തിൽ 26280/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.ആവശ്യമായ രേഖകൾ / വിശദീകരണം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-41 നഗരസഭയിലെ മാലിന്യസംസ്കരണം

നഗരസഭയിൽ ഉൾപ്പെട്ട ഓരോ പ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുകയും അജൈവ മാലിന്യം ശേഖരിച്ച് പുനചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സമീപനമാണ് മാലിന്യ സംസ്കരണത്തിനായി നഗരസഭ സ്വീകരിക്കേണ്ടത് .ഇതിനായി ശുചിത്വമിഷൻ ,ക്ലീൻ കേരള കമ്പനി എന്നിവയുടെ സാങ്കേതിക സഹായത്തോടെ

നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രൊജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്

മട്ടന്നൂർ നഗരസഭാ പ്രദേശത്ത് 35 വാർഡുകളിലെ 14291 വീടുകളിലായി 48,988 ആളുകൾ അധിവസിക്കുന്നുണ്ട്. വിവിധ ഇടങ്ങളിലെ മാലിന്യം ശേഖരിക്കുന്നതിനായി 25 തൊഴിലാളികളും 17 കുടുംബശ്രീ അംഗങ്ങളും നഗരസഭയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു മാലിന്യ ശേഖരണ വാഹനത്തിന്റെ സഹായത്തോടെ പ്രതിദിനം രണ്ട് ടൺ മാലിന്യം നഗരസഭ ശേഖരിക്കുന്നുണ്ട്. ശേഖരിച്ച മാലിന്യത്തിന്റെ സംസ്കരണത്തിനായി വിൻഡ്രോ യൂണിറ്റ് ,എം സി എഫ് ,ആർ ആർ എഫ് , ബയോഗ്യാസ് പ്ലാന്റ് എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് , പൈപ്പ് കമ്പോസ്റ്റ് മുതലായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ഹരിതകർമ്മസേന വീടുവീടാന്തരം കയറിയിറങ്ങി അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. നഗരസഭയിൽ പ്രവർത്തിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഉൽപാദിപ്പിക്കുന്ന ഷ്രെഡഡ് പ്ലാസ്റ്റിക് റോഡ് ടാറിങ്ങിന് വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്. 2018- 19 ൽ 4216 കിലോഗ്രാം പ്ലാസ്റ്റിക് വിൽപ്പന നടത്തിയിട്ടുണ്ട്. നിലവിൽ നഗരസഭയിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നു വരുന്നു.

## 1-42 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് നൽകി - തുക തിരിച്ച് പിടിക്കേണ്ടതാണ്.

മട്ടന്നൂർ നഗരസഭയിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട് മാസങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെയായി അവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യപ്പെടാത്തത് കാരണം ഇപ്പോഴും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര്,ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | മരണശേഷം വിതരണം ചെയ്ത തുക | വിതരണമാസം |
|---|---|---|---|---|
| എം.വി.കുഞ്ഞിരാമൻ 543072119468 | 102170201078 (വാർദ്ധക്യ പെൻഷൻ) | 06.03.2018 | 14400 | 4/18 -7/18 – 4400/-<br>8/18- 11/18 -4400/-<br>12/18-4/19 – 5600/- |
| ഇബ്രാഹിം പാറക്കോടൻ 713300033160 | 102170200554 (വാർദ്ധക്യ പെൻഷൻ) | 22.02.2018 | 19100 | 3/18 1100/ -<br>4/18 -7/18 – 4400/-<br>8/18- 11/18 -4400/-<br>12/18-4/19 – 5600/-<br>5/19 -7/19 – 3600/- |
| പാർവ്വതിയമ്മ 629158139594 | 102170100983 (കാർഷിക പെൻഷൻ) | 26.05.2018 | 12200 | 6/18 -7/18 – 2200/-<br>8/18- 11/18 -4400/-<br>12/18 - 4/19 – 5600/- |

| | | | | |
|---|---|---|---|---|
| മറിയുമ്മ.പി<br>630886820822 | 102170601539<br>(വാർദ്ധക്യ പെൻഷൻ) | 08.06.2018 | 14700 | 7/18 - 1100/-<br>8/18- 11/18 -4400/-<br>12/18-4/19 – 5600/-<br>5/19 -7/19 – 3600/- |
| മായൻ മുസലിയാർ<br>784652992544 | 102170200330<br>(വാർദ്ധക്യ പെൻഷൻ) | 05.06.2018 | 19500 | 7/18 – 1500/-<br>8/18- 11/18 -6000/-<br>12/18-4/19 – 7500/-<br>5/19 -7/19 – 4500/- |
| കുഞ്ഞാമിന.കെ.കെ<br>728638606365 | 102170601469<br>(വാർദ്ധക്യ പെൻഷൻ) | 22.06.2018 | 1100 | 7/18 – 1100/- |
| ചന്ദ്രൻ.സി<br>748663394346 | 102170201309<br>(വാർദ്ധക്യ പെൻഷൻ) | 25.07.2018 | 13600 | 8/18- 11/18 -4400/-<br>12/18-4/19 – 5600/-<br>5/19 -7/19 – 3600/- |
| ദേവകി.എം<br>426241304652 | 102170600709<br>(വാർദ്ധക്യ പെൻഷൻ) | 28.07.2018 | 13600 | 8/18- 11/18 -4400/-<br>12/18-4/19 – 5600/-<br>5/19 -7/19 – 3600/- |
| ജാനകി.എം.കെ.<br>233949765893 | 102170201129<br>(വാർദ്ധക്യ പെൻഷൻ) | 16.07.2018 | 4400 | 8/18- 11/18 -4400/- |
| നബീസു പുതിയാണ്ടി<br>993317915388 | 102170200332<br>(വാർദ്ധക്യ പെൻഷൻ) | 16.11.2017 | 30000 | 12/17-3/18 - 6000<br>4/18 -7/18 – 6000/-<br>8/18- 11/18 -6000/-<br>12/18-4/19 – 7500/-<br>5/19 -7/19 – 4500/- |
| എസ്.വി.അലി<br>655940320378 | 102170200758<br>(വാർദ്ധക്യ പെൻഷൻ) | 06.12.2017 | 28500 | 1/18 – 3/18 – 4500/-<br>4/18 -7/18 – 6000/-<br>8/18- 11/18 -6000/-<br>12/18-4/19 – 7500/-<br>5/19 -7/19 – 4500/ |

ഇതിൽ എം.വി.കുഞ്ഞിരാമൻ,പാർവ്വതിയമ്മ,കുഞ്ഞാമിന,ജാനകി.എം.കെ.എന്നിവരുടെ പെൻഷൻ നിലവിൽ സസ്പെന്റ് ചെയ്തതായി സ്റ്റാറ്റസ് കാണുന്നുണ്ട്.മട്ടന്നൂർ നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റിവരുന്നതും ഈ സ്ഥാപനത്തിൽ മരണം റജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഏതാനും പേരുടെ വിവരങ്ങൾ മാത്രമാണ് പരിശോധന നടത്തിയിട്ടുള്ളത്.

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എസ്.എഫ്.സി-ബി2/53/2017/ധന തീയതി 22/01/2018 നമ്പർ സർക്കുലർ പ്രകാരം ഒരു ഗുണഭോക്താവ് മരണപ്പെട്ട വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശികസർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണ്. ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനുവദിച്ച തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചടക്കാൻ അനന്തരാവകാശികൾക്ക് പ്രാദേശിക സർക്കാർ നോട്ടീസ് നൽകേണ്ടതും തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അതുപോലെ മരണപ്പെട്ടവരേയും സ്ഥലം മാറിപ്പോയവരേയും ഒഴിവാക്കിക്കൊണ്ട് സാമൂഹ്യസുരക്ഷാപെൻഷൻ ഗുണഭോക്താക്കളുടെ പുതുക്കിയ ലിസ്റ്റ് പ്രാദേശിക സർക്കാർ തയ്യാറാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 20/19-11-2019 )സമർപ്പിച്ച മറപടിയിൽ ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിലേക്ക് പോയ തുകകൾ തിരിച്ച് പിടിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഈ നഗരസഭയിൽനിന്നും ക്ഷേമപെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരിൽ അക്കൗണ്ടിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ളവരിൽ മരണപ്പെട്ട മുഴുവൻ പേരുടെയും ഡാറ്റ വിവരങ്ങൾ പരിശോധിച്ച് അനർഹമായി പെൻഷൻ തുക നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ഇക്കാര്യത്തിൽ എത്രയും വേഗം തുടർ നടപടികൾകൈക്കൊണ്ട് തുക തിരിച്ചുപിടിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-43 ഇ.എം.എസ്.ഭവന പദ്ധതി - വായ്പാ തുക ഒടുക്കാൻ കാലതാമസം വന്നതിൽ സർക്കാറിന് ലക്ഷങ്ങളുടെ അധികബാദ്ധ്യത

നഗരസഭ ഇ.എം.എസ് ഭവന പദ്ധതിക്കായി 2010-11 വർഷം കൊളാരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 8 ഗഡുക്കളായി ആകെ 1,84,07,500/-രൂപ വായ്പയെടുത്തിട്ടുണ്ട്.2010-11 വർഷം മുതൽ 2012-13 വരെ 8 ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. 10 വർഷം കൊണ്ടാണ് തിരിച്ചടച്ചവ്.ഇതുവരെയായി 1,43,55,789/-രൂപ മുതൽ തിരിച്ചടച്ചിട്ടുണ്ട്.40,51,711/-രൂപ ഇനിയും മുതൽ തിരിച്ചടക്കാൻ ബാക്കിയാണ്.

വായ്പ മുതൽ 13.04.2016 തീയ്യതിയിൽ ഒടുക്കിയ ശേഷം മൂന്ന് വർഷക്കാലമായി വായ്പയുടെ തിരിച്ചടവ് ഒന്നും നടത്തിയിട്ടില്ല.അവസാനമായി തിരിച്ചടവ് നടത്തിയിട്ടുള്ളത് 17.08.2019 തീയ്യതിയിലാണ്.13.04.2016 ന് ശേഷം വായ്പാ തിരിച്ചടവ് നടത്താത്തതിനാൽ പലിശ ഇനത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതായും സർക്കാറിന് ഇതുമൂലം വലിയ ബാദ്ധ്യത വന്നതായും കാണുന്നു.നഗരസഭക്ക് എട്ടാമത്തെ ഗഡുവായി 29.06.2013തീയ്യതിയിൽ അനുവദിച്ച ലോൺ തുകയായ 39,15,000/-രൂപയ്ക്ക് ബാങ്കിന് സർക്കാർ 28.02.2015വരെ നൽകാനുണ്ടായിരുന്ന പലിശ 6,55,585/-രൂപയായിരുന്നു.എന്നാൽ 13.04.2016 ന്

ശേഷം മൂന്നു വർഷക്കാലം മുതൽ ഇനത്തിൽ തിരിച്ചടവ് ഒന്നും നടത്താത്തതുകാരണം 17.08.2019തീയ്യതി ആകുമ്പോഴേക്കും 7,39,455/- മുതൽ തിരിച്ചടച്ച സമയത്ത് പലിശ വൻതോതിൽ വർദ്ധിച്ചു.17.08.2019തീയ്യതിയിൽ 9,46,484/-രൂപയാണ് എട്ടാം ഗഡുവിന്റെ മാത്രമായി പലിശയിനത്തിൽ സർക്കാറിന് നൽകാനുണ്ടായത്.10 ഗഡുക്കൾക്കുമായി പലിശ യിനത്തിൽ ഇതുവരെയായി 65,91,961/-രൂപയാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം സർക്കാർ ബാങ്കിന് നൽകാനുള്ളതായി കാണുന്നത്.ഇതിൽ 19,58,368/-രൂപ ഇനിയും ബാങ്കിന് നൽകാൻ കുടിശ്ശികയാണ്. നഗരസഭക്ക് ബാദ്ധ്യതയായിരുന്ന ബാങ്ക് ലോൺ കഴിഞ്ഞ മൂന്ന് വർഷക്കാലമായി തിരിച്ചടക്കുവാൻ നടപടികൾ കൈക്കൊള്ളാതിരുന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35തീ.26.11.2019)നൽകിയ മറുപടിയിൽ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടിവന്നതിനാൽ തുക തിരിച്ചടക്കാൻ സാധിച്ചില്ലെന്നും ആയത് എത്രയും പെട്ടെന്ന് തിരിച്ചടക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.സർക്കാറിന് ഉണ്ടായേക്കാവുന്ന ബാദ്ധ്യത മുൻകൂട്ടികണ്ട് നഗരസഭ ഓരോ വർഷവും പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇക്കാര്യം പരിഗണിച്ച് സമയബന്ധിതമായ ഇടപെടലുകൾ നടത്തി വായ്പ തിരിച്ചടവ് നടത്താത്തത് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്ന് വന്ന വീഴ്ചയാണ്.ഈ വിഷയത്തിൽ എത്രയും വേഗം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 തനത് വരുമാനത്തിൽ വരുന്ന തുകകൾ വ്യത്യസ്ത അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു - സർക്കാർ നിർദ്ദേശം പാലിച്ചില്ല

നഗരസഭയിൽ തനത് വരുമാനം നിക്ഷേപിച്ചിട്ടുള്ള വിവിധ അക്കൗണ്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | അക്കൗണ്ട് നം | ബാങ്ക് | 31.03.2019 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 340102090007719 | യൂണിയൻ ബാങ്ക്,മട്ടന്നൂർ | 9426054.83 |
| 2 | 57067151665 | എസ്.ബി.ടി,മട്ടന്നൂർ | 544263 |
| 3 | 40523100005162 | എൻ.എം.ജി,മട്ടന്നൂർ | 42903.59 |
| 4 | 0782053000000244 | സൗത്ത് ഇന്ത്യൻ ബാങ്ക്,മട്ടന്നൂർ | 561487 |
| 5 | 078207300000005 | കറണ്ട് അക്കൗണ്ട്,മട്ടന്നൂർ | 73712 |
| 6 | 67191739590 | എസ്.ബി.ടി,(on line)മട്ടന്നൂർ | 145427 |

തദ്ദേശ ഭരണ വകുപ്പിന്റെ 26.05.2011 ലെ സർക്കുലർനം.58725/എഫ്.എം.3/2008/തസ്വഭവ പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങളിൽ തനത് വരുമാനത്തിൽ വരുന്ന തുകകൾ നിക്ഷേപിക്കേണ്ടത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കുന്നത് അഭികാമ്യമല്ലെന്നും എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശ സാൽകൃത ബാങ്കിലോ ഒരു സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.എന്നാൽ ഈ

നിർദ്ദേശങ്ങൾ പാലിക്കാതെ തനത് വരുമാനം നിക്ഷേപിക്കുന്നതിന് മേൽ കാണിച്ച പ്രകാരം വ്യത്യസ്ഥ അക്കൗണ്ടുകൾ നിലനിർത്തുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-45 സെക്രട്ടറിയുടെ ശമ്പളം സർക്കാരിലേയ്ക്ക് ഒടുക്കിയില്ല

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 48(3),കേരളാസർവ്വീസ് റൂൾസ് പാർട്ട് 1 റൂൾ 146 എന്നിവ പ്രകാരം നഗരസഭാസെക്രട്ടറി ഒരു സർക്കാർ ഉദ്യോഗസ്ഥനെന്നനിലയിൽ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതുഫണ്ടിൽ നിന്ന് മാസം തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.എന്നാൽ സെക്രട്ടറിക്ക് നൽകിയ ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാനവും ഇതുവരെയായി നഗരസഭ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.21തീ.19.11.2019മറുപടിയായി 2018-19വർഷം ഒടുക്കുവാനുള്ള വിശദാംശങ്ങൾ താഴെ ചേർക്കും പ്രകാരം ഹാജരാക്കിയിട്ടുണ്ട്.

| മാസം | തുക |
|---|---|
| 4/18 | 63310 |
| 5/18 | 63310 |
| 6/18 | 63850 |
| 7/18 | 63850 |
| 8/18 | 63850 |
| 9/18 | 60850 |
| 10/18 | 60850 |
| 11/18 | 60850 |
| 12/18 | 60850 |
| 1/19 | 60850 |
| 2/19 | 63850 |
| 3/19 | 63850 |
| സറണ്ടർ | 63310 |
| ശമ്പള കുടിശ്ശിക | 27513 |
| ശമ്പള കുടിശ്ശിക | 28907 |
| ക്ഷാമ ബത്ത കുടിശ്ശിക | 5880 |
| മുൻകൂർ | 15000 |
| ആകെ | 890730 |

നാളിതുവരെ സെക്രട്ടറി കൈപ്പറ്റിയ ശമ്പളത്തിന്റെയും അലവൻസുകളുടെയും പട്ടിക തയ്യാറാക്കി കുടിശ്ശിക ഉൾപ്പെടെ സർക്കാറിലേക്ക് ഒടുക്കാനുള്ളത് ഒടുക്കേണ്ടതാണ്.

## 1-46 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 145 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 72 പ്രൊജക്ടുകൾ

മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 49.65 ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 145 | ആകെ അടങ്കൽ | 161319741 |
| നടപ്പിലാക്കിയത് | 72 | ചെലവ് | 62687759 |
| ശതമാനം | 49.65 | ചെലവ് ശതമാനം | 38.85 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 72 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 34 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ നഗസഭക്കായിട്ടില്ല. ക്യൂ ബിൽ ആയത് കൊണ്ടാണ് പദ്ധതി ഇനത്തിൽ ചെലവ് കുറഞ്ഞത് എന്നാണ് ഇക്കാര്യത്തിൽ നഗരസഭയുടെ വിശദീകരണം.നഗര സഭ എൻജിനീയർ ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളും 2019 മാർച്ച് മാസത്തിൽ ആയിരുന്നു .ഭാവിയിൽ പദ്ധതി പണം പാഴായി പോകാതിരിക്കാൻ പ്ലാനിങ് നിർവഹണം എന്നീ ഘട്ടങ്ങളിൽ സമയ ക്ളിപ്തത പാലിക്കാൻ ശ്രമിക്കേണ്ടതാണ് .

## പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി

2018-19 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി യോഗം ചേർന്നത് 21 തവണയാണ്. 2018-19 വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് യോഗം 2 തവണ യോഗം ചേർന്ന. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ , ഗ്രൂപ്പിന് മാർഗ്ഗ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

## പ്രോജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.

നഗരസഭയിൽ 1മുനിസിപ്പൽ എഞ്ചിനീയർ, 5 ഓവർസിയർമാർ എന്നിവരടക്കം ആകെ 6 ജീവനക്കാരാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. നഗരസഭയിൽ 2018-19 വാർഷിക പദ്ധതിയുടെ 35% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഇവർ 6 പേർ ചേർന്നാണ്. മാത്രമല്ല നഗരസഭയിലെ 34 വാർഡുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട ഭാരിച്ച ജോലികളും ഇവരുടെ ചുമതലയിൽ ഉണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കിയിരിക്കണമെന്നും, മാർഗ്ഗരേഖകയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ നിബന്ധന പാലിച്ചിട്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്കു് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

**ടെണ്ടർ നടപടികൾ സുതാര്യമല്ല.**

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം ടാറിങ് പ്രവൃത്തികളിലും ആകെ രണ്ടോ അതിൽ കുറവോ കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ടെണ്ടർ ലഭ്യമായത് കുറവായതിനാൽ പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും മിക്കതിലും പിന്നീട് ഒരു ടെണ്ടർ മാത്രമാണ് ലഭ്യമായത്. രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്. 2018-19 വർഷത്തിൽ ആകെ ഇരുപതിലധികം കരാറുകാർ നഗരസഭയുടെ വിവിധ പ്രവൃത്തികൾക്കായി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട് എന്നിട്ടും ഭൂരിപക്ഷം പ്രവൃത്തികൾക്കും രണ്ട് കരാറുകാരുടെ ടെണ്ടർ മാത്രമാണ് നഗരസഭക്ക് ലഭിച്ചിട്ടുള്ളത് .

ഇത്തരത്തിലുള്ള അപാകങ്ങൾ തടയുന്നതിന് എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതിനും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതിന് ഗവൺമെന്റ് നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 ശമ്പള പരിഷ്കരണ കുടിശ്ശിക അപാകങ്ങൾ

ജി.ഒ.(പി) 118/2016/എൽ.എസ്.ജി.ഡി. തീയതി 17-08-2016 പ്രകാരം താഴെ പറയുന്ന കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിൽ അപാകങ്ങൾ കാണുന്നു.
വൌച്ചർ നമ്പർ - 652/17-09-2018 223461/-
1- ശ്രീ വൽസൻ .കെ. പി. സാനിറ്റേഷൻ വർക്കർ
അനുവദിച്ച തുക 10597/-
ജീവനക്കാരന്റെ സേവനപുസ്തക പ്രകാരം 04-2016 ൽ 15 ദിവസം മാത്രമാണ് ആർജിതാവധി സറണ്ടർ ചെയ്തത്. എന്നാൽ 30 ദിവസത്തെ ആർജിതാവധി കണക്കാക്കിയാണ് ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചത്.

| അനുവദിച്ചത് | | | |
|---|---|---|---|
| | | | |

| | ഡ്യൂ | ഡ്രോൺ | നീക്കിയിരിപ്പ് |
|---|---|---|---|
| അടിസ്ഥാന ശമ്പളം | 17500 | 9190 | |
| ക്ഷാമബത്ത | 1575 | 8455 | |
| ആകെ | 19075 | 17645 | 1430 |
| അനുവദിക്കാവുന്നത് | | | |
| അടിസ്ഥാന ശമ്പളം | 8750 | 4595 | |
| ക്ഷാമബത്ത | 788 | 4227 | |
| ആകെ | 9538 | 8822 | 716 |

1430- 716 = 714 രൂപയും അതിന്റെ പലിശയും നാല് ഘട്ടങ്ങളിലായി അധികമായി അനുവദിച്ചിട്ടുണ്ട്. ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2- ശ്രീ.സത്യൻ കെ.പി. സാനിറ്റേഷൻ വർക്കർ

അനുവദച്ച തുക 53622/-

പഴയ സ്കെയിലിൽ ഇൻക്രിമെന്റ് അനുവദിച്ച തീയ്യതിയിലാണ് ജീവനക്കാരന് ശമ്പള പരിഷ്കരണത്തിന് ശേഷമുള്ള അടുത്ത ഇൻക്രിമെന്റ് അനുവദിക്കേണ്ടത്.. പഴയ സ്കെയിലിൽ 07/2014 ഇൻക്രിമെന്റ് വാങ്ങിച്ച ജീവനക്കാരന് 07/2015, 07/2016 ൽ അനുവദിക്കേണ്ടിയിരുന്ന ഇൻക്രിമെന്റുകൾ യഥാക്രമം 09/2014 09/2015 തീയതികളിൽ അനുവദിച്ചിട്ടുണ്ട്.(സേവന പുസ്തകം പേജ് 22) ഇത് കാരണം ജീവനക്കാരന് 02/2016 ൽ അനുവദിച്ച സമയബന്ധിത ഹയർ ഗ്രേഡ് ശമ്പള നിർണ്ണയം തെറ്റുകയും തുടർന്ന് ജീവനക്കാരന് അധിക നിരക്കിൽ ശമ്പളം അനുവദിക്കുകയും ചെയ്തു.ശമ്പളനിർണ്ണയത്തിലും ഗ്രേഡ് അനുവദിച്ചതിലും വന്ന അപാകം പരിശോധിച്ച് അധികം തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3- ശ്രീ. സി.കുഞ്ഞിക്കണ്ണൻ സാനിറ്റേഷൻ വർക്കർ റിട്ട . 30-04-2015

വൌച്ചർ നമ്പർ - 43/16-04-2018 20777 (മൂന്നാം ഗഡു)

വൌച്ചർ നമ്പർ - 736/17-10-2018 19836 ( നാലാം ഗഡു)

30-04-2015 ൽ സേവനത്തിൽ നിന്ന് വിരമിച്ച ജീവനക്കാരന്റെ ശമ്പള നിർണ്ണയത്തിനും പെൻഷൻ നിർണയത്തിനും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. ജീവനക്കാരന് 01-07-2014 ൽ നിർണ്ണയിച്ച അടിസ്ഥാന ശമ്പളം 20000 ആണ്. എന്നാൽ 20550 രൂപ കണക്കാക്കി ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിനാൽ താഴെ പറയും പ്രകാരം അധികം തുക അനുവദിച്ചതായി കാണുന്നു.

അനുവദിച്ചത്

| | DUE | | | DRAWN | | | |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | |
| 07/2014 | 20550 | 0 | 20550 | 9690 | 7752 | 17442 | 3108 |
| 08/2014 | 20550 | 0 | 20550 | 9690 | 7752 | 17442 | 3108 |
| 09/2014 | 20550 | 0 | 20550 | 9690 | 7752 | 17442 | 3108 |
| 10/2014 | 20550 | 0 | 20550 | 9690 | 7752 | 17442 | 3108 |
| 11/2014 | 20550 | 0 | 20550 | 9690 | 7752 | 17442 | 3108 |
| 12/2014 | 20550 | 0 | 20550 | 9690 | 7752 | 17442 | 3108 |
| 01/2015 | 20550 | 617 | 21167 | 9690 | 8333 | 18023 | 3144 |
| 02/2015 | 20550 | 617 | 21167 | 9690 | 8333 | 18023 | 3144 |

| | | | | | | | |
|---|---|---|---|---|---|---|---|
| 03/2015 | 20550 | 617 | 21167 | 9690 | 8333 | 18023 | 3144 |
| 04/2015 | 20550 | 617 | 21167 | 9690 | 8333 | 18023 | 3144 |
| | | | | | | | 31224 |

അനുവദിക്കാവുന്നത്

| DUE | | | | DRAWN | | | |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | |
| 07/2014 | 20000 | 0 | 20000 | 9690 | 7752 | 17442 | 2558 |
| 08/2014 | 20000 | 0 | 20000 | 9690 | 7752 | 17442 | 2558 |
| 09/2014 | 20000 | 0 | 20000 | 9690 | 7752 | 17442 | 2558 |
| 10/2014 | 20000 | 0 | 20000 | 9690 | 7752 | 17442 | 2558 |
| 11/2014 | 20000 | 0 | 20000 | 9690 | 7752 | 17442 | 2558 |
| 12/2014 | 20000 | 0 | 20000 | 9690 | 7752 | 17442 | 2558 |
| 01/2015 | 20000 | 600 | 20600 | 9690 | 8333 | 18023 | 2577 |
| 02/2015 | 20000 | 600 | 20600 | 9690 | 8333 | 18023 | 2577 |
| 03/2015 | 20000 | 600 | 20600 | 9690 | 8333 | 18023 | 2577 |
| 04/2015 | 20000 | 600 | 20600 | 9690 | 8333 | 18023 | 2577 |
| | | | | | | | 25656 |

തെറ്റായ ശമ്പള നിർണ്ണയം കാരണം 31224-25656= 5568 രൂപയും അതിന്റെ പലിശയും നാല് ഗഡുക്കളായി അനുവദിച്ചിട്ടുണ്ട്. 20550 അടിസ്ഥാന ശമ്പളം കണക്കാക്കി ശമ്പള നിർണയം നടത്തിയതിന് വിശദീകരണം നല്കേണ്ടതും അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

4 ശ്രീ . കെ.കെ പ്രദീപൻ സാനിറ്റേഷൻ വർക്കർ

വൌച്ചർ നമ്പർ - 652/17-09-2018 223461/-

അനുവദിച്ച തുക 36805/-

എ- ജീവനക്കാരന് 01-07-2014 ൽ ഇൻക്രിമെന്റ് അനുവദിക്കുന്നത് മൂന്ന് മാസത്തേക്ക് ഡീബാർ ചെയ്തിട്ടുണ്ട്. 01-10-2014 ൽ ആണ് ഇൻക്രിമെന്റ് അനുവദിച്ചത്(സേവന പുസ്തകം - പേജ് 30). ഇത് സംബന്ധിച്ച് ഉത്തരവ് സേവനപുസ്തകത്തിൽ ലഭ്യമല്ല. ഇൻക്രിമെന്റ് തടഞ്ഞത് സഞ്ചിതഫലത്തോടെയാണോ അല്ലാത്തതാണോയെന്ന് വ്യക്തമല്ല. സേവനപുസ്തകം പേജ് 41 ൽ ജീവനക്കാരനെ 27-09-2013ൽ സസ്പെന്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്(എച്ച്-1 14736/13 തീയതി 26-09-2013) . എന്നാൽ തിരികെ പ്രവേശിച്ചത് എപ്പോഴാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.. ശമ്പള പരിഷ്കരണ ഡ്യൂ ഡ്രോൺ പത്രിക തയ്യാറാക്കുമ്പോൾ ഇൻക്രിമെന്റ് തടഞ്ഞ കാലയളവ് പരിഗണിച്ചിട്ടില്ല.

ബി- പഴയ സ്കെയിലിൽ ഇൻക്രിമെന്റ് അനുവദിച്ച തീയ്യതിയിലാണ് ജീവനക്കാരന് ശമ്പള പരിഷ്കരണത്തിന് ശേഷമുള്ള അടുത്ത ഇൻക്രിമെന്റ് അനുവദിക്കേണ്ടത്.പഴയ സ്കെയിലിൽ 07/2014 ഇൻക്രിമെന്റ് വാങ്ങിച്ച ജീവനക്കാരന് 03/2015 03/2016 മാസങ്ങളിൽ ഇൻക്രിമെന്റ് അനുവദിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല.(സേവന പുസ്തകം പേജ് 40). ഇത്

കാരണം ജീവനക്കാരന് 28-03-2016 ൽ 15 വർഷ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതും പുനപരിശോധിക്കേണ്ടതായുണ്ട്. അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അധികമായി ശമ്പളം കൈപ്പിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-48 യാത്രബത്ത പ്രതിമാസ പരിധി പാലിച്ചിട്ടില്ല. 10535 രൂപ അധികം നല്കി.

ജി.ഒ. (പി) 137/2016/ ധന തീയതി 09-09-2016 പ്രാകാരം ഗ്രേഡ് IV ജീവനക്കാരന് അനുവദിക്കാവുന്ന പ്രതിമാസ യാത്ര ബത്ത (ഭാഗിക ജില്ല ) 1380 രൂപയാണ്. യാത്രാബത്ത അനുവദിച്ചതിൽ പ്രതിമാസ പരിധി പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1- ശ്രീ. കെ.വി പ്രശാന്ത് ഡ്രൈവർ KL A 6422

| ക്രമ നമ്പർ | മാസം | വൌച്ചർ നമ്പർ തീയതി | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | 08/2017 | 221/24-05-2018 | 2250 | 1380 | 870 |
| 2 | 09/2017 | 221/24-05-2018 | 1250 | 1380 | |
| 3 | 10/2017 | 221/24-05-2018 | 1500 | 1380 | 120 |
| 4 | 11/2017 | 221/24-05-2018 | 2375 | 1380 | 995 |
| 5 | 12/2017 | 221/24-05-2018 | 1000 | 1380 | |
| 6 | 01/2018 | 221/24-05-2018 | 1875 | 1380 | 495 |
| 7 | 02/2018 | 221/24-05-2018 | 1500 | 1380 | 120 |
| 8 | 03/2018 | 221/24-05-2018 | 2500 | 1380 | 1120 |
| 9 | 04/2018 | 914/30-11-2018 | 1125 | 1380 | |
| 10 | 05/2018 | 915/30-11-2018 | 1875 | 1380 | 495 |
| 11 | 06/2018 | 916/30-11-2018 | 2125 | 1380 | 745 |
| 12 | 07/2018 | 917/30-11-2018 | 2500 | 1380 | 1120 |
| 13 | 08/2018 | 918/30-11-2018 | 2750 | 1380 | 1370 |
| | | | | | 7450 |

ശ്രീ. സഞ്ജീവൻ ഡ്രൈവർ KL 58 L 5555

| ക്രമ നമ്പർ | മാസം | വൌച്ചർ നമ്പർ തീയതി | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം നല്കിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 04/2018 | 787/31-10-2018 | 1750 | 1380 | 370 |
| 2 | 05/2018 | 1018/24-12-2018 | 1000 | 1380 | - |
| 3 | 06/2018 | 1018/24-12-2018 | 1875 | 1380 | 495 |
| 4 | 07/2018 | 1018/24-12-2018 | 1875 | 1380 | 495 |
| 5 | 08/2018 | 1018/24-12-2018 | 1500 | 1380 | 120 |
| 6 | 09/2018 | 1387/18-03-2019 | 1750 | 1380 | 370 |
| 7 | 10/2018 | 1387/18-03-2019 | 1500 | 1380 | 120 |
| 8 | 11/2018 | 1387/18-03-2019 | 2250 | 1380 | 870 |
| 9 | 12/2018 | 1387/18-03-2019 | 1625 | 1380 | 245 |
| | | | | | 3085 |

അധികം നല്കിയ 10535/-രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 10535/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-49 പെൻഷൻ- കമ്മ്യൂട്ടേഷൻ കുടിശ്ശിക തുക നല്കുമ്പോൾ കമ്മ്യൂട്ടേഷൻ വാല്യൂ ക്രമികരിച്ചിട്ടില്ല.

മട്ടന്നൂർ നഗരസഭയിൽ നിന്ന് 31-12-2014 ൽ വിരമിച്ച ശ്രീ ചിന്നപറമ്പത്ത് ചാത്തു സാനിറ്റേഷൻ വർക്കർ എന്നവരുടെ പെൻഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പുനർനിർണയിച്ചിട്ടുണ്ട്. പെൻഷൻ വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം ( കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കണ്ണൂർ ജില്ലാ കാര്യാലയം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 31-11-2018 ലെ KSA.KNR-B2/1738/2018 നമ്പർ റിപ്പോർട്ട് ) പെൻഷൻ 5575 രൂപയിൽ നിന്ന് 11,115 രൂപയായും കമ്മ്യൂട്ടേഷൻ തുക 2270 രൂപയിൽ നിന്ന് 4446 രൂപയായും പുനർ നിർണയിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരന് 12/2018ൽ കമ്മ്യൂട്ടേഷൻ തുകയുടെ വ്യത്യാസം 523384-267225=256159 രൂപ ചെക്ക് നമ്പർ 2669181/ 29-12-2018 അനുവദിച്ചിട്ടുണ്ട്. ജീവനക്കാരന് 01/2015 കമ്മ്യൂട്ടേഷൻ കുടിശ്ശിക അനുവദിക്കുമ്പോൾ 01/2015 മുതൽ കൂടിയനിരക്കിലുള്ള കമ്മ്യൂട്ടേഷൻ തുക ക്രമീകരിച്ചിട്ടില്ല. ഇത് കാരണം 01/2015 മുതൽ കൂടുതൽ നിരക്കിൽ പെൻഷൻ ( 11,115 )അനുവദിക്കുകയും കമ്മ്യൂട്ടേഷൻ കുറഞ്ഞ നിരക്കിൽ(2270) ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇത് കാരണം പ്രതിമാസം 4446-2270=2176 രൂപ അധികം നല്കിയിട്ടുണ്ട്. ജീവനക്കാരന് 01/2015 മുതൽ 12/2018 വരെ കുറഞ്ഞ നിരക്കിലാണ് കമ്മ്യൂട്ടേഷൻ തുക ഈടാക്കിയത് . ഇക്കാര്യം പരിശോധന നടത്തേണ്ടതും അധികമായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-50 എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതിയില് ജി.ഒ.(പി) 149/2016/ധന തീയതി 04-10 -2016

പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | നിഷ. പി.വി. | സൂപ്രണ്ട് | 37500 | 300 | 500 |
| 2 | ദീപ | ഹെഡ് ക്ലർക്ക് | 35700 | 450 | 500 |
| 3 | അനീഷ് കുമാർ യു | റവന്യൂ ഇൻസ്പെക്ടർ | 34800 | 150 | 300 |
| 4 | രമേഷ് ബാബു കെ.പി | ലൈബ്രേറിയൻ | 35700 | 0 | 500 |
| 5 | കമലാക്ഷി എൻ | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ. I | 37500 | 230 | 500 |
| 6 | രാജേഷ് പി വി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ. I | 43600 | 150 | 500 |

2-ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയില് ജി.ഒ.(പി) 112/2016/ധന തീയതി 01-08 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | ശമ്പള സ്കെയിൽ | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | സുരേഷ് ബാബു.ഇ | ക്ലാർക്ക് | 19000-43600 | 300 | 400 |
| 2 | റക്സൺ ജോസ് | ഓഫീസ് അറ്റന്ററ്റ് | 16500- 35700 | 150 | 300 |
| 3 | രമേഷ് ബാബു കെ.പി | ലൈബ്രേറിയൻ | 27800-59400 | 0 | 400 |
| 4 | രാജേഷ് പി വി | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേ. I | 30700-65400 | 0 | 400 |

എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്.

## 1-51 അപ്രന്റിസ് ട്രെയിനി തിരികെ ലഭിക്കാനുള്ള തുക സംബന്ധിച്ച്

കേന്ദ്രസർക്കാറിന്റെ അപ്രന്റിസ് പ്രമോഷൻ സ്കീം രാജ്യത്ത് നടപ്പാക്കുന്നതിന്റെ

ഭാഗമായി അപ്രന്റിസ് ട്രെയിനിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എല്ലാ അപ്രന്റിസ് ട്രെയിനികൾക്കും 2016 ഒക്ടോബർ മുതൽ സ്റ്റൈപന്റിന്റെ കൂടെ 25% പരമാവധി 1500 രൂപ കേന്ദ്രസർക്കാർ നല്കുമെന്ന് വ്യവസായ പരിശീലന വകുപ്പിന്റെ 26-09-2016 ലെ എഫി-1/21777/2016 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭയിൽ അപ്രന്റിസ് ട്രെയിനിയായി നിയമിച്ചവർക്ക് പ്രതിമാസം 7000 രൂപ വീതം സ്റ്റൈപന്റ് അനുവദിക്കുന്നതിന് തൻവർഷം 3,03,939 രൂപ ചെലവഴിച്ചിട്ടുണ്ട്. 7000രൂപയുടെ 25 % പരമാവധി 1500 രൂപ നിരക്കിൽ നഗരസഭക്ക് തിരികെ ലഭിക്കേണ്ടതാണ് . തൻവർഷം യാതൊരു തുകയും ഈ ഇനത്തിൽ നഗരസഭക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/16.11.2019) തൻവർഷം 69128 രൂപ തിരികെ ലഭിക്കാനുണ്ടെന്ന് അറിയിക്കുകയുണ്ടായി. ആയത് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-52 വാഹനാപകടം നഷ്ടപരിഹാരം ഈടാക്കിയിട്ടില്ല. നഗരസഭക്ക് 69419 രൂപ അധിക ചെലവ് തടസ്സപ്പെടുത്തുന്നു.

വൌച്ചർ നമ്പർ 600/07-09-2018 - 236079

നഗരസഭയുടെ KL 58 L 5555 നമ്പർ ബെലേറോ ജീപ്പ് 14 – 05- 2018 തീയ്യതിയിൽനടന്ന അപകടത്തിൽ റിപ്പയർ പ്രവർത്തിക്കായി 226879 രൂപ നഗരസഭ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. 2000 ലെ കേരള മുനിസിപാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും )ചട്ടങ്ങളിലെ ചട്ടം 10 ലെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് റിപ്പയർ പ്രവൃത്തി നടത്തിയത്.

അപകടത്തിന് കാരണക്കാരനായ ശ്രീ.റിനീഷ് നഗരസഭയുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം ഇൻഷ്വറൻസ് നഷ്ടപരിഹാരമായി ലഭിക്കുന്ന തുകയിൽ അധികം വരുന്ന തുക തിരികെ നല്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ സെക്രട്ടറി 17-05-2018 തീയ്യതിയിൽ സ്റ്റേഷൻ ഹൌസ് ഓഫീസർ, മട്ടന്നൂർ - പോലീസ് സ്റ്റേഷനു നല്കിയ കത്ത് പ്രകാരം ഇരുകക്ഷികളും ധാരണയായതിന്റെ അടിസ്ഥാനത്തിലാണ് വാഹനം വിട്ടുനല്കിയത് . ഇൻഷൂറൻസ് കമ്പനി നഷ്ടപരിഹാരമായി 157460 രൂപയാണ് നല്കിയത്. ഉടമ്പടിപ്രകാരം 69419 ( 226879- 157460) ശ്രീ. റിനീഷ് നഗരസഭക്ക് നല്കേണ്ടതാണ്. തുക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നല്കയ ഓഡിറ്റ് അന്വേഷണത്തിന് 5/15-11-2019 മറുപടി നല്കിയിട്ടില്ല. നഷ്ടപരിഹാരം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-53 വെള്ളക്കരം സമയബന്ധിതമായി ഒടുക്കിയില്ല. 2497 രൂപ അധികം നല്കിയ തുക തടസ്സപ്പെടുത്തുന്നു.

വൌച്ചർ നമ്പർ 44/16-04-2018 252157

1- നഗരസഭയിലെ വാട്ടർ ടാപ്പുകളുടെ 03/2018, 04/2018 മാസങ്ങളിലെ വെള്ളക്കരം 16-04-2018 ലാണ് ഒടുക്കിയത്. 03/2018 ലെ വെള്ളക്കരം ഒടുക്കുന്നതിന് കാലതാമസം വന്നതിന് 2497 രൂപ പിഴ ഒടുക്കിയത് കാരണം നഗരസഭക്ക് 2497 രൂപ അധികചെലവുണ്ടായിട്ടുണ്ട് . ആയത് കാരണക്കാരായ ജീവനക്കാരിൽ നിന്ന് ഈടാക്കി ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.2497/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-54 ഉരുവച്ചാൽ വനിതാ ഹോസ്റ്റൽ ഫർണിച്ചർ വാങ്ങൽ സർക്കാർ നിശ്ചയിച്ച നിരക്കിലും 14896 രൂപ അധികം നല്കി

വൗച്ചർ നമ്പർ - 210/22-05-2018 127376

ഉരുവച്ചാൽ വനിതാ ഹോസ്റ്റൽ ഫർണിച്ചർ വാങ്ങൽ ഫർണിച്ചർ വാങ്ങിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

ഉരുവച്ചാൽ വനിതാ ഹോസ്റ്റലിലേക്ക് റബ്കോയിൽ നിന്ന് 50 കിടക്കകൾ നേരിട്ട് വാങ്ങിയിട്ടുണ്ട്. ജി.ഒ(ആർ.ടി) 40/2016/എസ്.പി.ഡി തീയതി 28-07-2016 പ്രകാരം 9.30PM

72X36X4 മോഡൽ കിടക്കയുടെ വില 1986.11 രൂപയായി നിർണയിച്ചിട്ടുണ്ട്. എന്നാൽ 2284.02 രൂപ അനുവദിച്ചിട്ടുണ്ട് ( ഇൻവോയിസ് നമ്പർ RCM/2016-17/2450 തീയതി 22-12-2016 ) ഇത് കാരണം 50 കിടക്കകൾക്ക് ( 2284.02-1986.11 =297.91) പ്രകാരം 14896 രൂപ അധികം നല്കിയിട്ടുണ്ട് . സർക്കാർ നിശ്ചയിച്ച നിരക്കിലും അധികം തുക നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (9/18-11-2019)അധിക തുക തിരികെ ഈടാക്കുന്നതിന് റബ്കോയ്ക്ക് 25-11-2019 ൽ കത്ത് നല്കിയതായി അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പരിശോധിക്കാതെ അധിക തുക നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.14896 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-55 സ്വകാര്യ വ്യക്തിയുടെ സ്ഥലത്തെ മരംമുറിച്ച് മാറ്റിയത് തുക ഈടാക്കിയിട്ടില്ല.

നഗരസഭയുടെ VIII /121 നമ്പർ വീട്ടിൽ താമസിക്കുന്ന ശ്രീ അബ്ദുൾസലാം എന്നവരുടെ വീട്ടിൽമുറ്റത്ത് ഫാത്തിമ.പി. കരിയിൽ എളംപാറ എന്നവരുടെ പ്ലാവും തെങ്ങും അപകടപരമായി നില്ക്കുന്നത് നഗരസഭയുടെ ചെലവിൽ മുറിച്ച് മാറ്റുന്നതിന് 4000 രൂപ ( വൌച്ചർ നമ്പർ 308/13-06-2018) ചെലവഴിച്ചിട്ടുണ്ട്. കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 412 പ്രകാരം ഏതെങ്കിലും വൃക്ഷമോ അതിന്റെ ശാഖയോ ഫലങ്ങളോ അപകടകരരമായി നില്ക്കുന്നുണ്ടെങ്കിൽ അപകടം തടയുന്നതിന് സെക്രട്ടറിക്ക് നോട്ടീസ് മുഖേന ആവശ്യപ്പെടാവുന്നതും നോട്ടീസ് നല്കിയിട്ടും നടപടി സ്വീകരിക്കുന്നില്ലെങ്കിൽ സുരക്ഷിതാമാക്കുന്നതിന് ഉചിതമായ നടപടികൾ സെക്രട്ടറിക്ക് സ്വീകരിക്കാവുന്നതാണ്. ഇപ്രകാരം നടത്തുന്നതിനുള്ള ചെലവ് വൃക്ഷത്തിന്റെ ഉടമസ്ഥനിൽ നിന്ന് 538 വകുപ്പ് പ്രകാരം ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 40/26-11-2019 തുക തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-56 സ്ട്രീറ്റ് ലൈറ്റ് എ.എം.സി സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1-നഗരസഭയുടെ 2018-19 വർഷത്തെ തെരുവ് വിളക്കുകളുടെ പരിപാലനം ടെണ്ടർ നടപടികൾ കൂടാതെ മുൻവർഷം കരാറിൽ ഏർപ്പെട്ട ശ്രീ. ശ്രീലേഷ് .സി എലൈറ്റ് ഇലക്ട്രിക്കൽ ചക്കരക്കൽ എന്ന സ്ഥാപനത്തിന് നല്കുകയാണ് ചെയ്തത്. 2017-18 വർഷത്തെ പരിപാലനം കരാർപ്രകാരം 01-06-2017 ൽ ആരംഭിച്ച് 31-05-2018 ൽ അവനസാനിച്ചതാണ്.
01-06-2018 മുതൽ 31-08-2018 വരെ തെരുവ് വിളക്കുകൾ പരിപാലനം നടത്തിയതായി വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടെണ്ടർ നടപടികൾ കൂടാതെ യും കരാറിൽ ഏർപ്പെടാതെയും എലൈറ്റ് ഇലക്ട്രിക്കൽസിന് തുക അനുവദിച്ചതിന് വിശദീകരണം നല്കിയിട്ടില്ല.
2- തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കുന്നതിന് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.
3- തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കുന്നതിന് രജിസ്റ്റർ, തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.
4- തെരുവ് വിളക്ക് പരിപാലനം പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല..
ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 46/26-11-2019 ന് മറുപടി നല്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 1-57 വാഹന പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ

## പാലിക്കുന്നില്ല

1-ഇൻഷൂറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തുന്നില്ല. നഗരസഭ വാഹനങ്ങൾ യുണൈറ്റഡ് ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത് . 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

| ക്രമ നമ്പർ | വാഹന നമ്പർ | വൌച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | KL 58 L 5555 | 1120/21-01-2019 | 16818 |
| 2 | KL 58 J 2980 | 1119/ 21-01-2019 | 10199 |
| 3 | KL 58 B 7075 | 1259/25-02-2019 | 31350 |
| 4 | KL 58 A 6422 | 1400/26-03-2019 | 12,198 |
| 5 | KL 13 58 E 7430 | 1400/26-03-2019 | 8055 |
| 6 | KL 58 G 5199 | 1400/26-03-2019 | 6898 |
| 7 | KL 58 X 7584 | 1419/27-03-2019 | 34707 |
| 8 | KL 58 X 7538 | 1420/27-03-2019 | 47600 |

ഇതിൽ ക്രമനമ്പർ 7,8 Future Generali Total Insurence Solution എന്ന സ്ഥാപനത്തിലാണ് ഇൻഷൂർ ചെയ്തത്.

2- എല്ലാ വാഹനങ്ങളുടെ യും മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല.

3- 2000 ലെ കേരള മുനിസിപാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും )ചട്ടങ്ങളിലെ ചട്ടം 10 ലെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് റിപ്പയർ പ്രവൃത്തികൾ നടത്തുന്നത്

4- മിക്ക ലോഗുബുക്കുകളിലും യാത്രാ വിവരം ചേർക്കുന്നില്ല.

വാഹന പരിപാലനത്തിൽ 2000 ലെ കേരള മുനിസിപാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ) ചട്ടങ്ങൾ ജി.ഒ(എം.എസ്)170/07ത.സ്വ.ഭ.വ തീയതി30-06-2007, സർക്കുലർ നം.41/2008/ധനം തീയതി 02/08/08 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-58 ടെണ്ടർ നടപടികൾ കൂടാതെ പ്രിന്റിംഗ് തുക നല്കിയത്

തദ്ദേശ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) 259/2010 / ത.സ്വ.ഭ.വ തീയതി 08-11-2010 പ്രകാരം നഗരസഭയിൽ 50000 രൂപക്ക് മുകളിലും 100000 ലും താഴെയുള്ള സേവനങ്ങൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭയിലെ വസ്തുനികുതി പരിഷ്കരണത്തോടനുബന്ധിച്ച് ഡിമാന്റ് നോട്ടീസ് നെറ്റ് ചാർജ് അടക്കം പ്രിന്റ് ചെയ്തതിനും ഓഫീസ് ആവിശ്യത്തിന് റീ പ്രിന്റ് എടുത്തതിനും പേജ് ഒന്നിന് @3 പ്രകാരം 16,165 പേജുകൾക്ക് 49995 രൂപയും റീപ്രിന്റിന് @2 പ്രകാരം 33330 രൂപയും ഉൾപ്പെടെ 83325 രൂപ ശ്രീടെക്ക് കമ്പ്യൂട്ടേഴ്സ് മട്ടന്നൂരിന് നല്കിയിട്ടുണ്ട്. (വൌച്ചർ നമ്പർ 306/13-06-2018). ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സേവനങ്ങൾ ആർജിച്ചതിന് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-59 കമ്പ്യൂട്ടർ / യു.പി.എസ്. വാർഷിക പരിപാലനം തുക മുൻകൂർ നല്കി

നഗരസഭയിലെ കമ്പ്യൂട്ടറുകളുടെ വാർഷിക പരിപാലനം കുമാർ ഐ .ടി കണ്ണൂർ എന്ന

സ്ഥാപനമാണ് നടത്തിയത് കരാർ 10-10-2018 ൽ ആരംഭിച്ച് 09-10-2019 ൽ അവസാനിക്കുന്നതാണ്. കരാർ തുക 246266 രൂപ ( വൌച്ചർ നമ്പർ 776/30-10-2018) മുൻകൂറായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. സ.ഉ. 177/2006/ധന തീയതി 02-04-2006 പ്രകാരം മുൻകൂർ തുക അനുവദിക്കാവുന്ന ഇനങ്ങളിൽ വാർഷിക അറ്റകുറ്റ പണി ഉൾപ്പെടുന്നില്ല . തുക അനുവദിക്കുമ്പോൾ ഈടാക്കേണ്ടിയിരുന്ന ആദായനികുതി ഈടാക്കിയിട്ടില്ല. കമ്പ്യൂട്ടർ റിപ്പയറിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടർ സൂക്ഷിക്കുന്നതിന് 24-09-2010 ലെ 86/2010/ ധന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നഗരസഭയിലെ യു.പി.എസ് വാർഷിക പരിപാലനം ഹൈക്കൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് കാലിക്കറ്റ് എന്ന സ്ഥാപനമാണ് നടത്തിയത് കരാർ 13-02-2019 ൽ ആരംഭിച്ച് 12-02-2022 ൽ അവസാനിക്കുന്നതാണ്. (നോട്ട് ഫയലിൽ 13-02-2019 ൽ ആരംഭിച്ച് 12-02-2020 എന്നാണ് രേഖപ്പെടുത്തിയത് ) കരാർ തുക 28910/-രൂപ ( വൌച്ചർ നമ്പർ 1351/14-03-2019) മുൻകൂറായി കരാറുകാരന് അനുവദിച്ചിട്ടുണ്ട് . സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

## 1-60 ഉറവിട മാലിന്യ സംസ്കരണം പൊതുനന്മ ഫണ്ട് വകയിരുത്തി തനത് ഫണ്ട് വിനിയോഗിച്ചു

കണ്ണൂർ ഇന്റർ നാഷനൽ എയർപോർട്ട് (കിയാൽ) ഫണ്ട് ഉപയോഗിച്ചാണ് നഗരസഭയുടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കിയത്. വാർഷിക പ്രോജക്ടിൽ ഉൾപ്പെടുത്താതെയാണ് പദ്ധതി നടപ്പാക്കിയത്. ഉറവിട മാലിന്യ സംസ്കരണത്തിനായി 304 ബയോഗ്യാസ് പ്ലാന്റുകളും , 3766 റിംഗ് കമ്പോസ്റ്റുകളും സ്ഥാപിച്ചിട്ടുണ്ട്. പ്രവർത്തിക്കായി 1,20,24,800 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 1,09,27,075 രൂപമാത്രമാണ് കിയാലിൽ നിന്ന് ലഭിച്ചത്. അവശേഷിക്കുന്ന തുക തനത്ഫണ്ടിൽനിന്ന് ചെലവഴിക്കുകയാണ് ചെയ്തത്. പൊതുനന്മ ഫണ്ടിനത്തിൽ 10,96,725 രൂപ ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-61 കുടിവെള്ളക്കരം സംയുക്ത പരിശോധന നടത്തിയിട്ടില്ല

തൻവർഷം നഗരസഭ 190 ടാപ്പുകൾക്ക് പ്രതിമാസം 124830 പ്രകാരം 14,97960 രൂപ കുടിവെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. നഗരസഭയിൽ പ്രവർത്തന ക്ഷമമമായ വാട്ടർടാപ്പുകളുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായിചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇത് കാരണം പ്രവർത്തിക്കുന്ന ടാപ്പുകളുടെ കരം തന്നെയാണോ ഒടുക്കുന്നതെന്ന് വ്യക്തമല്ല. സംയുക്തപരിശോധന നടത്തുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-62 ഉരുവച്ചാൽ ഡയാലിസിസ് സെന്റർ പ്രവർത്തനം

| | | |
|---|---|---|
| 1 | ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ച വർഷം | 2018 |
| 2 | ആകെ ജിവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് | ഡയാലിസിസ് ടെക്കനിഷ്യൻ -2 സ്റ്റാഫ് നഴ്സ് -2, അറ്റന്റർ-2 |

| | | |
|---|---|---|
| | | ക്ലീനിംഗ് സ്റ്റാഫ് -2 (ഇതിൽ ഡയാലിസിസ് ടെക്കനിഷ്യൻ -1 സ്റ്റാഫ് നഴ്സ് -1, അറ്റന്റർ-1 എൻ.എച്ച് എം മുഖേന നിയമിച്ച് അവർതന്നെ ശമ്പളം നല്കുന്നതാണ്.) |
| 3 | ഇതുവരെയായി ആകെ രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം | 72 |
| 4 | ഡയാലിസിസിന് വിധേയമാക്കിയ രോഗികളുടെ എണ്ണം | 21 |
| 5 | ഡയാലിസിസ് മിഷനുകളുടെ എണ്ണം | 6 |
| 6 | ഒരു ദിവസം ഡയാലിസിസ് ചെയ്യാവുന്ന രോഗികളുടെ എണ്ണം | 5 |
| 7 | തനത് ഫണ്ടിൽ നിന്ന് ഡയാലിസിസ് സെന്ററിന് 2018-19 വർഷം ചെലവഴിച്ച തുക | 1737491 |
| 8 | 2018-19 വർഷം രോഗികളിൽ നിന്ന് ഈടാക്കിയ തുക | 568726 |

നഗരപരിധിയിലും സമീപ പഞ്ചായത്തുകളിലും ഉള്ള രോഗികൾക്ക് മുൻഗണനാക്രമമനുസരിച്ചാണ് ഡയാലിസസ് ചെയ്തുവരുന്നത്. നഗരസഭ 17ലക്ഷത്തിൽ അധികം രൂപ ചെലവഴിച്ചിട്ടും നാളിതുവരെ 21 പേർക്ക് മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിച്ചത് . ഒരു ഡയാലിസിന് 400 രൂപയാണ് രോഗികളിൽ നിന്ന് ഈടാക്കുന്നത് . പ്രതിദിനം 5 പേർക്ക് മാത്രമാണ് ഡയാലിസിസ് ചെയ്യുവാൻ സാധിക്കുന്നത്. നിലവിലുള്ള ജീവനക്കാരെ പരമാവധി ഉപയോഗപ്പെടുത്തി കൂടുതൽ പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമോയെന്ന് പരിശോധിക്കേണ്ടതാണ്. ജി.ഒ.(എം.എസ്. ) 17/2018/ത.സ്വ.ഭ.വ. തീയതി 02-02-2018 ഖ. 5-1-3 പ്രകാരം അടിയന്തിര സ്വഭാവമുള്ള പ്രവർത്തികളെല്ലാതെ വാർഷിക പദ്ധതി ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയാണ് നടപ്പിലാക്കിയത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-63 പത്രപരസ്യം ഡിസ്കൗണ്ട് ലഭിക്കാത്തത് സംബന്ധിച്ച്

നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്ക് പത്രപരസ്യം നല്കിയതിൽ നഗരസഭക്ക് അർഹതപ്പെട്ട ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല. ജി.ഒ(പി)നം.17/15/I&PRD dated 8.12.15പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണ് . എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്ക്കൗണ്ട് ലഭിച്ചിട്ടില്ല.

| വൗച്ചർ നമ്പർ തീയതി | തുക | ഇനം |
|---|---|---|
| 171/05-05-2018 | 6048 | ഓഫീസ് ശുചീകരണ ഉപകരണങ്ങൾ ലേല പരസ്യം |
| 172/05-05-2018 | 6048 | ഇനോക്കുലം ലേല പരസ്യം |
| 236/25-05-2018 | 5121 | കംഫർട്ട് സ്റ്റേഷൻ , മത്സ്യമാർക്കറ്റ് ലേല പരസ്യം |
| 449/26-07-2018 | 4233 | കാന്റീൻ നടത്തിപ്പ് ലേലം |
| 451/26-07-2018 | 4873 | കാന്റീൻ നടത്തിപ്പ് ലേലം |
| 706/08-10-2018 | 5143 | കമ്പ്യൂട്ടർ എ എം സി, |
| 1243/20-02-2019 | 20658 | ടെണ്ടർ പരസ്യം |
| 1363/15-03-2019 | 13715 | ടെണ്ടർ പരസ്യം |
| 1402/26-03-2019 | 5143 | ടെണ്ടർ പരസ്യം |
| 1422/26-03-2019 | 22286 | ടെണ്ടർ പരസ്യം |

പത്രപരസ്യം ഡിസ്കൌണ്ട് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-64 കണ്ടിജന്റ് ജീവനക്കാരുടെ ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കേണ്ടതാണ്

**1-**കണ്ടിജന്റ് ജീവനക്കാർക്ക് അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ജി.ഒ.(എം.എസ്.) 118/2016/ത.സ്വ.ഭ.വ തീയതി 17-08-2016 ഖ. XXVI പ്രകാരം ജീവനക്കാർക്ക് അറ്റന്റൻസ് രജി,സ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഒരു ജീവനക്കാരന് ഒരു പേജ് എന്ന നിലക്കാണ് നിലവിൽ അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് . അവധികൾ രേഖപ്പെടുത്താതെ ജോലിക്ക് ഹാജരാകാത്ത ദിനങ്ങൾ  ഒഴിച്ചിടുകയാണ് ചെയ്യുന്നത്. ആയതിനാൽ അവധിയുടെ സ്വഭാവം വ്യക്തമല്ല.. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അറ്റന്റൻസ് പരിശോധിക്കുന്നില്ല. റഗുലർ ജീവനക്കാരുടെ അറ്റന്റൻസി സമാനമായി അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

2- ബദൽ തൊഴിലാളികൾക്ക് ജോലിനല്കുന്നത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

നഗരസഭയിലെ ബദൽ തൊഴിലാളികൾക്ക് വേതനം നല്കുന്ന് മസ്റ്റർ റോൾ പ്രകാരമാണ്. ബദൽ തൊഴിലാളികൾ , സി.എൽ.ആർ. എന്നിവർക്ക് അറ്റന്റൻസ് രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും

3-ബദൽ തൊഴിലാളികൾക്ക് ജോലി നല്കുന്നത് സംബന്ധിച്ച്

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന തീയതികളിൽ ബദൽ തൊഴിലാളികളെ ഉപയോഗിച്ചാണ് നഗരസഭയുടെ ശുചീകരണ പ്രവർത്തികൾ നടത്തുന്നത് . ബദൽ തൊഴിലാളികൾക്ക് 17000 അടിസ്ഥാന ശമ്പളം , ക്ഷാമ ബത്ത, വീട് വാടകബത്ത എന്നിവ അനുവദിക്കുന്നുണ്ട്. കണ്ടിജന്റ് ജീവനക്കാർ അവധിയിൽ ആയിരിക്കുമ്പോൾ ജോലി അനുവദിക്കേണ്ട ബദൽ തൊഴിലാളികൾക്ക് അവധിയിൽ ഇല്ലായിരുന്ന ദിനങ്ങളിലും തൊഴിൽ നല്കിയതായി കാണുന്നു.

| തീയതി | കണ്ടിജന്റ് ജീവനക്കാർ | ബദൽ തൊഴിലാളികൾക്ക് |
|---|---|---|

| | അവധിയിൽ ഉണ്ടായിരുന്ന ദിവസങ്ങൾ | ജോലി നല്കിയ ദിവസങ്ങൾ |
|---|---|---|
| 18-01-2019 | 1 | 2 |
| 23-01-2019 | 0 | 3 |
| 29-01-2019 | 1 | 2 |
| 30-01-2019 | 3 | 4 |
| 02-02-2019 | 3 | 4 |
| 16-02-2019 | 2 | 3 |

ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-65 പെൻഷൻ ഫണ്ട്

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2) , 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. (ചട്ടം-10) നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്. ( ചട്ടം-11) (1).നഗരസഭ പെൻഷൻ ഫണ്ട് സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി 1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് നിലവിൽ വന്നശേഷം എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്.. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് മുനിസിപ്പൽ ഡയറക്ടറുടെ 28-09-1991 ലെ 10/91 സർകുലറിലെ നിർദ്ദേശപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി ഒടുക്കിയിരുന്നോ എന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**<u>റഗുലർ പെൻഷൻ</u>**

നഗരസഭയിലെ റഗുലർ പെൻഷൻ നൽകുന്നതിന് എസ്.ബി.എെ മട്ടന്നൂർ ബ്രാഞ്ചിൽ 57067151745 നമ്പറായി അക്കൗണ്ട് തുടങ്ങുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണം ചെയ്തുവരുന്നു. നഗരകാര്യ ഡയറക്ടറുടെ പി6/18226/16 (3) തി 06.02.2019 നമ്പർ ഉത്തരവ് പ്രകാരം ₹ 11,730 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലഭിച്ച തുക യുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| തുക ലഭിച്ച വർഷം | ലഭിച്ച തുക | ബാങ്ക് പാസ് ബുക്കിൽ വരവ് വന്ന തിയ്യതി |
|---|---|---|
| 2019 | 11,730 | 27-02-2019 |

റഗുലർ വിഭാഗത്തിൽ നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം- 4 (1റഗുലർ പെൻഷനർ 3 ഫാമിലി പെൻഷനർ )

5. തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകിയ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക- ₹ 18,45,423 (തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 1/13-11-2019 ന് നല്കിയ മറുപടി പ്രകാരം )

നഗരസഭയുടെ 2018-19 ലെ പെൻഷൻ ഫണ്ട് അക്കൗണ്ട് (റഗുലർ ) സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 59517 |
| പലിശ | 1829 |
| പെൻഷൻ ഫണ്ടിനത്തിലെ ആകെ വരവ്<br>( സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ചത്) | 11730 |
| തനത് ഫണ്ടിൽ നിന്നും ലഭിച്ചത് | 580218 |
| ആകെ വരവ് | 653294 |
| പെൻഷറി ആനുകൂല്യങ്ങൾ നൽകുന്നതിന് ചെലവായ തുക | 624307 |
| ആകെ ചെലവ് | 624307 |
| 31-03-2019 ലെ നീക്കിയിരിപ്പ് | 28987 |

തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതുകൊണ്ട് മാത്രമാണ് പെൻഷറി ആനുകൂല്യങ്ങൾ യഥാസമയം നൽകുാൻ സാധിക്കുന്നത്. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും വിനിയോഗിച്ചു വരുന്നു. ഇത് ശരിയായ നടപടിയല്ല. തനത് ഫണ്ടിൽ നിന്നും പെൻഷറി ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെയും, ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തുകയുടെയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപെടുത്തി ഒരു പെൻഷൻ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിന്റെ വിശദവിവരം

| ക്രമ നമ്പർ | മാസം | സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തിയതി | ഒടുക്കിയ തുക |
|---|---|---|---|
| 1 | 03/2018 | 24-04-2018 | 107792 |
| 2 | 04/2018 | 21-05-2018 | 107047 |
| 3 | 05/2018 | 06-06-2018 | 107757 |
| 4 | 06/2018 | 10-07-2018 | 108666 |
| 5 | 07/2018 | 13-08-2018 | 104841 |
| 6 | 08/2018 | 12-09-2018 | 93488 |
| 7 | 09/2018 | 09-10-2018 | 95026 |
| 8 | 10/2018 | 07-11-2018 | 94914 |
| 9 | 11/2018 | 06-12-2018 | 105189 |
| 10 | 12/2018 | 11-01-2019 | 105340 |
| 11 | 01/2019 | 06-02-2019 | 105320 |
| 12 | 02/2019 | 07-03-2019 | 105459 |
| ആകെ | | | 12,40,839 |

**<u>കണ്ടിജന്റ് പെൻഷൻ ഫണ്ട്</u>**

ജി.ഒ. (പി) 96/1997 ത.ഭ.വ തീയതി, 3-5-1997 ഉത്തരവിലൂടെ നിലവിൽ വന്ന 1997 ലെ കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയ്സ് ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ് റൂൾസ് ചട്ടം 1,7 (2) എന്നിവയനുസരിച്ച് ജീവനക്കാരുടെ മൊത്ത ശമ്പളത്തിൻറെ 15% തുക കണ്ടിജൻറ് പെൻഷൻ ഫണ്ടിനായി മട്ടന്നൂർ സബ്ട്രഷറിയിലെ TPA 72202020000214 എന്ന പ്രത്യേക അക്കൗണ്ട് ആരംഭിച്ച് അതിൽ നിക്ഷേപിച്ച് ഫണ്ട് പരിപാലിച്ചുപോരുന്നുണ്ട്.

1. നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റിവരുന്ന കണ്ടിജൻറ് ജീവനക്കാരുടെ എണ്ണം – 7 (4റഗുലർ പെൻഷനർ 3 ഫാമിലി പെൻഷനർ )

കണ്ടിജൻറ് പെൻഷൻ അക്കൗണ്ട് 2017-18 ( TPA 72202020000214)

| | |
|---|---|
| മുന്നിരിപ്പ് | 1776692 |
| വരവ് | 626614 |
| പലിശ | 80102 |
| ആകെ വരവ് | 2483408 |
| ചെലവ് | 1180929 |
| നീക്കിയിരിപ്പ് | 1302479 |

(കണ്ടിജൻറ് ജീവനക്കാരുടെ പെൻഷൻ മുന്നിരിപ്പ് , നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.. 1/13-11-2019 ന് നല്കിയ മറുപടി പ്രകാരം ലഭിച്ച കണക്കാണ് മുകളിൽ രേഖപ്പെടുത്തിയത്)

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിൻറെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 08-08-2019 മുതൽ 09-08-2019വരെ | കെ.എസ്.എ./ കെ.എൻ.ആർ./ സി.16/1375/2019തീയതി: 19.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിൻറെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണഏജൻസി | | | | | |
|---|---|---|---|---|---|

| | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്കനം. തീയ്യതി. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വ വാട്ടർ അതോറിറ്റി | പഴശ്ശി ഇടവേലി റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ | ബിൽ.നം 42/18-19 | 2300000 | 0 | 2300000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുഴൽകിണർ നിർമ്മാണം | | 1159066 | 0 | 1159066 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭക്ക് വായ്പയിനത്തിൽ 3,42,00,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം (KURDFC) | GO.147/ 2009/ തസ്വഭവ തീയതി 29.7.2009 | 3,93,36,119 | 25752082 | 4905164 | 2630935 | 20846918 |
| ഇ എം എസ് ഭവന പദ്ധതി | GO.1322/ 2010/ തസ്വഭവ തീയതി 16.4.2010 | 18407500 | 47,91,166 | 0 | 0 | 47,91,166 |
| പി.എം.എ.വൈ വായ്പ (KURDFC) | KURDFC യിൽ നിന്നും 07.03.2019ന് വായ്പ (ഉത്തരവ് ഹാജരാക്കി യിട്ടില്ല) | 3,42,00,000 | 3,42,00,000 | 0 | 0 | 3,42,00,000 |

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ലോൺ റജിസ്റ്ററിൽ വായ്പ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ എഴുതിചേർക്കുന്നില്ല.ഓരോ വായ്പക്കും ഓരോ റജിസ്റ്ററാണ് സൂക്ഷിക്കുന്നത്.വായ്പ അനുവദിക്കുന്ന സർക്കാർ ഉത്തരവിന്റെ വിവരങ്ങൾ ചേർക്കുന്നില്ല.ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ വിവരങ്ങൾ കാലികമല്ല.ആയതിന്റെ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൽ എഴുതിയിട്ടില്ല.സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. തൻവർഷം എടുത്ത വായ്പ തുക അക്കൗണ്ടിലെ വായ്പ തുകയുമായി പൊരുത്തപ്പെടുന്നില്ല. വായ്പ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതായുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

നഗരസഭക്ക് ഷെയർ ഉൾപ്പെടെ 5,73,0,743/-രൂപയുടെ സ്ഥിരനിക്ഷേപങ്ങൾ ഉണ്ട്.വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5356350 |
| തൻവർഷം നിക്ഷേപിച്ചത് | 374393 |
| ആകെ | 5730743 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 5730743 |

നീക്കിയിരിപ്പിന്റെ വിവശാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബാങ്ക് | എഫ്.ഡി.ആർ.നം | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയ്യതി | കാലാവധി |
|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 534417 | 3129055 | 01.09.2018 | 1വർഷം |
| 2 | കോളാരി സർവ്വീസ് കോ-ഓപ്പ് ബാങ്ക് | 26/10-11 | 2080688 | 17.05.2018 | 1വർഷം |
| 3 | ക്ലീൻ കേരള ഷെയർ | - | 500000 | - | |
| 4 | കെ യു ഡി ആർ എഫ് സി ഷെയർ | - | 15000 | - | |
| 5 | കെ യു ഡി ആർ | - | 6000 | - | |

| | | | | | |
|---|---|---|---|---|---|
| | എഫ് സി ഷെയർ | | | | |
| | | ആകെ | 5730743 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ഈടാക്കിയ 18880/- രൂപയുടെ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13,2013-14,2014-15 | 3-2(1) | 14880 | എ.പി.ഫൽഗുനൻ മാസ്റ്റർ ഹെഡ് മാസ്റ്റർ ജി.യു.പി.എസ് മട്ടന്നൂർ | 118030102515 തീ. 26/06/2018 |
| 2012-13,2013-14,2014-15 | 3-3 | 4000 | എ.പി.ഫൽഗുനൻ മാസ്റ്റർ ഹെഡ് മാസ്റ്റർ ജി.യു.പി.എസ് മട്ടന്നൂർ | 118030102515 തീ. 26/06/2018 |
| | ആകെ | 18880 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2004-05 | 4/11-13 | രേഖയില്ല – കാലിത്തീറ്റ വിതരണത്തിൽ ക്രമക്കേട് | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 28,09,54,416.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24,96,48,639.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,928 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,20,691 |

**(ബി). <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | ഇല്ല | ഇല്ല | - |

ഖണ്ഡിക 1-48,1-53,1-54എന്നിവയിൽ ആകെ നഷ്ടമായി കണക്കാക്കിയ അംഗീകരിക്കാത്ത തുകകൾ (27,928/-)നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്.നഷ്ടം വന്ന തുക ഉത്തരവാദികളായവരിൽനിന്നും ഈടാക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാൽ സർചാർജ് നടപടിക്ക് ശുപാർശ ചെയ്തിട്ടില്ല.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2865344 | സുരേശൻ.എം,സെക്രട്ടറി |
| 1-22 | 2300000 | സുരേശൻ.എം,സെക്രട്ടറി |
| 1-24 | 200000 | സുരേശൻ.എം,സെക്രട്ടറി |
| 1-30 | 200000 | കെ.പി.രമേഷ് ബാബു,പ്രൊജക്ട് ഓഫീസർ |
| 1-32 | 20000 | കെ.പി.രമേഷ് ബാബു,പ്രൊജക്ട് ഓഫീസർ |
| 1-33 | 861139 | കെ.പി.രമേഷ് ബാബു,പ്രൊജക്ട് ഓഫീസർ |
| 1-35 | 120000 | ശ്രുതി.ഇ.കെ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-40 | 26280 | സുരേശൻ.എം,സെക്രട്ടറി |
| 1-48 | 10535 | സുരേശൻ.എം,സെക്രട്ടറി |
| 1-53 | 2497 | |

| | | |
|---|---|---|
| | | സുരേശൻ.എം,സെക്രട്ടറി |
| 1-54 | 14896 | സുരേശൻ.എം,സെക്രട്ടറി |
| ആകെ | 66,20,691 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക നം. 1-42

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുരേശൻ.എം,സെക്രട്ടറി | സെക്രട്ടറി,ഇരിട്ടി മുനിസിപ്പാലിറ്റി | കാവിൽ ഹൗസ്,കീഴല്ലൂർ.പി.ഒ |
| കെ.പി.രമേഷ് ബാബു,പ്രൊജക്ട് ഓഫീസർ, | പ്രൊജക്ട് ഓഫീസർ,മട്ടന്നൂർ മുനിസിപ്പാലിറ്റി | ടി.പി.ഹൗസ്<br>മാവിലേരി<br>ചെണ്ടയാട്.പി.ഒ<br>പാനൂർ.670692 |
| ശ്രുതി.ഇ.കെ,ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,മട്ടന്നൂർ മുനിസിപ്പാലിറ്റി | ഇരട്ടകുളങ്ങര,നീലേശ്വരം, ഓമരശ്ശേരിവഴി,കോഴിക്കോട്. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 (തനത് ഫണ്ട്) | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(2)/ തീയതി 23.11.11 | 3 |
| 1997-98(പദ്ധതി വിഹിതം) | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(1)/ തീയതി 23.11.11 | 12 |
| 1998-99 (പദ്ധതി വിഹിതം | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(3)/ തീയതി 23.11.11 | 11 |
| 1998-99 | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(4)/ തീയതി 23.11.11 | 11 |

| | | |
|---|---|---|
| (തനത് ഫണ്ട്) | | |
| 1999-00 (പദ്ധതി വിഹിതം | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(5)/ തീയതി 23.11.11 | 10 |
| 1999-00(തനത് ഫണ്ട്) | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(6)/ തീയതി 23.11.11 | 3 |
| 2000-01 (പദ്ധതി വിഹിതം | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(7)/ തീയതി 23.11.11 | 17 |
| 2000-01 (തനത് ഫണ്ട്) | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(8)/ തീയതി 23.11.11 | 1 |
| 2001-02 (പദ്ധതി വിഹിതം ) | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(9)/ തീയതി 23.11.11 | 10 |
| 2001-02 (തനത്) | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(10)/ തീയതി 23.11.11 | 7 |
| 2002-03 | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(11)/ തീയതി 23.11.11 | 4 |
| 2003-04 | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(12)/ തീയതി 23.11.11 | 7 |
| 2004-05 | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(13)/ തീയതി 23.11.11 | 13 |
| 2005-06 | എൽ.എഫ്./കെ.എൻ.ആർ/ ബി1/1808/11(14)/ തീയതി 23.11.11 | 11 |
| 2006-07 | എൽ.എഫ്./കെ.എൻ.ആർ/ ബി3/490/13/ തീയതി 16.05.13 | 15 |
| 2007-08 | എൽ.എഫ്./കെ.എൻ.ആർ/ ബി3/927/13/ തീയതി 16.05.13 | 25 |
| 2008-09 | എൽ.എഫ്./കെ.എൻ.ആർ/ ബി3/1371/13/ തീയതി 4.01.14 | 29 |
| 2010-11<br>2011-12 | എൽ.എഫ്./കെ.എൻ.ആർ/ ബി3/146/15/ തീയതി 29.07.15 | 47 |
| 2012-13<br>2013-14<br>2014-15 | എൽ.എഫ്./കെ.എൻ.ആർ/ ബി3/2059/16/ തീയതി 29.02.16 | 31 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ/ ബി2/178/17/ തീയതി .10.02.17 | 8 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ/ സി.13/1806/17തീയതി27.11.2017 | 18 |
| 2017-18 | കെ.എസ്.എ.കെ.എൻ.ആർ/ സി.16/126/19 തീയതി .14.03.19 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ./സി.16/1789/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി: 22.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994-ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മട്ടന്നൂർ നഗരസഭയുടെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Mattannur Municipality<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 39828855.51 |
| Cash | Cash | RP-40(a) | 789582.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3187864.00 |
| 130000000 | Rental income from Panchayat Properties | RP-3 | 364370.00 |
| 140000000 | Fees & User Charges | RP-4 | 8899054.00 |
| 150000000 | Sale & Hire Charges | RP-5 | 483353.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 122473659.00 |
| 170000000 | Income from Investments | RP-7 | 2100.00 |
| 171000000 | Interest Earned | RP-8 | 511635.00 |
| 180000000 | Other Income | RP-9 | 178160.00 |
| 430000000 | Stock-in-hand | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 28618465.00 |
| 480000000 | Miscellaneous Expenditure to be written off | RP-44 | 0.0 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 5261050.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 82123925.00 |
| 340000000 | Deposits Received | RP-27 | 21919559.00 |
| 350000000 | Other Liabilities | RP-29 | 6679617.00 |
| 460000000 | Loans, Advances and Deposits | RP-41 | 251605.00 |
| | **Grand total** | | **321572853.51** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 15060872.00 |
| 220000000 | Administrative Expenses | RP-11 | 3977441.00 |
| 230000000 | Operations & Maintenance | RP-12 | 7411500.00 |
| 240000000 | Interest & Finance Charges | RP-13 | 2654707.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 77443544.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 24605496.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 21657331.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4477734.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 673808.00 |
| 350000000 | Other Liabilities | RP-29 | 9272223.00 |
| | **Non Operating** | | |
| 280000000 | Prior Period Item | RP-19 | 767085.00 |
| 311000000 | Earmarked Funds | RP-22 | 1262548.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2827115.00 |
| 330000000 | Secured Loans | RP-25 | 4905164.00 |
| 340000000 | Deposits Received | RP-27 | 882108.00 |
| 350000000 | Other Liabilities | RP-29 | 28873967.00 |
| 410000000 | Fixed Assets | RP-31 | 30491131.00 |
| 412000000 | Capital work in Progress | RP-33 | 11549199.00 |
| 460000000 | Loans, Advances and Deposits | RP-41 | 855666.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 71133065.51 |
| Cash | Cash | RP-40(b) | 791149.00 |
| | **Grand Total** | | **321572853.51** |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റ്

| **Mattannur Municipality<br>INCOME & EXPENDITURE STATEMENT** | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 19824267.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 11070439.00 |
| 140000000 | Fee & User Charges | I-4(b) | 10753299.00 |
| 150000000 | Sale & Hire Charges | I-5(b) | 483353.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 264777700.00 |
| 170000000 | Income from Investments | I-7 | 376493.00 |
| 171000000 | Interest Earned | I-8 | 551634.00 |
| 180000000 | Other Income | I-9 | 192444.00 |
| | **Total Income** | | **308029629.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 36039791.00 |
| 220000000 | Administrative Expenses | I-11(b) | 4666451.00 |
| 230000000 | Operations & Maintenance | I-12(b) | 10047796.00 |
| 240000000 | Interest & Finance Charges | I-13 | 2654815.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 150903300.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 24605496.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14 | 21657331.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4339852.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 673808.00 |
| | **Total Expenditure** | | **255588640.00** |
| | **Gross Surplus/ Deficit of income over Expenditure** | | **52440989.00** |
| 280000000 | Prior Period Item | I-18 | 767085.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **51673904.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| **Mattannur Municipality BALANCE SHEET** | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 141812623.37 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4824903.00 |
| 312000000 | Reserves | B-3 | 191029522.00 |
| | **Total Reserve & Surplus** | | **337667048.37** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 52370682.00 |
| | **Total Grants, Contributions for Specific Purposes** | | **52370682.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 25638084.00 |
| | **Total Loans** | | **25638084.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 58276249.00 |
| 350000000 | Other Liabilities | B-9 | 7193702.74 |
| | **Total Current Liabilities and Provisions** | | **65469951.74** |
| | **TOTAL LIABILITIES** | | **481145766.11** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 345452777.00 |
| 411000000 | Accumulated Depreciation | B-11 | -14916313.00 |
| 412000000 | Capital Work in Progress | B-11 | 41607101.00 |
| | **Total Fixed Assets** | | **372143565.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5730743.00 |
| | **Total Investments** | | **5730743.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 62645.00 |
| 431000000 | Sundry Debtors (Receivables) | B-15 | 14503684.60 |
| 432000000 | Accumulated Provisions Against Debtors | B-21 | -1229846.00 |

| | | | |
|---|---|---|---|
| | (Receivables) | | |
| 450000000 | Cash and Bank Balance | B-17 | 71924214.51 |
| 460000000 | Loans, Advances and Deposits | B-18 | 17938105.00 |
| | **Total Current Assets, Loans and Advances** | | **103198803.11** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 72655.00 |
| | **Total Other Assets** | | **72655.00** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **481145766.11** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

/